പതിനൊന്നാം പദ്ധതി
ജനകീയാസൂത്രണം

# ക്ഷേമകാര്യ
# സ്റ്റാൻഡിംഗ് കമ്മിറ്റിയും
# സേവന കാര്യക്ഷമതയും

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളംകുന്നത്തുകാവ്
തൃശ്ശൂർ - 680 581

*കൈപ്പുസ്തകം*
*മലയാളം*

**ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും**
**സേവന കാര്യക്ഷമതയും**

*ചീഫ് എഡിറ്റർ*
പ്രൊഫ. എൻ. രമാകാന്തൻ
*ഡയറക്ടർ, കില*

*എഡിറ്റർ*
ഡോ. എം. രത്നരാജ്
*അസിസ്റ്റന്റ് പ്രൊഫസർ, കില*

*എഡിറ്റോറിയൽ സഹായം*
കെ. ഗോപാലകൃഷ്ണൻ നായർ

*തയ്യാറാക്കിയവർ*
ശ്രീ. വി.എൽ. ജോസഫ്
ശ്രീ. എം.ജി. കാളിദാസൻ
ശ്രീ. കെ. വിനോദ്കുമാർ
ശ്രീ. കെ.ബി. മദൻമോഹൻ
ശ്രീ. ഒ.ജെ. ജോൺ

*പ്രസാധനം*
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ
അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ്,
തൃശ്ശൂർ - 680 581, കേരളം
ഫോൺ : 0487 - 2201312, 2200244
പരിഷ്കരിച്ച പതിപ്പ്

*Handbook*
*Malayalam*

Kshemakarya Standing Committeeyum
Sevana Karyakshamathayum

*Chief Editor*
Prof. N. Ramakantan
*Director, KILA*

*Editor*
Dr. M. Retna Raj
*Assistant Professor, KILA*

*Editorial Assistance*
K. Gopalakrishnan Nair

*Prepared by*
V.L. Joseph
M.G. Kalidasan
K. Vinod Kumar
K.B. Madan Mohan
O.J. John

*Published by*
Kerala Institute of Local
Administration (KILA)
Mulamkunnathukavu, Thrissur - 680-581,
Kerala www.kilaonline.org
email : mail@kilaonline.org
Phone : 0487 - 2201312, 2200244
May 2009

# ഉള്ളടക്കം

പേജ് നമ്പർ

1. അധികാരവികേന്ദ്രീകരണവും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും .................... 7

2. സേവന-ക്ഷേമ മേഖലയിലെ വികസന കാഴ്ചപ്പാട് .................... 25

3. സേവനഗുണമേന്മ മെച്ചപ്പെടുത്തൽ .................... 39

4. കാര്യക്ഷമമായ സ്ഥാപനതല മാനേജ്മെന്റ് .................... 49

5. ദാരിദ്ര്യലഘൂകരണം .................... 65

6. വിദ്യാഭ്യാസ വികസനം .................... 73

7. ആരോഗ്യം .................... 82

8. പട്ടികജാതി-പട്ടികവർഗ്ഗ വികസനം .................... 92

9. ശിശു വികസനം, സാമൂഹ്യസുരക്ഷ .................... 98

10. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും വനിതാ ക്ഷേമവും .................... 104

11. ക്ഷേമപദ്ധതി ആസൂത്രണവും വിഭവസമാഹരണവും .................... 113

# അവതാരിക

**പ**തിനൊന്നാം പഞ്ചവത്സര പദ്ധതി (2007-12) എല്ലാ ജനവിഭാഗങ്ങളുടേയും, പ്രത്യേകിച്ച് ദരിദ്രവിഭാഗങ്ങളുടെ, ക്ഷേമത്തിന് ഊന്നൽ നൽകുന്നു. പ്രാദേശിക വികസനവും സാമൂഹികനീതിയും ലക്ഷ്യമാക്കി സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ജീവിക്കുന്ന ജനവിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശ്രമങ്ങൾക്ക് മുന്തിയ പരിഗണന നൽകുക എന്നതാണ് പതിനൊന്നാം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ പ്രധാനം.

ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും സുരക്ഷിതത്വത്തോടൊപ്പം സംതൃപ്തമായ സാമൂഹിക്ജീവിതവും സാമ്പത്തിക ഉന്നമനവും ഉറപ്പുവരുത്തുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അതിപ്രധാന പങ്കുവഹിക്കാനുണ്ട്. പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ നൽകപ്പെട്ട വർദ്ധിച്ച വിഭവങ്ങളും അധികാരങ്ങളും ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ പ്രദേശത്തെ ക്ഷേമം ഉറപ്പുവരുത്താനുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കേരളം നൽകിയ ഊന്നലാണ് മാനവ വികസന സൂചികയിൽ നാം മുൻനിരയിലുയരാൻ അവസരമൊരുക്കിയത്. മാനവ വികസന സേവനങ്ങൾ നൽകാൻ ഉത്തരവാദിത്തപ്പെട്ട ആരോഗ്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും സേവന ക്ഷേമപ്രവർത്തനങ്ങളുടേയും നടത്തിപ്പ് ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. അതുകൊണ്ടുതന്നെ മാനവ വികസന മേഖലയിൽ കൈവരി

ക്കാൻ കഴിഞ്ഞ നേട്ടം നിലനിർത്തുന്നതിലും ഇന്ന് നാം നേരിടുന്ന വെല്ലുവിളികൾക്ക് പ്രായോഗികമായ പരിഹാരങ്ങൾ കണ്ടെത്തുന്ന തിലും പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തം വളരെ വലു താണ്.

കൈമാറ്റം ചെയ്യപ്പെട്ട ക്ഷേമ,സേവന പ്രവർത്തനങ്ങളുടെ ആസൂ ത്രണ,നിർവഹണ ചുമതലകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കാ ണ്. അതുകൊണ്ടുതന്നെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കാര്യക്ഷമത ഏറെ പ്രാധാന്യമർഹിക്കുന്നു. സാമൂഹികക്ഷേമ മേഖല യിലെ ആസൂത്രണ ഗുണമേന്മ ഗണ്യമായി ഉറപ്പുവരുത്തേണ്ടതുണ്ട്. ക്ഷേമപദ്ധതികൾ ചിട്ടയോടെ ആവിഷ്ക്കരിക്കാനും നിർവഹിക്കാനും വർക്കിംഗ് ഗ്രൂപ്പുകളെ സജ്ജമാക്കേണ്ടതായിട്ടുണ്ട്. പ്രാദേശികമായി ലഭ്യമായ വിദഗ്ദ്ധരേയും സന്നദ്ധപ്രവർത്തകരേയും സാമൂഹിക സന്നദ്ധ സംഘടനകളേയും വികസന കൂട്ടായ്മയുടെ ഭാഗമാക്കിയാലേ ക്ഷേമപദ്ധതി ഫലവത്താകൂ. ഇതിന് മുൻകൈ എടുക്കേണ്ടതും ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. ഈ വസ്തുതകളുടെ അടിസ്ഥാ നത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമ മാക്കുക എന്ന ലക്ഷ്യത്തോടെ 'കില' സംഘടിപ്പിക്കുന്ന പരിശീലന ത്തിന്റെ ഭാഗമായാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഇതിന് മുൻകൈ എടുത്ത കിലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. രത്നരാജിനേയും മറ്റ് സഹപ്രവർത്തകരേയും അഭിനന്ദിക്കുന്നു.

**പ്രൊഫ. എൻ. രമാകാന്തൻ**
ഡയറക്ടർ

# 1

# അധികാരവികേന്ദ്രീകരണവും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും

**എ**ഴുപത്തിമൂന്ന്, എഴുപത്തിനാല് ഭരണഘടനാഭേദഗതികളുടെ അന്ത:സത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച അപൂർവ്വം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അധികാരം, വിഭവം എന്നിവയ്ക്കൊപ്പം പ്രാദേശിക തലത്തിലുളള വികസന സ്ഥാപനങ്ങളേയും അവയിലെ ഉദ്യോഗസ്ഥരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും അതോടൊപ്പം വിവിധ വകുപ്പുകളുടെ കീഴിലുള്ള ഭൂരിഭാഗം വികസന ക്ഷേമ പരിപാടി കളും ഈ സ്ഥാപനങ്ങളെ ഏല്പിക്കുകയും ചെയ്ത സംസ്ഥാനം എന്ന പദവിയും കേരളത്തിന് കരഗതമായി. ഇന്ന് സംസ്ഥാന സർക്കാർ കൈകാര്യം ചെയ്യുന്ന ഫണ്ടിന് ഏറെക്കുറെ തുല്യമായ തുക ത്രിതല പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും കൂടി കൈകാര്യം ചെയ്യുന്നുണ്ട്. സാമൂഹികനീതിയും സാമ്പത്തിക വിക സനവും ക്ഷേമവും സാധ്യമാക്കുക എന്ന സുപ്രധാന ചുമതലയും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകപ്പെട്ടിട്ടുണ്ട്.

**പഞ്ചായത്തീരാജിന്റെ അടിസ്ഥാന തത്ത്വങ്ങൾ**

ഗ്രാമസ്വരാജ് സങ്കല്പത്തിൽ മഹാത്മാഗാന്ധി മുന്നോട്ടുവച്ച കാഴ്ചപ്പാടിന് അനുഗുണമായുള്ളതാണ് പഞ്ചായത്തീരാജിന്റെ അടി

സ്ഥാനതത്വം. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിലുള്ള സ്വയംപര്യാപ്തതയാണ് ഗ്രാമസ്വരാജിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. പ്രാദേശിക സ്വയംഭരണ വ്യവസ്ഥ എന്നതാണ് ഇന്നത്തെ പഞ്ചായത്തീരാജിന്റെ കാഴ്ചപ്പാട്. 73-ാം ഭരണഘടനാ ഭേദഗതിയുടെ ചരിത്രപരമായ പ്രാധാന്യം, അത് പഞ്ചായത്തീരാജിന്റെ ദർശനവും കാഴ്ചപ്പാടും ഉൾക്കൊള്ളുന്നു എന്നതാണ്.

ഇക്കാര്യത്തിൽ അഭിമാനകരമായ നിലപാടെടുക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. 27 അനിവാര്യ ചുമതലകൾ, 14 പൊതു ചുമതലകൾ എന്നിവയ്ക്കൊപ്പം 19 വിഷയങ്ങളിലായി 76 ചുമതലകൾ ഗ്രാമ പഞ്ചായത്തുകൾക്കും 14 വിഷയങ്ങളിലായി 28 ചുമതലകൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും 16 വിഷയങ്ങളിലായി 65 ചുമതലകൾ ജില്ലാ പഞ്ചായത്തുകൾക്കും നൽകാൻ നമ്മുടെ സംസ്ഥാനം തയ്യാറായി. നൽകിയ ചുമതലകളിലെ വ്യക്തതയും അവ കൈയാളുന്നതിനായി നൽകിയ സംവിധാനങ്ങളുമൊക്കെ പരിഗണിക്കുമ്പോൾ, ഇക്കാര്യത്തിൽ മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുന്നിലാണ് കേരളമെന്ന കാര്യത്തിൽ സംശയമില്ല. പദ്ധതി വിഹിതത്തിന്റേയും മറ്റു സാമ്പത്തിക സ്രോതസ്സുകളുടേയും വികേന്ദ്രീകരണത്തിലൂടെ സാമ്പത്തിക രംഗത്തു നടപ്പാക്കിയ അധികാര വികേന്ദ്രീകരണം കൂടി പരിഗണിക്കുമ്പോൾ, കേരളത്തിലെ അധികാരവികേന്ദ്രീകരണം ഏറ്റവും ശ്രദ്ധേയമായ ഇന്ത്യൻ മാതൃകയായിത്തീരുന്നു. എന്നാൽ, നൽകിയ അധികാരങ്ങളും ധനവിഭവങ്ങളും അവയുടെ പ്രയോഗവും കേരളത്തിലെ പഞ്ചായത്തുകളെ സ്വയംഭരണസ്ഥാപനങ്ങളാക്കി മാറ്റിക്കഴിഞ്ഞുവോ, അല്ലെങ്കിൽ ആ ദിശയിലേക്ക് എത്രത്തോളം നീങ്ങാൻ കഴിഞ്ഞിട്ടുണ്ട് എന്നൊരു പരിശോധന തീർച്ചയായും പ്രസക്തമാണ്.

അധികാരവികേന്ദ്രീകരണത്തിന്റെ ഫലമായുണ്ടായ ഭരണ-വികസന പ്രവർത്തനങ്ങളുടെ നേട്ടം സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ലഭിക്കണമെങ്കിൽ താഴെ പറയുന്ന മൂല്യങ്ങളും അടിസ്ഥാന പ്രമാണങ്ങളും പാലിക്കപ്പെടണം.

**ദരിദ്രപക്ഷപാതിത്വം :** ഗ്രാമീണജനതയുടെ ഭരണകൂടമെന്ന നിലയിൽ പഞ്ചായത്തുകൾ അതാതു പ്രദേശത്തെ ദരിദ്രജനവിഭാഗങ്ങളുടെ ആവശ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. ഇന്ത്യയിലെ ഗ്രാമീണജനതയുടെ ഭൂരിഭാഗവും ദരിദ്രകർഷകത്തൊഴിലാളികളും മറ്റു മേഖലകളിലെ തൊഴിലാളികളുമാണ്. അതുകൊണ്ട്, ജനാധിപത്യവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കുമ്പോൾ സ്വാഭാവികമായും ഈ ബഹുഭൂരിപക്ഷത്തിനനുകൂലമായ തീരുമാനമാണ് ഉണ്ടാകേണ്ടത്. ഇതുസംബന്ധിച്ച ഗാന്ധിജിയുടെ നിലപാട് വളരെ പ്രസിദ്ധമാണ്. അദ്ദേഹം ഭരണകർത്താക്കളോട് നിർദ്ദേശിക്കുന്നു: നിങ്ങൾക്ക് ശരിയായ തീരുമാനമെടുക്കുന്നതിൽ എന്തെങ്കിലും പ്രയാസം നേരിടുമ്പോൾ, നിങ്ങൾക്കു പരിചയമുള്ള ഏറ്റവും ദരിദ്രനും അശരണനുമായ വ്യക്തിയെ, നിങ്ങളുടെ തീരുമാനം എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കുക. അയാൾക്ക് സഹായകരമായ തീരുമാനമെടുക്കുക. എങ്കിൽ നിങ്ങളുടെ തീരുമാനം ഒരിക്കലും തെറ്റാവില്ല.

**ജനപങ്കാളിത്തം** : തദ്ദേശഭരണസ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത, അവയുടെ ജനബന്ധമാണ്. അവയിൽ തന്നെ, ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് ജനബന്ധം ഏറ്റവും കൂടുതലുള്ളത്. ജനങ്ങളോട് ഏറ്റവും കൂടുതൽ സാമീപ്യമുള്ള ഭരണകൂടമെന്ന നിലയിൽ വികസന ചർച്ചയിലും പരിഹാരങ്ങൾ രൂപപ്പെടുത്തുന്നതിലും അതിനായുള്ള പദ്ധതികൾ നിർവഹിക്കുന്നതിലുമൊക്കെ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ബാധ്യത പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമുണ്ട്.

പ്രാദേശിക ഭരണത്തെക്കുറിച്ചുള്ള തീരുമാനങ്ങളെടുക്കുന്നതിലെ ഉയർന്ന പങ്കാളിത്തമാണ് താഴേ തലത്തിൽ ഏറ്റവും പ്രധാനമായി കാണേണ്ടത്. ഈ പങ്കാളിത്തമുണ്ടാക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഉപാധിയാണ് ഗ്രാമസഭകളും വാർഡ്സഭകളും. അവിടെ നടക്കുന്ന ചർച്ചകളിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ ഉയർന്നു വരണം. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ശരിയായ തീരുമാനങ്ങളെടുക്കാൻ കഴിയണം.

**സുതാര്യത :** ജനങ്ങളുടെ വിശ്വാസത്യ ആർജിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനങ്ങളിൽ ആവശ്യം ഉറപ്പുവരുത്തേണ്ട ഒന്നാണ് വർദ്ധിച്ച സുതാര്യത. തങ്ങൾക്കേറ്റവുമടുത്തുള്ള അധികാരസ്ഥാപനമെന്ന നിലയിൽ, തങ്ങളുടെ പ്രതിനിധികൾക്ക് പങ്കാളിത്തമുള്ള ഭരണകൂടം എന്നീനിലകളിൽ, ജനങ്ങൾക്ക് ചോദ്യം ചെയ്യാനും നേരിട്ട് പരിശോധിക്കാനും തിരുത്താനുമൊക്കെയുള്ള സാദ്ധ്യതകൾ ഇവിടെ വളരെയേറെയാണ്.

കേരളത്തിലെ പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ 1999-ൽ കൊണ്ടുവന്ന ഭേദഗതികളിൽ വളരെ പ്രധാനപ്പെട്ടവയാണ് അറിയാനുള്ള അവകാശത്തെക്കുറിച്ചും പൗരാവകാശങ്ങളെക്കുറിച്ചുമുള്ള (ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ) അദ്ധ്യായങ്ങൾ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യത വർദ്ധിപ്പിക്കുന്നതിനുള്ള സുപ്രധാനമായൊരു നടപടിയായിരുന്നു ഇത്. ഇന്നിപ്പോൾ, ദേശീയതലത്തിൽ തന്നെ, അറിയാനുള്ള അവകാശം നിയമത്തിലൂടെ നിലവിൽ വന്നിരിക്കുന്നു. എന്നാൽ പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിലെ അറിയാനുള്ള അവകാശം സംബന്ധിച്ച വ്യവസ്ഥകൾ ജനങ്ങൾ എത്രമാത്രം പ്രയോജനപ്പെടുത്തുന്നുണ്ട് എന്നൊരു പരിശോധനയുടെ ഫലം വളരെ പ്രോത്സാഹനജനകമാവുമെന്നു തോന്നുന്നില്ല.

**ജനാധിപത്യക്രമം:** രാജ്യത്തെ വികേന്ദ്രീകൃത ജനാധിപത്യ ഭരണക്രമത്തിലെ അടിസ്ഥാനഘടകമാണ് ഗ്രാമസഭകളും വാർഡ്സഭകളും. മറ്റെല്ലാ ജനാധിപത്യ സ്ഥാപനങ്ങളും ഈ അടിത്തറയുടെമേലെയാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ, ഗ്രാമസഭകളിലെ ജനാധിപത്യപരമായ നടപടിക്രമങ്ങൾ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിന് ശക്തി പകരുക തന്നെ ചെയ്യും. അധികാരത്തെ വീണ്ടും വീണ്ടും താഴേയ്ക്കു കൊണ്ടുപോവുക എന്ന, അധികാര വികേന്ദ്രീകരണത്തിലെ കേന്ദ്ര ആശയവും ജനാധിപത്യക്രമത്തെ ശക്തിപ്പെടുത്തുന്ന ഘടകമാണ്. ഇപ്പോൾ പഞ്ചായത്തുവരെ എത്തിനിൽക്കുന്ന അധികാരങ്ങളിൽ എന്തൊക്കെ

ഗ്രാമസഭകളിലേയ്ക്കു കൈമാറണമെന്നും അവയിൽ ഏതൊക്കെ അയൽക്കൂട്ടങ്ങൾക്ക് കൈമാറണമെന്നും നാം ചിന്തിച്ചു തുടങ്ങേണ്ടി യിരിക്കുന്നു.

**സ്ത്രീനീതി:** ജനാധിപത്യത്തിന്റെ ചരിത്രത്തിലുടനീളം അവഗണിക്കപ്പെട്ട വിഭാഗമാണ് സ്ത്രീകൾ. ഇന്നും പല ലോകരാജ്യങ്ങളിലും വനിതകൾക്ക് അർഹമായ വോട്ടവകാശം നൽകിയിട്ടില്ല. ഇന്ത്യയിൽ സ്ത്രീകൾക്ക്, തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ സ്ഥാനങ്ങളിലും മൂന്നിലൊന്ന് പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന ഭരണഘടനാ വ്യവസ്ഥ ഈ സാഹചര്യത്തിലാണ് പ്രധാനമാകുന്നത്. എന്നാൽ, പദവികളിലെ സംവരണം കൊണ്ടുമാത്രമായില്ല പ്രാതി നിധ്യം വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്നതിനുള്ള ശ്രമങ്ങളും ആവശ്യമാണ്.

വനിതാഘടകപദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണ ത്തിലും വേണ്ടത്ര പുരോഗതിയുണ്ടായിട്ടില്ല എന്ന വിമർശനം അർഹമായ ഗൗരവത്തോടെ നാം കാണേണ്ടതുണ്ട്. ഗ്രാമസഭകളിലെ വനിതാ പങ്കാളിത്തത്തിൽ വൻവർദ്ധനവുണ്ടായിട്ടും പൊതുവിൽ സ്ത്രീകൾക്ക് നീതി ലഭിക്കുന്നില്ല എന്ന സ്ഥിതി ആശങ്കാജനകമാണ്. സ്ത്രീ പദവി പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**സാമൂഹിക നീതി:** സാമൂഹിക നീതി പ്രാവർത്തികമാക്കുന്നതിന് ഏറ്റവും സാധ്യതയുള്ള തലമാണ് തദ്ദേശഭരണസ്ഥാപനങ്ങൾ. ഓരോ പൗരന്റേയും സാമൂഹിക അവസ്ഥ, സാമ്പത്തിക പദവി ഇവയൊക്കെ ഏറ്റവും നന്നായി മനസ്സിലാക്കാൻ കഴിയുന്നത് പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്കാണ്. അതുകൊണ്ടുതന്നെ, സമൂഹത്തിന്റെ പൊതുവായ ഏതു നേട്ടങ്ങളുടേയും പുനർവിതരണത്തിൽ, വസ്തുനിഷ്ഠമായ തീരുമാനങ്ങളെടുക്കാൻ അവയ്ക്കു കഴിയും. അതാകട്ടെ, ഏറ്റവും സുതാര്യമായ രീതിയിൽ ചെയ്യാനുള്ള സാധ്യതയും പഞ്ചായത്തുകളിലുണ്ട്.

**പൗരബോധം:** ജനാധിപത്യത്തിലെ ഏറ്റവും അടിസ്ഥാന ഘടകമെന്ന നിലയിൽ ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഏറ്റവും വില പ്പെട്ട സമ്പത്തായ പൗരൻമാരെ, നല്ല പൗരബോധമുള്ളവരാക്കി വളർത്തിയെടുക്കാൻ പഞ്ചായത്തുതലത്തിലെ ദൈനംദിന പ്രവർത്തനങ്ങളിലൂടെ കഴിയേണ്ടതാണ്. സുസ്ഥിര വികസനം, പരിസ്ഥിതിസംരക്ഷണം, ശരിയായ വിഭവവിനിയോഗം, സാമൂഹികനീതി, സഹിഷ്ണുത, വസ്തുനിഷ്ഠത, ദരിദ്രപക്ഷ പാതിത്വം എന്നിങ്ങനെ, ഒരു നല്ല പൗരനുണ്ടാകേണ്ട ഗുണവിശേഷണ ങ്ങളൊക്കെ വളർത്തിയെടുക്കണം. അതിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങളെ മെച്ചപ്പെട്ട സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ തങ്ങൾക്കു ലഭിച്ച സന്ദർഭം ഓരോ ജന പ്രതിനിധിയും ശ്രദ്ധാപൂർവ്വം പ്രയോജനപ്പെടുത്തേണ്ടതാണ്.

**ക്ഷേമരാജ്യം**

രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും സുരക്ഷിതത്വത്തോടൊപ്പം സംതൃപ്തമായ സാമൂഹിക ജീവിതവും സാമ്പത്തിക ഉന്നമനവും ഉറ പ്പുവരുത്തുന്നതിൽ രാഷ്ട്രം അതിപ്രധാന പങ്കുവഹിക്കുന്ന സമീപ നമാണ് ക്ഷേമരാഷ്ട്ര സങ്കൽപ്പം. ഇത് പ്രാവർത്തികമാക്കുന്നതിന് താഴെപ്പറയുന്ന പ്രമാണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

- അവസരസമത്വം ഉറപ്പുവരുത്തുക
- സ്വത്തിനുള്ള സമത്വാവകാശം സംരക്ഷിക്കുക
- പിന്നാക്കം പോകുന്നവർക്ക് പൊതു സേവനം ലഭ്യമാണെന്ന് ഉറ പ്പാക്കുക
- സന്തുഷ്ട ജീവിതം നയിക്കുന്നതിനുള്ള മിനിമം സൗകര്യമെങ്കിലും ഉറപ്പുവരുത്തുക
- സാമൂഹികക്ഷേമം ഉറപ്പുവരുത്തുക
- വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം എന്നിവ എല്ലാവർക്കും ഉറ പ്പാക്കുക

- ദാരിദ്ര്യനിർമാർജനവും ഭക്ഷ്യസുരക്ഷയും കൈവരിക്കുക
- പൊതു സേവനങ്ങളുടെ കുറഞ്ഞ നിലവാരം നിശ്ചയിക്കുക, ഉറപ്പുവരുത്തുക

## ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പഞ്ചായത്ത് ഭരണ സംവിധാനവും

പ്രാദേശികഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനായി സെൻ കമ്മിറ്റി നിർദ്ദേശിച്ച നിയമഭേദഗതികളിൽ മുഖ്യമായ ഒന്ന് സ്റ്റാൻഡിംഗ് കമ്മിറ്റികളുമായി ബന്ധപ്പെട്ടതാണ്. അധികാരവികേന്ദ്രീകരണം ഫല പ്രദമാക്കുന്നതിന് പഞ്ചായത്ത് ഭരണസംവിധാനത്തിന്റെ ഘടനയിൽ സുപ്രധാനമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നും ഇതിന്റെ ഭാഗമായി സ്റ്റാൻഡിംഗ് കമ്മിറ്റികൾ ശക്തിപ്പെടുത്തണമെന്നും സെൻ കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി.

അധികാരവികേന്ദ്രീകരണത്തിന്റേയും പങ്കാളിത്ത ജനാധിപത്യത്തി ന്റേയും മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് പ്രാദേശിക ഭരണ സ്ഥാപ നങ്ങളെ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയെന്ന ചുമത ലയാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടത്. തദ്ദേശഭരണ സ്ഥാപന ഓഫീസിനേയും കൈമാറികിട്ടിയ വിവിധ വകുപ്പുകളിലെ സ്ഥാപനങ്ങളേയും ജനക്ഷേമകരമാക്കി മാറ്റുന്നതിൽ നേതൃത്വപരമായ പങ്ക് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വഹിക്കേണ്ടതായിട്ടുണ്ട്.

## മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും തീരുമാനങ്ങൾക്കുമുള്ള സഹായ സംവിധാനം

ശരിയായ വികസന തീരുമാനങ്ങൾ എടുക്കുന്നതിനും പ്രാദേ ശിക ഭരണം കാര്യക്ഷമമാക്കുന്നതിനും അവ യഥാസമയം നടപ്പാ ക്കുന്നതിനുമുള്ള സഹായ സംവിധാനമാണ് സ്റ്റാൻഡിംഗ് കമ്മറ്റികൾ. ഭരണ സമിതിയുടെ അംഗീകാരത്തിനു വിധേയമായി മാത്രമേ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഏതൊരു തീരുമാനവും പ്രാബല്യത്തിൽ വരികയുള്ളൂ. ഗൗരവമായ ആലോചനയോടെ ശരിയായ തീരുമാന ങ്ങൾ എടുക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക എന്ന ഉത്ത രവാദിത്തം സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. അതുകൊ

ണ്ടുതന്നെ എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണസമിതി യോഗത്തിനുമുമ്പായി യോഗം ചേർന്ന് ഭരണസമിതി യോഗത്തിൽ തീരുമാനം എടുക്കേണ്ട കാര്യങ്ങൾ മുൻകൂട്ടി തീരുമാനിക്കുകയും ഭരണസമിതി യോഗത്തിന്റെ അജണ്ടയായി അവ കൊണ്ടുവരികയും ചെയ്യണം. കൈമാറിക്കിട്ടിയ ഉദ്യോഗസ്ഥരെ കൂടി സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുപ്പിക്കുകവഴി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യമായ സാങ്കേതിക ഉപദേശം ലഭിക്കുന്നതിനും മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനും കഴിയുന്നു.

### തീരുമാനങ്ങളിന്മേലുള്ള തുടർ നടപടികൾ വേഗത്തിലാകുന്നു

ഭരണ സമിതി തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നതിനും സ്റ്റാൻഡിംഗ് കമ്മിറ്റി സംവിധാനം സഹായകമാണ്. ഭരണസമിതി യോഗത്തിനുശേഷം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരെകൂടി പങ്കെടുപ്പിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ചേരാവുന്നതാണ്. ഈ യോഗങ്ങളിൽ ഭരണസമിതി യോഗത്തിന്റെ തീരുമാനം റിപ്പോർട്ട് ചെയ്യുകയും തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഓരോ വിഷയമേഖലയിലേയും ഉദ്യോഗസ്ഥരുടെ പങ്ക്, നിർവഹണരീതി എന്നിവ എന്തെല്ലാം എന്നും അവ എങ്ങനെ നിർവ്വഹിക്കുമെന്നും തീരുമാനിക്കുകയും ചെയ്യണം. ഭരണസമിതി തീരുമാനങ്ങളിൻമേലുള്ള നടപടികളുടെ വിശദാംശങ്ങൾ ചർച്ച ചെയ്ത്, തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഭരണ സമിതി അംഗങ്ങളുടെ സഹായങ്ങൾ എങ്ങനെ ലഭ്യമാക്കാം എന്നും ഈ യോഗത്തിൽ വെച്ച് തീരുമാനിക്കാം.

### പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പങ്ക്

പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് വർദ്ധിച്ച വിഭവങ്ങളും അധികാരങ്ങളും വന്നുചേർന്നിട്ടുണ്ട്. അവ ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ നാടിന്റെ ദ്രുതഗതിയിലുള്ള വികസനം ഉറപ്പുവരുത്താനുള്ള വിപുലമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഭരണ സമിതിയെ സഹായിക്കുന്നതിനുള്ള സംവിധാന

മാണ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ. ഭരണസമിതിയിൽ ശരിയായ തീരുമാനമെടുക്കാൻ സഹായിക്കുംവിധം ആവശ്യമായ വിവരങ്ങൾ ശേഖരിച്ച്, വിശദാംശങ്ങൾ പരിശോധിച്ച് ചർച്ച ചെയ്ത് ഓരോ വിഷയത്തിലും തീരുമാനമെടുത്ത് അവ അടുത്ത ഭരണസമിതിയുടെ പരിഗണനയ്ക്ക് വെയ്ക്കേണ്ട ചുമതല സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കുണ്ട്. ഭരണ സമിതി എടുത്ത തീരുമാനങ്ങൾ നടപ്പാക്കുമ്പോൾ നിശ്ചിത പരിധിക്കകത്തുള്ള നിർവ്വഹണ ചുമതലയും സ്റ്റാൻഡിംഗ് കമ്മറ്റികൾക്കുണ്ട്. ചുരുക്കത്തിൽ, ശരിയായ തീരുമാനങ്ങളെടുക്കാനും എടുത്ത തീരുമാനങ്ങൾ കാര്യക്ഷമമായി നിറവേറ്റാനും ഭരണസമിതിയെ സഹായിക്കുന്നതിനുള്ള ഉപസമിതികളായാണ് സ്റ്റാൻഡിംഗ് കമ്മറ്റികളെ സെൻകമ്മിറ്റി വിഭാവനം ചെയ്തിരിക്കുന്നത്.

### ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ

പഞ്ചായത്തീരാജ് ആക്ടിലെ 162 എ വകുപ്പിൽ പറയുന്ന ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകളും ആക്ടിലെ 3-ാം പട്ടികയിൽ പറയുന്ന മേഖലാ ചുമതലകളും പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന വിഷയങ്ങൾ താഴെ പറയുന്നു.

## I. വിദ്യാഭ്യാസം (പഞ്ചായത്തീരാജ് ആക്ട് പ്രകാരമുള്ള ചുമതലകൾ)

1. സർക്കാർ പ്രീ പ്രൈമറി, പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ്
2. സാക്ഷരതാ - കമ്പ്യൂട്ടർ സാക്ഷരതാ പരിപാടികൾ നടപ്പാക്കൽ
3. വായനാശാലകളുടേയും ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോത്സാഹനവും
4. മിതവ്യയം ശീലിക്കുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കൽ
5. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളേയും കുട്ടികളേയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ ബോധവത്ക്കരണം നടത്തൽ

6. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമ ബോധവത്ക്കരണം സംഘടിപ്പിക്കൽ

## II. ആരോഗ്യം

1. ഡിസ്പൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്ര ങ്ങളും (എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക
2. കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുക
3. മാതൃ - ശിശുക്ഷേമ കേന്ദ്രങ്ങൾ നടത്തുക
4. രോഗപ്രതിരോധ നടപടികൾ സംഘടിപ്പിക്കുക
5. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക
6. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക
7. ഭക്ഷണശാലകളെ നിയന്ത്രിക്കുക
8. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക
9. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക
10. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതല ത്തിലും സംസ്ഥാനതലത്തിലും രൂപം നൽകിയ തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക

## III. സാമൂഹികക്ഷേമം - വിവിധ സേവനങ്ങളുടെ ഏകോപനം

1. അംഗൻവാടികൾ നടത്തുക
2. അഗതി - വിധവ - വികലാംഗ - കർഷക തൊഴിലാളി പെൻഷനു കൾ അനുവദിക്കുക, വിതരണം ചെയ്യുക
3. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനു വദിക്കുക
4. ദരിദ്ര വിഭാഗങ്ങൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക

## IV. ദാരിദ്ര്യ ലഘൂകരണം

1. ദരിദ്രരെ കണ്ടെത്തുക
2. പാവപ്പെട്ടവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയംതൊഴിൽ ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികൾ നടപ്പാക്കുക

3. പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്ക തരത്തിൽ സാമൂഹിക ആസ്തികൾ ഉണ്ടാക്കുക
4. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബ സർവ്വേ - കുട്ടികൾ/വികലാംഗർ/വൃദ്ധർ എന്നിവരുടെ പട്ടിക തയ്യാറാക്കുക

## V. പൊതുവിതരണ സമ്പ്രദായം

1. പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധിക്കുകയും നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുകയും ചെയ്യുക
2. അളവ് - തൂക്കങ്ങൾ സംബന്ധിച്ച കുറ്റങ്ങൾക്കെതിരായി പ്രചാരണം സംഘടിപ്പിക്കുക
3. റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ എന്നിവയുടെയും മറ്റ് പൊതുവിതരണ സംവിധാനങ്ങളുടേയും പൊതുവായ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നിർവ്വഹിക്കുക, ആവശ്യമെങ്കിൽ പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക

## VI. പട്ടികജാതി - പട്ടികവർഗ്ഗ വികസനം

1. എസ്.സി.പി, ടി.എസ്.പി എന്നിവയുടെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക
2. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്കു വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക
3. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
4. പട്ടികജാതി - പട്ടികവർഗ്ഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം ലഭ്യമാക്കുക

## VII. വനിതകൾ, ശിശുക്കൾ, വൃദ്ധജനങ്ങൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമം

1. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവത്ക്കരണങ്ങളും രൂപീകരിക്കൽ

മേൽപ്പറഞ്ഞ ചുമതലകൾ ഫലവത്തായി കൈകാര്യം ചെയ്യുന്നതിന് ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങളാണ് മുഖ്യമായും നിർവ്വഹിക്കേണ്ടി വരുന്നത്.

1. മേൽപറഞ്ഞ വിഷയങ്ങളിൽ പഞ്ചായത്ത് തീരുമാനമെടുക്കേണ്ട എല്ലാ സംഗതികളും ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്തി തീരുമാനമെടുക്കുകയും ആ തീരുമാനങ്ങൾ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങളായി മാറ്റുകയും ചെയ്യുക.
2. മേൽപറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവഹണം കൃത്യമായി നടക്കുന്നതിനുവേണ്ടി യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, പ്രവർത്തി സ്ഥലം സന്ദർശിക്കുക. എല്ലാ വിഷയമേഖലകളിലും വരുന്ന എസ്.ടി/എസ്.സി. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുക.
3. എല്ലാ തരത്തിലുമുള്ള പെൻഷനുകൾ, സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള സഹായങ്ങൾ എന്നിവയ്ക്കു ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം തീരുമാനം എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക
4. വിവിധ ക്ഷേമകാര്യങ്ങളിൽ തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ഉറപ്പുവരുത്തുക.
5. കഴിയുന്നതും എല്ലാ മാസവും എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രവർത്തന അവലോകന യോഗം നടത്തുക.
6. പെൻഷനുകൾക്കും മറ്റ് ധനസഹായത്തിനും ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് പരിഗണിച്ച് തീരുമാനം എടുക്കുക. ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക
7. കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പൊതുജനാരോഗ്യം മുൻനിർത്തി വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ

ശേഖരിക്കുകയും ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം കൊടുക്കുകയും വിഭവസമാഹരണം ഉറപ്പാക്കുകയും ചെയ്യുക

8. ചുമതലയിൽപ്പെട്ട എല്ലാ വിഷയമേഖലകളിലേയും പ്രവർത്തനങ്ങളുടെ/പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുക, തെറ്റുതിരുത്തൽ ഉറപ്പാക്കുക.

9. ക്ഷേമകാര്യ സ്ഥാപന - സേവന വിഭാഗത്തിന്റെ ഏകോപനവും ഉദ്ഗ്രഥനവും സാധ്യമാക്കുക

10. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വിഷയചുമതലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളേയും അതിലെ ഉദ്യോഗസ്ഥരേയും ഫലവത്തായ രീതിയിൽ നയിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

**ചുമതലാ നിർവ്വഹണം എങ്ങനെ?**

ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിക്കും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച വിശദമായ ചർച്ചകൾ നടത്തി, എടുക്കേണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ യുക്തി എന്തെന്നും ഭരണസമിതിയിൽ അവതരിപ്പിച്ച് ഏറ്റവും ഉചിതവും യുക്തി ഭദ്രവുമായ തീരുമാനം വളരെ വേഗത്തിൽ എടുക്കുന്നതിന് ഭരണസമിതിയെ സഹായിക്കലാണ് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മുഖ്യ ചുമതല. അതനുസരിച്ച് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അതാത് മേഖലകളിൽ ചെയ്യാവുന്ന കാര്യങ്ങൾ ഉദാഹരണങ്ങളായി താഴെ കൊടുക്കുന്നു.

***1. പട്ടികജാതി പട്ടികവർഗ്ഗ വികസനം*** - പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയുടെ രൂപീകരണം മുതൽ നടത്തിപ്പ് വരെയുള്ള കാര്യങ്ങൾ, എസ്.സി.പി., ടി.എസ്.പി. കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യൽ, പശ്ചാത്തല മേഖലയിലെ പ്രോജക്ടുകൾക്കാവശ്യമായ സോഷ്യൽ മാപ്പ് തയ്യാറാക്കൽ, കോളനികളുടെ വികസന പ്രവർത്തനഘടകങ്ങൾ കണ്ടെത്തൽ,

ദാരിദ്ര്യ ലഘൂകരണ ക്ഷേമസുരക്ഷാ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഫലപ്രദമാക്കൽ.

### *2. സ്ത്രീകളുടേയും കുട്ടികളുടേയും വികസനം, സാമൂഹികക്ഷേമം*

വനിതാ ഘടകപദ്ധതി തയ്യാറാക്കലും നിർവ്വഹണവും മോണിറ്റർ ചെയ്യലും വനിതാ ഘടകപദ്ധതിയിലെ പ്രോജക്ടുകളുടെ നേട്ടങ്ങൾ നേരിട്ട് വനിതകൾക്കു തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തൽ, സ്ത്രീ പദവി പഠനം സംഘടിപ്പിക്കൽ, ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിപ്പിക്കൽ, വൃദ്ധർ-വികലാംഗർ-ശിശുക്കൾ എന്നിവർക്കായി മാറ്റിവെച്ചിട്ടുള്ള തുക വിനിയോഗിച്ചുള്ള പ്രോജക്ടുകളുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തൽ, ഈ വിഭാഗങ്ങൾക്കായി പ്രത്യേക സൗകര്യങ്ങൾ പൊതുസ്ഥലങ്ങളിലും ഓഫീസുകളിലും ഏർപ്പെടുത്തൽ, അങ്കണവാടികളുടെ പ്രവർത്തനംപഠിച്ച് ആവശ്യമായ പശ്ചാത്തല സൗകര്യവും പരിശീലനവും നൽകി പ്രവർത്തനം കാര്യക്ഷമമാക്കൽ, വനിതാ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കൽ, അവയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വേണ്ട പരിശീലനവും പിന്തുണാ സംവിധാനങ്ങളും എന്നിവ ഉറപ്പാക്കൽ, കുടുംബശ്രീ സംവിധാനവുമായി ബന്ധപ്പെടുത്തി സി.ഡി.എസ്, എ.ഡി.എസ്. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, വിവിധ സാമൂഹികക്ഷേമ പെൻഷനുകൾക്ക് അർഹതയുള്ള എല്ലാവരേയും കണ്ടെത്തി ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തൽ.

### *3. വിദ്യാഭ്യാസം*

ജനപ്രതിനിധികൾ, അദ്ധ്യാപകർ, പി. ടി. എ. പ്രസിഡണ്ടന്റുമാർ, വിദ്യാഭ്യാസ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെടുന്ന പഞ്ചായത്ത്തല വിദ്യാഭ്യാസ സമിതി രൂപീകരിക്കുക. വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകൾ വഴി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക, കൈമാറ്റം ചെയ്യപ്പെട്ട സ്കൂളുക

ളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക, പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാര ബോധനം സംഘടിപ്പിക്കുക എന്നിവ വഴി ഗുണനിലവാരം നിശ്ചിത നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുക.

***4. പൊതുജനാരോഗ്യം***

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, നിശ്ചിത ഇടവേളകളിൽ ചേരുന്ന സ്ഥാപനതല യോഗത്തിൽ വെച്ച് ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുക, ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുക, അവരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുക, പി.എച്ച്.സി. യുടെ നേതൃത്വത്തിൽ കുടുംബശ്രീയുമായി ചേർന്ന് ആരോഗ്യ സ്ക്വാഡുകൾ രൂപീകരിച്ച് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിക്കുക. രോഗ പരിശോധനാ ക്യാമ്പുകൾ, കൗൺസിലിംഗ് എന്നിവ സംഘടിപ്പിക്കാൻ നേതൃത്വം നൽകുക. നീതി നിഷേധിക്കപ്പെട്ടവർക്ക് അവസരവും സമത്വവും തുല്യതയും പ്രദാനം ചെയ്യുക.

**സാമൂഹിക ക്ഷേമ രംഗത്ത് വേണ്ട ഊന്നലുകൾ**

സാമൂഹികനീതി ഉറപ്പുവരുത്തുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും മുഖ്യധാരാവൽക്കരണത്തിനും കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനത്തിൽ അനേകം വ്യവസ്ഥകൾ ഉണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി, പ്രത്യേക ഘടക പദ്ധതി, വനിതാഘടക പദ്ധതി, ക്ഷേമ പെൻഷൻ പദ്ധതികൾ, കുട്ടികൾക്കും, വികലാംഗർക്കും, വയോജനങ്ങൾക്കുമുള്ള പരിചരണ പദ്ധതികൾ, ആശ്രയ, കുടുംബശ്രീ, ജാഗ്രതാസമിതി മുതലായവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ പദ്ധതികളുടേയും സംവിധാനങ്ങളുടേയും ഫലവത്തായ

മാനേജ്മെന്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ സാമൂഹിക സുരക്ഷാ പദ്ധതിക്ക് പുതിയ മാനം നൽകും.

**1. പതിനൊന്നാം പദ്ധതി ഊന്നലുകൾ**

- പ്രാദേശിക സാമ്പത്തിക വികസനം
- സാമൂഹികനീതി
- പൊതുസേവനങ്ങളുടെ മേന്മ വർദ്ധിപ്പിക്കൽ
- സദ്ഭരണം

**2. മാനവ വികസന രംഗത്തെ പ്രവർത്തനങ്ങൾ**

പൊതു സമൂഹത്തിന്റേയും പട്ടികജാതി/പട്ടികവർഗ്ഗക്കാർ, വനിതകൾ എന്നിവരുടേയും ജീവിതനിലവാരവും ഇല്ലായ്മാ നിലവാരവും മനസ്സിലാക്കി ഇടപെടൽ തന്ത്രം രൂപീകരിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്ത്തല മാനവവികസന സൂചികകൾ രൂപപ്പെടുത്തേണ്ടതുണ്ട്. തൊഴിൽ പങ്കാളിത്തം, സാക്ഷരതാനിരക്ക്, സ്റ്റുഡന്റ് എൻറോൾമെന്റ് , കക്കൂസ്, കുടിവെള്ളം, വീട്, സ്വത്ത് എന്നിവയുടെ ലഭ്യതയും ഉടമസ്ഥതയും, ആയുർദൈർഘ്യം, ശിശു-മാതൃ മരണനിരക്ക്, പഞ്ചായത്ത്തല ആളോഹരി വരുമാനം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം, പോഷണനിലവാരം മുതലായ ഘടകങ്ങളാണ് പഞ്ചായത്ത്തല മാനവവികസന നിലവാരം അളക്കാൻ ഉപയോഗിക്കാവുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ തന്നെയുള്ള വിവിധ വാർഡുകളുടെ താരതമ്യ വികസന നിലവാരവും അളക്കാൻ സാധിക്കും.

**3. സേവന ഗുണനിലവാരം മെച്ചപ്പെടുത്തൽ**

ജനകേന്ദ്രീകൃതമായ ഒരു സംവിധാനത്തിലൂടെ മാത്രമേ ഗുണമേന്മയുള്ള സേവനങ്ങൾ ലഭ്യമാക്കാൻ കഴിയൂ. അതിന് ചുവടെ പറയുന്ന പ്രവർത്തനസമീപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

- ജനങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും ശ്രദ്ധിക്കുക
- പരാതികൾ പരിഗണിക്കുക

- സമൂഹത്തിന് പ്രയോജനപ്രദമാംവിധം സേവന രീതികൾ പരിഷ്കരിക്കുക
- ജനങ്ങളുടെ പ്രതികരണങ്ങൾ അറിഞ്ഞ് സേവനങ്ങൾ മെച്ചപ്പെടുത്തുക
- മോണിട്ടറ്ററിംഗ് പ്രവർത്തനങ്ങളിൽ ജനങ്ങളെ ഉൾപ്പെടുത്തുക
- അന്തസ്സുള്ളതും മാന്യവുമായ പെരുമാറ്റ രീതി സ്വീകരിക്കുക
- പൊതുജന സേവകരുടെ മനോഭാവം, നൈപുണികളും ശേഷികളും, പെരുമാറ്റ രീതി എന്നിവയിൽ കാലോചിതമായ മാറ്റം വരുത്തുക

***ഗാന്ധിജിയുടെ കാഴ്ചപ്പാട്*** *- ഉപഭോക്താക്കൾ (ഗുണഭോക്താക്കൾ) നമ്മുടെ സ്ഥാപനത്തിലേക്കുവരുന്ന ഏറ്റവും പ്രധാനികളായ സന്ദർശകരാണ്. അവർ നമ്മെ ആശ്രയിക്കേണ്ടവരല്ല. മറിച്ച്, നാം അവരെ ആശ്രയിക്കേണ്ടവരാണ്. അവർ നമ്മുടെ ജോലികൾക്ക് ഒരു വിഘാതമല്ല. അവർ വന്നെത്തുക എന്നത് നമ്മുടെ ആവശ്യമാണ്. അവർ നമ്മുടെ സംരംഭത്തിൽ പുറത്തുള്ള ആളല്ല. മറിച്ച്, അതിന്റെ ഒരു അവിഭാജ്യ ഘടകം തന്നെയാണ്. സേവനം നൽകി നാം ആനുകൂല്യം ചെയ്തുകൊടുക്കുകയല്ല. മറിച്ച്, അവർക്ക് സേവനം ചെയ്യാൻ നമുക്ക് ഒരു അവസരം നൽകി അവർ നമ്മെ സഹായിക്കുകയാണ്.*

### 4. ദാരിദ്ര്യലഘൂകരണ പ്രവർത്തനങ്ങൾ

ദാരിദ്ര്യം ഒരു ബഹുമുഖ പ്രതിഭാസമാണ്. അതിനെതിരായി പോരാടണമെങ്കിൽ ബഹുമുഖ പ്രവർത്തനങ്ങളും ആവശ്യമാണ്. ദാരിദ്ര്യനിർമ്മാർജനത്തിന് സമഗ്ര സമീപനം ആവശ്യമാണ്. ഈ സമഗ്ര സമീപനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ദാരിദ്ര്യനിർമ്മാർജന ഉപപദ്ധതി തയ്യാറാക്കേണ്ടത്.

ഉപപദ്ധതിയുടെ ഒരു ഘടകമായി അഗതികൾക്ക് വേണ്ടി 'ആശ്രയ' പദ്ധതിയും തയ്യാറാക്കണം. അഗതികളില്ലാത്ത, ദരിദ്രരില്ലാത്ത ഒരു

പഞ്ചായത്തായിരിക്കണം ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്.

**5. പിന്നാക്കവിഭാഗങ്ങളുടെ ഉന്നമനം**

കേരളത്തിലെ അധികാരവികേന്ദ്രീകരണ സംവിധാനം സാമൂഹികനീതിയിലധിഷ്ഠിതമായ മുഖ്യധാരാവൽക്കരണത്തിന് ഊന്നൽ നൽകുന്നു. ഗ്രാമസഭ, കുടുംബശ്രീ, ജാഗ്രതാസമിതികൾ, വനിതാ ഘടക പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ ഘടക പദ്ധതി, ക്ഷേമ പെൻഷനുകൾ, കുട്ടികൾക്കും വികലാംഗർക്കും വയോജനങ്ങൾക്കുമായുള്ള പരിചരണ പദ്ധതി, ആശ്രയ തുടങ്ങിയവയെല്ലാം മുഖ്യധാരാവൽക്കരണത്തിന് ഉതകുന്ന മാർഗ്ഗങ്ങളാണ്. ഇവയെ ഫലവത്തായ രീതിയിൽ ഉപയോഗിച്ച് സാമൂഹിക ക്ഷേമ രംഗത്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ക്രിയാത്മകമായി ഇടപെടേണ്ടതുണ്ട്. അതിൽ പരാജയപ്പെട്ടാൽ അത് ഈ രംഗത്ത് വലിയ വിടവ് സൃഷ്ടിക്കും.

തദ്ദേശ സാഹചര്യങ്ങൾക്കനുസരിച്ച് തന്ത്രങ്ങൾ മെനയുക എന്നത് മുഖ്യധാരാവൽക്കരണത്തിന്റെ പ്രധാനപ്പെട്ട ഘടകമാണ്. ഈ അർത്ഥത്തിൽ അധികാരവികേന്ദ്രീകരണം പിന്തള്ളപ്പെട്ട ജനങ്ങളുടെ മുഖ്യധാരാവൽക്കരണത്തിന് പ്രധാനപ്പെട്ട ആയുധമായി മാറുന്നു. മഹാത്മാഗാന്ധി വിഭാവനം ചെയ്ത സർവ്വോദയം എന്ന ലക്ഷ്യം നേടിയെടുക്കാൻ അദ്ദേഹം തന്നെ വിഭാവനം ചെയ്ത മാർഗ്ഗമാണ് 'അന്ത്യോദയം' - കീഴ്തട്ട് മുൻഗണന. ഏറ്റവും അർഹതപ്പെട്ട വ്യക്തിക്ക് ആദ്യം സേവനം നൽകുക എന്ന പ്രവർത്തന രീതി വികേന്ദ്രീകൃതാസൂത്രണത്തിൽ സ്വീകരിച്ചിട്ടുള്ളതിനാൽ സാമൂഹികമായി അരക്ഷിതരായ വ്യക്തികളുടേയും സമൂഹങ്ങളുടേയും ഇല്ലായ്മകൾ മനസ്സിലാക്കാനും അടിസ്ഥാന സേവനങ്ങൾ ലഭ്യമാക്കാനും പ്രാദേശിക വികസന പ്രവർത്തനങ്ങളിലൂടെ കഴിയേണ്ടതാണ്.

2

# സേവന-ക്ഷേമ മേഖലയിലെ വികസന കാഴ്ചപ്പാട്

## പൊതുവികസന കാഴ്ചപ്പാട്

പതിനൊന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിൽ പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹിക നീതി, പൊതുസേവനങ്ങളുടെ മേൻമ വർദ്ധിപ്പിക്കൽ , സദ്ഭരണം എന്നിവയ്ക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം വിശാല ലക്ഷ്യങ്ങൾക്കൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന ഓരോ വിഷയത്തെ സംബന്ധിച്ചും ലക്ഷ്യങ്ങൾ നിർണ്ണയിക്കേണ്ടതുണ്ട്. ഓരോ ആവശ്യത്തിനും നാം കൊടുക്കുന്ന പ്രാധാന്യവും കൈവരിക്കാനുള്ള സാധ്യതകളും പരിഗണിച്ചുകൊണ്ടായിരിക്കണം ഈ ലക്ഷ്യനിർണ്ണയം. ആവശ്യങ്ങൾക്ക് നാം നല്കുന്ന പ്രാധാന്യവും മുൻഗണനകളും നമ്മുടെ കാഴ്ചപ്പാടിന് അനുസരിച്ചായിരിക്കും. ഉദാഹരണമായി, സാമ്പത്തിക പുരോഗതി കൈവരിക്കുക എന്ന ഒറ്റ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ലക്ഷ്യം നിർണ്ണയിക്കുമ്പോൾ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരിഗണിക്കപ്പെടാതെ പോകും. സാമ്പത്തിക പുരോഗതിക്കൊപ്പം സാമൂഹിക നീതിയും സേവന ഗുണമേൻമയും പരിഗണക്കപ്പെട്ടിട്ടില്ലെങ്കിൽ വികസനത്തിന്റെ ഫലം ഭൂരിപക്ഷം ജനങ്ങൾക്കും അപ്രാപ്യമാവും.

കേന്ദ്രീകൃതാസൂത്രണത്തിൽ നിന്നും വ്യത്യസ്തമായി പ്രാദേശികാസൂത്രണത്തിൽ പദ്ധതിയുടെ കാഴ്ചപ്പാട്, ലക്ഷ്യം, അത് കൈവരിക്കുന്നതിനുള്ള നയ സമീപനം എന്നിവ പ്രാദേശികമായി തീരുമാനിക്കപ്പെടണം. ഇതാകട്ടെ ദേശീയ-സംസ്ഥാന കാഴ്ചപ്പാടുകളോടും നയങ്ങളോടും പൊരുത്തപ്പെടുന്നതുമാകണം.

## വിഷയമേഖലാ കാഴ്ചപ്പാട്, നയസമീപനം, തന്ത്രം

ഓരോ വിഷയ മേഖലയുടേയും നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് അതിൽ നിന്ന് ജനത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാമെന്ന് നിർണ്ണയിക്കുകയും അതിൽ തന്നെ ആദ്യം പരിഗണിക്കപ്പെടേണ്ടത് ഏതെന്ന് കണ്ടെത്തുകയും ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയമേഖലയുടേയും ദീർഘകാല ഹ്രസ്വകാല ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വികസന കാഴ്ചപ്പാടിനും നയസമീപനത്തിനും രൂപം നൽകണം. ഓരോ മേഖലയിലും വികസനകാഴ്ചപ്പാടും നയസമീപനവും നിർണ്ണയിച്ചാൽ അത് നേടുന്നതിനാവശ്യമായ തന്ത്രങ്ങൾ കണ്ടെത്തുകയും വേണം.

ഉദാഹരണമായി, ന്യൂനപോഷണവിമുക്ത പഞ്ചായത്ത് എന്ന ഒരു കാഴ്ചപ്പാട് രൂപീകരിച്ചാൽ അത് കൈവരിക്കുന്നതിന് അനുയോജ്യമായ നയസമീപനങ്ങളും വ്യത്യസ്തങ്ങളായ തന്ത്രങ്ങളും അവലംബിക്കേണ്ടതുണ്ട്. നയസമീപനങ്ങൾക്കും തന്ത്രങ്ങൾക്കും അനുസൃതമായ പരിപാടികൾ (പ്രവർത്തനങ്ങൾ) രൂപപ്പെടുത്തി നടപ്പാക്കേണ്ടതുണ്ട്. ന്യൂനപോഷണവിമുക്ത പഞ്ചായത്ത് എന്ന വികസന ലക്ഷ്യം (കാഴ്ചപ്പാട്) കൈവരിക്കുന്നതിന്, പോഷണക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്ന നയസമീപനം സ്വീകരിക്കാവുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് തന്ത്രങ്ങൾ ആവിഷ്ക്കരിക്കാവുന്നതാണ്. (1) നിലവിൽ പോഷകക്കുറവുള്ളവർക്ക് പോഷകങ്ങൾ/പോഷകാഹാരങ്ങൾ ലഭ്യമാക്കുക (2) പോഷകക്കുറവ് ഭാവിയിൽ ആർക്കും ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

ഈ തന്ത്രങ്ങൾ പ്രാവർത്തികമാക്കുന്നതിന് 3-6 വയസ്സിലുള്ള കുട്ടികൾ, കുമാരിമാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക്

പോഷകാഹാര വിതരണം, ടേക്ഹോം റേഷൻ, പോഷണ-ആരോഗ്യ വിദ്യാഭ്യാസം, പ്രതിരോധചികിത്സ, ശുദ്ധജല വിതരണം, മദ്യപാനവും പുകവലിയും ഇൻസ്റ്റന്റ് ഫുഡ്സുകളുടെ ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അടുക്കളത്തോട്ടം എന്നിങ്ങനെ പ്രശ്നപരിഹാരത്തിന് സഹായകമായ വ്യത്യസ്ത പരിപാടികൾ (പ്രവർത്തനങ്ങൾ) ആവിഷ്ക്കരിക്കണം.


ഓരോ പ്രവർത്തനവും സൂക്ഷ്മതലത്തിൽ നൂറ് ശതമാനവും വിജയകരമായിരിക്കുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ ആസൂത്രിത നീക്കമാണ് വേണ്ടത്. ഉദാഹരണമായി, ആവശ്യമുള്ള എല്ലാവർക്കും പൂരക പോഷകാഹാരം ലഭ്യമാകുകയും മുഴുവൻ ഗുണഭോക്താക്കളുടേയും പോഷകാരോഗ്യ നിലവാരം ഉയരുകയും ചെയ്യുമ്പോഴാണ് പൂരകപോഷകാഹാര വിതരണം എന്ന പരിപാടി വിജയിക്കുന്നത്.

എന്നാൽ സ്ഥിതിവിവര കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്നും ഗുരുതരമായ വിടവുകൾ കാണുന്നു. 17 ശതമാനം കുട്ടികളുടെ ജനനഭാരം മിനിമം നിലവാരത്തിലും താഴെയാണ്. പ്രീസ്കൂൾ കുട്ടികൾ, കൗമാരപ്രായക്കാരായ കുട്ടികൾ, ഗർഭിണികൾ എന്നിവരിൽ പോഷണക്കുറവ് ഇപ്പോഴും ഉണ്ട്. ഒറ്റപ്പെട്ട പ്രവർത്തനങ്ങൾക്കുപകരം ഓരോ പ്രവർത്തനവും ഏതു ലക്ഷ്യം നേടുന്നുവെന്നും, ഈ ലക്ഷ്യങ്ങൾ കൂട്ടിചേർത്താൽ ഏതു വികസന ലക്ഷ്യം (കാഴ്ചപ്പാട്) സാക്ഷാത്കരിക്കുമെന്നും മുൻകൂട്ടി പ്രവചിക്കുവാൻ കഴിയുന്ന വസ്തുനിഷ്ഠമായ അവസ്ഥയാണ് ആസൂത്രണത്തിന്റെ കാതൽ.

**വിഷയമേഖലാ ആസൂത്രണം**

സേവനക്ഷേമ പ്രവർത്തനങ്ങളുടെ ആസൂത്രണച്ചുമതല ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണ്. വിവിധ വിഷയമേഖലകളിൽ നടത്തുന്ന ആസൂത്രണത്തിലൂടെയാണ് ഒരു തദ്ദേശഭരണസ്ഥാപനത്തിന്റെ ക്ഷേമപദ്ധതി രൂപപ്പെടുന്നത്. ഓരോ വിഷയമേഖലയുടേയും ആസൂത്രണം എങ്ങനെ നടത്താം എന്ന് താഴെ കൊടുത്തിരിക്കുന്ന ചാർട്ടിലൂടെ വ്യക്തമാക്കുന്നു.

## വിഷയമേഖലാ ആസൂത്രണം



## വെല്ലുവിളികൾ, സാധ്യതകൾ

ഓരോ മേഖലയുടേയും അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചും വിശകലനം ചെയ്തും മാത്രമേ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹാരത്തിനായുള്ള ലക്ഷ്യങ്ങൾ നിർണ്ണയിക്കാനും കഴിയൂ. ഇവിടെയാണ് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകളുടേയും വിവരശേഖരത്തിന്റേയും പ്രസക്തി. ഈ വിവരശേഖരണത്തിൽ നിന്നും ശാസ്ത്രീയ വിശകലനം വഴി വികസന ലക്ഷ്യങ്ങളും തന്ത്രങ്ങളും ആവിഷ്ക്കരിക്കാൻ കഴിയും. എന്നാൽ വികസനലക്ഷ്യങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനുമുമ്പ് ഓരോ വിഷയമേഖലയിലേയും നിലനിൽക്കുന്ന വെല്ലുവിളികൾ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കണം. മാത്രമല്ല പ്രശ്നപരിഹാരത്തിനുള്ള എല്ലാ സാധ്യതകളും പരിശോധിക്കുകയും വേണം. സാധ്യതകൾ കണ്ടെത്തിക്കഴിഞ്ഞാൽ അതാത് തദ്ദേശഭരണസ്ഥാപനതലത്തിൽ ചെയ്യാൻ കഴിയുന്നവ മാത്രം അതാതിടങ്ങളിൽ ഏറ്റെടുക്കുകയും മറ്റുള്ളവ മുകൾതലങ്ങളിലേക്ക് നിർദ്ദേശങ്ങളായി സമർപ്പിക്കുകയും വേണം.

## പ്രാദേശിക പരിപാടികൾ രൂപപ്പെടുത്തുന്നതിനുള്ള രീതി (Methodology):

- സ്ഥിതിവിവരകണക്കുകളുടെ ശേഖരണവും അപഗ്രഥനവും (Database and analysis)
- വികസന സൂചികകൾ (Indicators) നിർണ്ണയിക്കുക
- പ്രശ്നങ്ങൾ കണ്ടെത്തുക
  (Problem identification)
- പ്രശ്നങ്ങളുടെ ലഘു ഗുരുത്വം നിർണയിക്കുക
  (Prioritisation)
- വെല്ലുവിളികളും സാധ്യതകളും (Challenges, Possibilities) പരിശോധിക്കുക
- പ്രശ്നപരിഹാരത്തിനുള്ള ലക്ഷ്യങ്ങൾ നിർണ്ണയിക്കുക
  (Targeting)

## 11-ാം പദ്ധതി മാർഗ്ഗരേഖ - ചില മേഖലകൾക്ക് പ്രത്യേക രീതി ശാസ്ത്രം

പൊതുവായ രീതിശാസ്ത്രം എല്ലാ മേഖലകൾക്കും ബാധകമാണ്. എങ്കിലും തിരഞ്ഞെടുത്ത ചില മേഖലകളിലെ പദ്ധതി തയ്യാറാക്കുന്നതിന് പൊതു രീതിശാസ്ത്രത്തോടൊപ്പം ചുവടെ വിവരിക്കുന്ന ചില അധിക നിർദ്ദേശങ്ങൾ കൂടി 11-ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു..

## I. വിദ്യാഭ്യാസ പദ്ധതി

വിദ്യാഭ്യാസ വകുപ്പ്, സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഓഫീസ്, ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്), എന്നിവയിലെ വിദഗ്ദ്ധർ ജില്ലയിൽ ലഭ്യമായ മറ്റ് വിദഗ്ദ്ധർ മുതലായവരെ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി ഒരു റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കണം. ഈ ഗ്രൂപ്പ്, ലഭ്യമായ സ്ഥിതി വിവരകണക്കുകളിൽ നിന്ന് ജില്ലയിലെ വിദ്യാഭ്യാസ സ്ഥിതിയെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കേണ്ടതാണ്. അതിനുശേഷം തദ്ദേശഭരണ സ്ഥാപന മേധാവികൾ, വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഓരോ തദ്ദേശഭരണ സ്ഥാപനത്തിലേയും വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ എന്നിവരുടെ യോഗം വിളിച്ചുചേർക്കണം. പ്രസ്തുത യോഗത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പാലിക്കേണ്ട തന്ത്രങ്ങളെയും മുൻഗണനകളേയും സംബന്ധിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കണം. അതുപ്രകാരം വർക്കിംഗ് ഗ്രൂപ്പ് ഓരോ തദ്ദേശ ഭരണസ്ഥാപനത്തിനും ചുവടെ സൂചിപ്പിക്കുന്ന അഞ്ച് ഘടകങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

1. അദ്ധ്യാപനത്തിന്റേയും പഠനത്തിന്റേയും മേന്മ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ
2. ലൈബ്രറി, ലബോറട്ടറി, കമ്പ്യൂട്ടർ വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് അവശ്യം വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ

3. ക്ലാസ് മുറികൾ, വിനോദത്തിനുള്ള സൗകര്യങ്ങൾ എന്നിങ്ങനെയുള്ള അനുബന്ധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ
4. ലൈബ്രറി, ലബോറട്ടറി, ഫർണ്ണിച്ചർ, ക്ലാസ് മുറികൾ, ഉച്ചഭക്ഷണം, മറ്റ് സൗകര്യങ്ങൾ എന്നിയുടെ മേൻമ വർദ്ധിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും വേണ്ടിയുള്ള പ്രോജക്ടുകൾ
5. സാക്ഷരത, തുടർ വിദ്യാഭ്യാസം, അനൗപചാരിക വിദ്യാഭ്യാസം എന്നിവയുടെ പ്രോജക്ടുകൾ

പദ്ധതി തയ്യാറാക്കിയതിനുശേഷം പ്രോജക്ടുകൾ ചുവടെ പറയുന്ന രീതിയിൽ മൂന്നായി തരംതിരിക്കണം.

1. സർവ്വശിക്ഷാൻ അഭിയാൻ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾ
2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാവുന്ന പ്രോജക്ടുകൾ
3. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ചുള്ള മെയിന്റനൻസ് പ്രവൃത്തികൾ

## II. സംയോജിത ശിശുവികസന പരിപാടി

ചുവടെ സൂചിപ്പിക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന സംയോജിത ശിശുവികസന പരിപാടി (ഐ.സി.ഡി.എസ്) ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും തയ്യാറാക്കുന്നുവെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പുവരുത്തണം.

1. പശ്ചാത്തല സൗകര്യങ്ങളിലെ വിടവ് നികത്തൽ : അംഗൻവാടി കെട്ടിട നിർമാണത്തിന് കുറഞ്ഞത് അഞ്ച് സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കുക. കെട്ടിടനിർമാണം, ശിശുസൗഹൃദ ടോയ്‌ലെറ്റുകൾ, കുടിവെള്ള സൗകര്യം എന്നിവ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത്.

2. അംഗൻവാടിയിലെ ശിശുക്കൾക്ക് ഐ.സി.ഡി.എസ് നിബന്ധന പ്രകാരമുള്ള പോഷകാഹാരം ഉറപ്പാക്കുക
3. മൂന്ന് വയസ്സ് വരെ പ്രായമുള്ള ശിശുക്കൾക്ക് സാമൂഹികക്ഷേമ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിലവാരത്തിലുള്ള പോഷകാഹാരം (കുടുംബശ്രീ യൂണിറ്റുകളിലൂടെ ഉല്പാദിപ്പിക്കുന്നത് മാത്രം) വിതരണം ചെയ്യുക
4. കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് പ്രത്യേക പോഷകാഹാരം ലഭ്യമാക്കുക
5. അംഗൻവാടികൾക്ക് അദ്ധ്യാപന സഹായികളും കളിക്കോപ്പുകളും ലഭ്യമാക്കുക
6. ഐ.സി.ഡി.എസ് വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്പെഷ്യൽ ഓണറേറിയം നൽകുക

ഐ.സി.ഡി.എസുമായി ബന്ധപ്പെട്ട സേവനങ്ങളേയും പശ്ചാത്തല സൗകര്യങ്ങളുടെ ആവശ്യകതയെയും സംബന്ധിച്ച് ജില്ലയ്ക്ക് വ്യക്തമായ ഒരു പ്രവർത്തന പദ്ധതി ഉണ്ടായിരിക്കേണ്ടതാണ്. ഓരോ അംഗൻവാടിക്കും സ്ഥലവും കെട്ടിടവും നൽകാൻ വ്യവസ്ഥ ചെയ്യുന്ന വിശദമായ പ്രവർത്തന പദ്ധതി പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ നിർബന്ധമായും ഉണ്ടായിരിക്കണം. ഗ്രാമ പ്രദേശങ്ങളിൽ പോഷകാഹാരത്തിനുള്ള ഫണ്ട് ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും 1:2 അനുപാതത്തിൽ വഹിക്കുമ്പോൾ പശ്ചാത്തല സൗകര്യങ്ങളുടേയും അദ്ധ്യാപന സഹായികളുടേയും കാര്യത്തിൽ ജില്ലാ ആസൂത്രണസമിതി നിശ്ചയിക്കുന്ന വിഹിതം ജില്ലാ പഞ്ചായത്തുകൾ നീക്കിവെയ്ക്കേണ്ടതാണ്. നഗര പ്രദേശങ്ങളിൽ ചെലവ് പൂർണമായും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വഹിക്കേണ്ടതാണ്.

### III. ആരോഗ്യപദ്ധതി

ആരോഗ്യമേഖലയിലും ജില്ലാ ആസൂത്രണ സമിതി ഒരു റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഗവൺമെന്റിലും അല്ലാതെയുമുള്ള പ്രൊഫഷണലുകൾ, ആരോഗ്യ പ്രവർത്തകർ, റൂറൽ ഹെൽത്ത് മിഷ

നിലെ അംഗങ്ങൾ എന്നിവരെ റിസോഴ്സ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണം. ലഭ്യമായ സ്ഥിതിവിവരകണക്കുകൾ ആധാരമാക്കി ജില്ലയിലെ ആരോഗ്യസ്ഥിതിയെക്കുറിച്ച് റിസോഴ്സ് ഗ്രൂപ്പ് ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. അതിനുശേഷം ജില്ലാ ആസൂത്രണ സമിതി, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും മേധാവികൾ, ആരോഗ്യവുമായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ആരോഗ്യവിഷയം കൈകാര്യം ചെയ്യുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ എന്നിവരുടെ യോഗം സൗകര്യപ്രദമായ ബാച്ചുകളായി വിളിച്ചുചേർക്കേണ്ടതാണ്. പദ്ധതി കാലയളവിൽ പാലിക്കേണ്ട വികസന തന്ത്രങ്ങളെയും മുൻഗണനകളെയും കുറിച്ച് ഒരു സമവായത്തിൽ എത്തിച്ചേരണം. അതിനുശേഷം തദ്ദേശഭരണസ്ഥാപനത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകൾ ചുവടെ സൂചിപ്പിക്കുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ പദ്ധതികൾ തയ്യാറാക്കണം.

1. സാമൂഹികാധിഷ്ഠിതമായ വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനുള്ള പ്രോജക്ടുകൾ
2. രോഗചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ
3. സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ മാനേജ്മെന്റിനും സ്ഥാപനാടിസ്ഥാനത്തിൽ സേവനപ്രദാന പദ്ധതി
4. പുതിയ പശ്ചാത്തലസൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പ്രോജക്ട്
5. മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച്, നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടേയും സാമഗ്രികളുടേയും മേന്മ വർദ്ധിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ട്.
6. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി ചേർന്ന് പ്രവർത്തനം നടത്തേണ്ടതാണ്.

ആരോഗ്യ പദ്ധതിയിലൂടെ ഓരോ ആശുപത്രിയുടേയും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതിലുപരി ആശുപത്രി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം എന്ന സമീപനത്തിനാണ് ഊന്നൽ നൽകേണ്ടത്.

## IV. ദാരിദ്ര്യ നിർമ്മാർജന ഉപപദ്ധതി

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ദാരിദ്ര്യ നിർമ്മാർജന ഉപപദ്ധതി നിർബന്ധമായും തയ്യാറാക്കണം. (ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രം പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ അനുബന്ധം-4 ൽ നൽകിയിട്ടുണ്ട്). ഈ ഉപപദ്ധതിയുടെ ഭാഗമായി വീട് ലഭിക്കാൻ അർഹതയുള്ള എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും വീട് നൽകുന്നതിനുവേണ്ടി മുൻഗണന നിശ്ചയിച്ച ഒരു പട്ടിക കൂടി തയ്യാറാക്കണം. ഈ പട്ടികയ്ക്ക് രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കണം - ഒന്ന് സ്ഥലവും വീടും നൽകുന്നതിനും രണ്ടാമത്തേത് വീട് മാത്രം നൽകുന്നതിനും. പതിനൊന്നാം പഞ്ചവത്സരപദ്ധതിയുടെ ആദ്യ രണ്ട് വർഷത്തിനകം ഭൂരഹിതരായ എല്ലാവർക്കും സ്ഥലവും വീടും നൽകണമെന്നത് നിർബന്ധമാണ്.

ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അഗതികൾക്കുവേണ്ടിയുള്ള 'ആശ്രയ'പദ്ധതി നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. (ആശ്രയപദ്ധതി തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രം പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ അനുബന്ധം 5- ൽ നൽകിയിട്ടുണ്ട്).

ഇന്ത്യാ ഗവൺമെന്റിന്റെ സംയോജിത ഭവന ചേരി വികസന പരിപാടി (IHSDP), നഗരത്തിലെ ദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ (BSUP) എന്നീ പരിപാടികളുടെ സഹായത്തോടെ നഗരപ്രദേശങ്ങളിൽ ഓരോ തദ്ദേശ ഭരണസ്ഥാപനവും ചേരിരഹിത കേരളത്തിന് ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കണം.

## V. സമ്പൂർണ്ണ ശുചിത്വം

2006 ഒക്ടോബർ 2 മുതൽ സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ തയ്യാറാക്കാൻ തുടങ്ങിയിട്ടുണ്ട്. അതിന്റെ നടപടികൾ അവസാനഘട്ടത്തി

ലെത്തിക്കണം. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചുവടെ പ്രതിപാദിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ശുചിത്വ പദ്ധതി ഉണ്ടായിരിക്കണം.

1. ഖരമാലിന്യ പരിപാലനം
2. ദ്രവ മാലിന്യ പരിപാലനം
3. വീടുകൾക്ക് കക്കൂസ്
4. പറമ്പുകളിലേയും വളപ്പുകളിലേയും പരിസ്ഥിതി ശുചിത്വം
5. കുടിവെള്ള കിണറുകളുടെ ശുചിത്വം
6. പൊതുസ്ഥാപനങ്ങളിൽ ടോയ്ലെറ്റുകൾ
7. വ്യാപാര സ്ഥാപനങ്ങളിലേയും മാർക്കറ്റുകളിലേയും മാലിന്യ സംസ്ക്കരണം.

ശുചിത്വ പരിപാലനം, ഗ്രാമപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും ഒരു അനിവാര്യ ചുമതലയായതിനാൽ ഒരു സമ്പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയിൽ വൃത്തിയും വെടിപ്പുമുള്ള അറവുശാലകൾ സ്ഥാപിക്കുന്നതിനും ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുന്നതിനും പരിപാടികൾ ഉണ്ടായിരിക്കണം. ശുചിത്വ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ സഹവർത്തിത്തവും പങ്കാളിത്തവും ഉണ്ടാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ചർച്ചകൾ സംഘടിപ്പിച്ച് ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്.

## VI. ജലവിതരണം

കേരള ജലഅതോറിറ്റി, ജലനിധി എന്നീ സ്ഥാപനങ്ങളിലേയും കുടിവെള്ള മേഖലയിലേയും വിദഗ്ദ്ധരെ ഉൾപ്പെടുത്തി കുടിവെള്ള മേഖലയ്ക്കുവേണ്ടി ഒരു റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കണം. പ്രസ്തുത റിസോഴ്സ് ഗ്രൂപ്പ്, ജില്ലയിലെ വിവിധ കുടിവെള്ള വിതരണ പ്രോജക്ടുകളുടെ അവസ്ഥയെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതിയും റിസോഴ്സ് ഗ്രൂപ്പും ചേർന്ന്

തദ്ദേശ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട മേധാവികൾ, ജലവിതരണവുമായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ, ജലവിതരണ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാർ എന്നിവരുമായി ചർച്ചകൾ നടത്തണം. വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങളുടേയും വീടുകളുടേയും ഭൂപടം തയ്യാറാക്കി, അവിടെ ഘട്ടം ഘട്ടമായി കുടിവെള്ളം ഏർപ്പെടുത്തുന്നതിനുള്ള ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഒളവണ്ണ മാതൃകയിലുള്ള സമൂഹാധിഷ്ഠിത കുടിവെള്ള വിതരണ പരിപാടികൾ മാത്രമേ ഏറ്റെടുക്കാവൂ. പദ്ധതി ചെലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതം ആയിരിക്കണം. ദരിദ്രരെ സഹായിക്കുന്നതിന്, ഗുണഭോക്തൃവിഹിതത്തിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ തീരുമാന പ്രകാരം ക്രോസ് സബ്സിഡി ഏർപ്പെടുത്താവുന്നതാണ്. ജലവിതരണ പരിപാടികളുടെ തുടർനടത്തിപ്പ്, അറ്റകുറ്റ പണി, പരിപാലനം എന്നിവ ഗുണഭോക്തൃ സമിതിയുടെ ചുമതലയാണ്. പദ്ധതിയുടെ ഇരട്ടിപ്പും ഒരു പരിപാടിയുടെ പ്രവർത്തന പരിധിക്കുള്ളിൽ മറ്റൊന്നുകൂടി സ്ഥാപിക്കുന്ന പ്രവണതയും ഒഴിവാക്കുന്നതിന് ജലനിധി, സ്വജലധാര, ത്വരിത ഗ്രാമീണ കുടിവെള്ള പരിപാടി (ഏ. ആർ.ഡബ്ലിയു.എസ്.പി.), കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന മറ്റ് പരിപാടികൾ എന്നിവയുമായി സംയോജനം നടത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പുവരുത്തണം.

## VII. പ്രത്യേക ഘടകപദ്ധതി

പട്ടികജാതി വിഭാഗങ്ങളുടെ എല്ലാ വീടുകളും സർവ്വേ ചെയ്ത് അവയുടെ സ്ഥാനം ഭൂപടത്തിൽ രേഖപ്പെടുത്തണം. അതുപ്രകാരം അഞ്ച് വീടുകളെങ്കിലും ഉള്ള എല്ലാ പട്ടികജാതി സങ്കേതങ്ങളും കണ്ടെത്തണം. അതിനുശേഷം വീട്, ശുചിത്വ കക്കൂസ്, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സങ്കേതാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളായ ജലവിതരണം, തെരുവ് വിളക്കുകൾ, മറ്റ് പൊതു സൗകര്യങ്ങൾ എന്നിവയും കണ്ടെത്തണം. സർവേയി

ലൂടെ ലഭ്യമാകുന്ന സ്ഥിതി വിവരകണക്കുകൾ അപഗ്രഥനം ചെയ്ത് ആവശ്യമായ പദ്ധതികൾ തയ്യാറാക്കണം. ആ പദ്ധതികളിൽ തൊഴിൽ സാധ്യത വർദ്ധിച്ചുവരുന്ന മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകി സ്വയം തൊഴിലിലൂടെയോ വേതന തൊഴിലിലൂടെയോ സാമ്പത്തിക വികസനം നേടുന്നതിന് സഹായങ്ങൾ നൽകുന്നതിനും ശേഷി മെച്ച പ്പെടുത്തുന്നതിനും ഉള്ള പരിപാടികൾ ഉണ്ടായിരിക്കണം. ഓരോ ജില്ലാ ആസൂത്രണ സമിതിയും പ്രത്യേക ഘടകപദ്ധതിയ്ക്ക് ആവശ്യ മായ പ്രോജക്ട് ആശയങ്ങൾ ആവിഷ്ക്കരിക്കുന്നതിന് ഈ മേഖല യിലെ സജീവപ്രവർത്തകരുമായും വിദഗ്ദ്ധരുമായും പ്രത്യേകം ചർച്ച കൾ സംഘടിപ്പിക്കേണ്ടതാണ്.

## VIII. പട്ടികവർഗ്ഗ ഉപപദ്ധതി

പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി, പട്ടികവർഗ്ഗ കുടുംബങ്ങളുടേയും ഊരുകളുടേയും സർവ്വേ നടത്തി ഭൂപടം തയ്യാ റാക്കേണ്ടതാണ്. (പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണ നടപടിക്രമ ങ്ങൾ പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ അനുബന്ധം 6 ൽ നൽകി യിട്ടുണ്ട്.)

ഊരുകൾക്ക് അല്ലെങ്കിൽ ചെറു പ്രദേശങ്ങൾക്ക് ശ്രദ്ധ നൽകുന്ന തോടൊപ്പം ചില പൊതുസൗകര്യങ്ങളുടേയും സേവനങ്ങളുടേയും വളർച്ചാ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനും നടപടി എടുക്കണം.

ഊരുകൂട്ടങ്ങളുടെ പങ്കാളിത്തവും മുൻഗണനകളുടെ ശരിയായ വില യിരുത്തലും ഉറപ്പുവരുത്തി പദ്ധതി ആസൂത്രണ പ്രക്രിയയിലെ മേന്മ സംരക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി-പട്ടി കവർഗ്ഗ വികസന വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവ സോഷ്യൽ ഓഡിറ്റർമാരെ ചുമതപ്പെടുത്തുന്നതാണ്. പട്ടികവർഗ്ഗ വിക സനത്തോടു കൂറും പ്രതിബന്ധതയും ഉള്ള വ്യക്തികളെയാണ് സോഷ്യൽ ഓഡിറ്റർമാരായി കണ്ടെത്തേണ്ടത്.

## IX. കായിക വിനോദ സൗകര്യങ്ങൾ

ജനങ്ങളുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെ, ജീവിതമേന്മ വർദ്ധി പ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും

ഓരോ വർഡിലും ഓരോ കളിസ്ഥലവും തദ്ദേശ ഭരണസ്ഥാപനതല ത്തിൽ ഏറെക്കുറെ നല്ല നിലവാരത്തിലുള്ള ഒരു സ്റ്റേഡിയവും കണ്ടെത്തി വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കണം. ഇതിലേ ക്കായി പഞ്ചവത്സര പദ്ധതി മാത്രമല്ല, ഒരു ദീർഘകാല പരിപ്രേക്ഷ്യ പദ്ധതി കൂടി തയ്യാറാക്കേണ്ടതാണ്.

# 3

# സേവനഗുണമേന്മ മെച്ചപ്പെടുത്തൽ

## കേരള വികസന മാതൃക

നിരക്ഷരത, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക്, പാർപ്പിടം, ആയുർദൈർഘ്യം ബന്ധപ്പെട്ട മറ്റു സാമ്പത്തിക വികസന സൂചകങ്ങൾ എന്നിവയിൽ ദേശീയനിലവാരത്തിലെത്താൻ ഇതര സംസ്ഥാനങ്ങൾ മല്ലിടുമ്പോൾ കേരളം ഈ പ്രശ്നങ്ങളെല്ലാം വിജയ കരമായി പരിഹരിച്ച് ദേശീയ നിരക്കു പട്ടികയുടെ ഉയർന്ന സ്ഥാന ത്തുനിൽക്കുകയാണ്.

1 താരതമ്യേന കുറഞ്ഞ പ്രതിശീർഷ വരുമാനമുള്ള കേരളത്തിന് മറ്റു സംസ്ഥാനങ്ങളേക്കാൾ ഉയർന്ന മാനവ വികസന സൂചിക (HDI) ആണ് ഉള്ളത്.

1 പുരോഗമന പുനഃവിതരണ പരിപാടികളായ ഭൂപരിഷ്കരണം, ബൃഹത്തായ പൊതു വിതരണ സമ്പ്രദായം, പിന്നാക്കം നിൽക്കു ന്നവർക്കായുള്ള ഭവനനിർമാണം, ഉയർന്ന പ്രതിശീർഷ പോഷ കാഹാര ഉപഭോഗം തുടങ്ങിയവ കേരളത്തിന്റെ പ്രത്യേകതയാണ്.

1 സാർവ്വത്രിക വിദ്യാഭ്യാസം, എല്ലാവർക്കും ആരോഗ്യം എന്നിവ യിൽ ദ്രുതഗതിയിലുള്ള പുരോഗതി കൈവരിക്കുന്നതിനുള്ള മാർഗം അനുവർത്തിച്ചുവരുന്നു.

**സേവനപ്രദാനവും ഗുണമേന്മ മെച്ചപ്പെടുത്തലും**

അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കാതലായ ആശയങ്ങൾ ഇവയാണ്.

1. ഫലപ്രദവും കാര്യക്ഷമവും പ്രാപ്യവുമായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഘടകസ്ഥാപനങ്ങൾ
2. നിർദ്ദിഷ്ട നിലവാരത്തിലുള്ള അടിസ്ഥാന സേവനങ്ങൾ
3. മെച്ചപ്പെട്ട പൊതുജന സേവനവും സാമ്പത്തിക ഉന്നമനവും

**അംഗീകൃത മിനിമം നിലവാരം**

*'ഗുണനിലവാരം ഒരിക്കലും യാദൃച്ഛികമായി ഉണ്ടാകുന്നതല്ല. നല്ല നിലവാരം നേടുന്നതിനുള്ള ആസൂത്രണം, കൂട്ടായ പ്രവർത്തനം, അർപ്പണമനോഭാവം എന്നിവയുടെ പരിണത ഫലമാണിത്'.*

ദശാബ്ദങ്ങളായി സേവനരംഗം വിപുലപ്പെട്ടുവരികയാണ്. എന്നാൽ ഓരോ സേവനത്തിനും എന്തു നിലവാരമാണ് ഉണ്ടായിരിക്കേണ്ടത് എന്ന് ഇതുവരെ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. ഭക്ഷ്യവസ്തുക്കൾ, ഔഷധങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് നിലവാരം നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഉൽപ്പാദന പ്രകിയയ്ക്ക് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് ഐ.എസ്.ഒ. നിലവാരവും നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ നിശ്ചയിച്ച സാഹചര്യങ്ങളിലും നിലവാരത്തിലും സേവനം പ്രദാനം ചെയ്യുന്ന സ്ഥാപനതല പ്രവർത്തനങ്ങൾക്ക് ഒരു 'നിശ്ചിത നിലവാരം' നിഷ്ക്കർഷിക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം പരിപാടികളും ആസൂത്രിതമോ പ്രതീക്ഷിതമോ ആയ നിലവാരം പുലർത്തുന്നില്ല. ഇതുമൂലം ഗുണഭോക്താവിന് വ്യക്തമായ പ്രതീക്ഷകൾക്ക് സാഹചര്യമില്ലാതാവുകയും പരമദരിദ്രർപോലും പൊതു സേവനങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്ന തലത്തിലേയ്ക്കു നീങ്ങുന്നു. ഇത് പൊതു ധനം നഷ്ടപ്പെടുത്തുന്നതിനും സാധാരണക്കാരുടെ പുരോഗതി തടസ്സപ്പെടുത്തുന്നതിനും കാരണമാവുന്നു. കേരളം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് ഇതാണ്.

## മിനിമം നിലവാരം നിർണയിക്കൽ

എല്ലാ സ്ഥാപനങ്ങളിലും സേവനം പ്രദാനം ചെയ്യുന്നതിനും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിയതമായ പ്രവർത്തന സമ്പ്രദായം ഉണ്ടായിരിക്കണമെന്ന് ഗുണമേന്മയ്ക്കായുള്ള മിനിമം സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്നു. നിലവാരം നിശ്ചയിക്കണമെങ്കിൽ, എപ്രകാരമായിരിക്കണം സ്ഥാപനത്തിന്റെ പ്രവർത്തനം എന്ന് ജീവനക്കാർക്കും ജനങ്ങൾക്കും ബോധ്യമുണ്ടായിരിക്കണം. പ്രവർത്തനത്തിന്റെ സവിശേഷതകളും മാനദണ്ഡങ്ങളും വ്യക്തമായി നിർവചിക്കപ്പെടണം. മാനേജ്മെന്റ് സമ്പ്രദായം കുറ്റമറ്റതാകുമ്പോഴാണ് സേവനപ്രദാനം മേന്മയുള്ളതായിത്തീരുന്നത് എന്ന് അനുഭവങ്ങൾ തെളിയിക്കുന്നു.

ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കുന്നതിന് ഗുണഭോക്തൃ കേന്ദ്രീകൃതസമീപനം, ജനാധിപത്യ നേതൃത്വരീതി, ജനപങ്കാളിത്തം, അവകാശാധിഷ്ഠിത പ്രവർത്തനബാധ്യസ്ഥതയുള്ള മാനേജ്നമെന്റ് സമ്പ്രദായം, തുടർച്ചയായി മേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം, വസ്തുനിഷ്ഠമായ തീരുമാനങ്ങൾ തുടങ്ങിയ ഘടകങ്ങൾ മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമാകണം.

സേവന ഗുണനിലവാരമുയർത്തുന്നതിന് അവശ്യം വേണ്ട ഘടകങ്ങൾ :

- ആവശ്യങ്ങൾ എന്താണെന്നും അവ എങ്ങനെ സാധ്യമാക്കാമെന്നും തിരിച്ചറിയുക.
- ഗുണമേന്മ വർദ്ധിപ്പിക്കാൻ എന്തെല്ലാം ചെയ്യണം എന്നു തിട്ടപ്പെടുത്തുക.
- പ്രവർത്തനങ്ങളും, ഫലപ്രാപ്തിയും അവലോകനവിധേയമാക്കുന്നതിന് സൂചകങ്ങൾ തീരുമാനിക്കുക.
- ശാസ്ത്രീയമായ സൂചകങ്ങൾ ഉപയോഗിച്ച് സേവന നിലവാരം തിട്ടപ്പെടുത്തുക.

ഗുണഭോക്താവിന്റെ സംതൃപ്തിയാണ് സേവന നിലവാരത്തിന്റെ അളവുകോൽ. ഇത് സാധ്യമാക്കണമെങ്കിൽ പൗരാവകാശരേഖയിലധിഷ്ഠിതമായ മാനദണ്ഡങ്ങളും തൽക്ഷണ പൊതു പരാതി പരിഹാരസംവിധാനങ്ങളും ഉണ്ടാകണം.

**തന്ത്രപരമായ ആസൂത്രണം** (Strategic Planning)

ഒരു സ്ഥാപനത്തിന്റെ സേവനങ്ങൾ ഉദ്ദേശിക്കുന്ന നിലവാരത്തിലേക്ക് ഒരു നിശ്ചിത കാലയളവിനുള്ളിൽ ഉയർത്തുന്നതിന് സ്വീകരിക്കുന്ന ആസൂത്രണതന്ത്രമാണ് സ്ട്രാറ്റജിക് പ്ലാനിങ്ങ്. സേവനഗുണ നിലവാരം ഉയരണമെങ്കിൽ നിലവിലുള്ള സേവന അവസ്ഥ, ഉദ്ദേശിക്കുന്ന നിലവാരം, പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്താൻ സ്വീകരിക്കേണ്ട മാറ്റങ്ങൾ എന്നിവ കൃത്യമായി നിർണയിക്കപ്പെടണം.

ഓരോ സ്ഥാനപനത്തിന്റേയും പദ്ധതിയുടെയും ഗുണഭോക്താക്കൾ, അവരുടെ ആവശ്യങ്ങൾ, നിലവിലുള്ള സേവനത്തിന്റെ നിലവാരം, പോരായ്മകൾ എന്നിവ വിശകലനം ചെയ്യുന്നതിന് രണ്ടു മാർഗ്ഗങ്ങൾ സ്വീകരിക്കാം SWOT വിശകലനവും മേഖലാതല പ്രശ്ന വിശകലനവും.

**ശക്തി-ദൗർബല്യം-അവസരം-ഭീഷണി** (SWOT) **വിശകലനം**

ഏതു മേഖലയുടേയും വികസനത്തിനോ, പ്രശ്നപരിഹാരത്തിനോ എളുപ്പം നടത്താൻ കഴിയുന്ന വിശകലന രീതിയാണ് SWOT അനാലസിസ്. സ്ഥാപനത്തിന്റെ ശക്തിയും (ഗുണപരമായ സവിശേഷതകൾ), ദൗർബല്യങ്ങളും (പ്രവർത്തനപരമായ കുറവുകൾ), അവസരം (ഗുണം വർദ്ധിപ്പിക്കുന്നതിനും, ദൗർബല്യം ലഘൂകരിക്കുന്നതിനും ലഭ്യമാകുന്ന അവസരങ്ങൾ), വെല്ലുവിളി (നേരിടുന്ന ആന്തരികവും ബാഹ്യവുമായ ഭീഷണികൾ) എന്നിവ ചർച്ചയിലൂടെ പങ്കാളിത്തരീതിയിൽ പട്ടികപ്പെടുത്തുകയാണ് രീതി.

## വികസന മേഖല

| വികസന മേഖല | ശക്തി | ദൗർബല്യം | അവസരം | വെല്ലുവിളികൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

**കുറിപ്പ് :** ഈ വിശകലനത്തിലൂടെ ശക്തി നിലനിർത്താനും ദൗർബല്യം ഒഴിവാക്കാനും അവസരം വിനിയോഗിക്കാനും വെല്ലുവിളികൾ തരണം ചെയ്യാനും എന്തൊക്കെ സമീപനം സ്വീകരിക്കണമെന്നും ഏതെല്ലാം തന്ത്രങ്ങൾ ആവിഷ്ക്കരിക്കണമെന്നും കണ്ടെത്താൻ കഴിയണം. പരമാവധി സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചാവണം SWOT വിശകലനം നടത്തേണ്ടത്. SWOT വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് മേഖലയുടെ പ്രശ്ന വിശകലനം നിർവഹിക്കേണ്ടത്.

## മേഖലാതല പ്രശ്ന വിശകലനം

### വികസന മേഖല :

| ക്രമ നമ്പർ | ഇന്നത്തെ അവസ്ഥ | നേരിടുന്ന പ്രശ്നങ്ങൾ | കാരണങ്ങൾ | പ്രത്യാഘാതങ്ങൾ | സാധ്യതകൾ | പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ | വികസന തന്ത്രങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | | | |

## സേവനപ്രദാന നയം

കേരള സർക്കാർ 2004 ൽ ആവിഷ്കരിച്ചതാണ് സേവനപ്രദാന നയം. നമ്മുടേതുപോലുള്ള ജനാധിപത്യസമൂഹത്തിലെ ഭരണ രംഗത്ത് പാലിക്കപ്പെടേണ്ട തത്വങ്ങളാണ് ഇവ. ഈ നയത്തിലെ പ്രധാന സവിശേഷതകൾ ഇവയാണ്

### 1. ജനകേന്ദ്രീകൃതം

സേവന പ്രദാനം ജനകേന്ദ്രീകൃതമാക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

- ജനങ്ങൾ പറയുന്നത് ശ്രദ്ധിക്കുക
- സേവനങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾക്കും സൗകര്യങ്ങൾക്കും അനുസൃതമായിരിക്കണം
- പരാതികൾക്ക് തക്കസമയത്തുള്ള പരിഗണന
- സേവന നിലവാരം സംബന്ധിച്ച ജനാഭിപ്രായസർവ്വേ
- ജനപങ്കാളിത്തത്തോടെ സേവന പുരോഗതി മോണിറ്ററിംഗ്

### 2. സേവനങ്ങൾക്ക് അടിസ്ഥാനനിലവാരം നിശ്ചയിക്കുക

ഓരോ സേവനഘടകത്തിന്റേയും നിലവാരം നിർണ്ണയിക്കുക, പരസ്യപ്പെടുത്തുക, ഉറപ്പുവരുത്തുക.

### 3. സമത്വം/തുല്യത

എല്ലാവർക്കും സേവനം വിവേചനമില്ലാതെ ലഭ്യമാക്കുക. എന്നാൽ ദുർബലവിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കത്തക്കവണ്ണം "ഗുണപരമായ വിവേചനം" പരസ്യപ്പെടുത്തി നൽകാൻ കഴിയണം.

### 4. സുതാര്യത

സേവനത്തിന്റെ മാനദണ്ഡങ്ങൾ, നിലവാരം, സമയക്രമം, ലഭ്യത, നടപടിക്രമം തുടങ്ങി എല്ലാ കാര്യങ്ങളും ആവശ്യക്കാർക്ക് പൂർണ്ണമായും അറിയാൻ അവസരമൊരുക്കുക. അറിയുവാനുള്ള അവകാശവും പൗരാവകാശരേഖയും.

**5. ബാധ്യസ്ഥത**

ഏതു സേവനം നൽകുന്നതിനുവേണ്ടി ഒരു സ്ഥാപനം അല്ലെങ്കിൽ ഓഫീസ് സ്ഥാപിച്ചുവോ അതു നിർവ്വഹിച്ചാൽ മാത്രം പോരാ നിർവ്വഹിക്കുന്നുവെന്ന് ഗുണഭോക്താവിന് ബോധ്യമാവുകയും വേണം. അതുകൊണ്ടുതന്നെ ഓരോ സേവനവും നടത്താൻ ചുമതലപ്പെടുത്തപ്പെടുന്നതാരെന്നും, ആരാണ് ബാധ്യസ്ഥനെന്നും കൃത്യമായി നിർവ്വചിക്കപ്പെടണം. ജീവനക്കാർക്ക് സർക്കാരിനോടെന്നപോലെ ജനങ്ങളോടും ഉത്തരവാദിത്വമുണ്ട്.

**6. ഐക്യദാർഢ്യം/കൂറ്**

സേവനകേന്ദ്രത്തോട് സേവനദാതാക്കൾക്ക് ഐക്യദാർഢ്യമുണ്ടായെങ്കിൽ മാത്രമേ സേവനം കൃത്യനിഷ്ഠയോടെ നിർവ്വഹിക്കപ്പെടുകയുള്ളൂ.

**7. ന്യായയുക്തത**

ആദ്യം നൽകേണ്ടവർക്ക്/ആദ്യം വരുന്നവർക്ക് ആദ്യം എന്ന പക്ഷപാതമില്ലാത്ത നിലപാട്.

**8. സദ്പെരുമാറ്റം**

എളിമയുള്ള, മാന്യമായ പെരുമാറ്റം.

**9. യുക്തിഭദ്രത**

എല്ലാ തീരുമാനങ്ങളും യഥാർത്ഥ വിവരങ്ങളും നിയമനിർദ്ദേശങ്ങളും അനുസരിച്ചായിരിക്കണം. ആവശ്യമായ സമയത്ത് സേവനം ലഭ്യമാക്കണം.

**10. സംയോജനം**

വിവിധ സ്ഥാപനങ്ങൾ വഴി നൽകപ്പെടുന്ന ഐക്യരൂപമുള്ള സേവനങ്ങൾ സമാന്തരമായും ലംബമായും സംയോജിപ്പിച്ച് സമഗ്രത വരുത്തേണ്ടതാണ്.

**11. അവകാശ സമീപനം**

സേവനം അവകാശമാണ്, ഔദാര്യമല്ല എന്ന് ഉറപ്പാക്കണം.

**12. കാര്യക്ഷമത**

ലഭ്യമായ വിഭവങ്ങൾ അഥവാ സൗകര്യങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും, വേഗത്തിലും ചെലവു കുറഞ്ഞ രീതിയിലും ഫലപ്രദമായ സേവനം നൽകാൻ കഴിയുന്നതാണ് കാര്യക്ഷമത

**13. പരാതി പരിഹാരം**

സേവനഗുണഭോക്താവിനുണ്ടാകുന്ന എല്ലാ പരാതികളും പരിശോധിക്കുന്നതിനും പരിഹരിക്കപ്പെടുന്നതിനും സംവിധാനമുണ്ടായിരിക്കണം.

**14. മേന്മവൽക്കരണം**

എല്ലാ സേവനങ്ങളുടേയും നിലവാരം, രീതി എന്നിവ കാലോചിതമായി മെച്ചപ്പെടുത്തണം. ആധുനികവൽക്കരണം, ഇല്കട്രോണിക്ക് സംവിധാനം, സേവന വികേന്ദ്രീകരണം, അപേക്ഷാരീതി പരിഷ്ക്കരണം എന്നിവ അതിനുള്ള ഉപാധികളാണ്.

**15. ജീവനക്കാരുടെ മനോഭാവവും കഴിവുകളും വർദ്ധിപ്പിക്കുക**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വഴിയാണ് ഭരണം ജനങ്ങളിലെത്തുന്നത്. അതുകൊണ്ട് സേവനങ്ങൾ മെച്ചപ്പെടണമെങ്കിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തിയും പ്രവർത്തന രീതിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. അതിനുവേണ്ട പരിശീലനങ്ങളും കൂടിയാലോചനകളും ഫീൽഡ് സന്ദർശനങ്ങളും അവലോകനങ്ങളും കാലാനുസൃതമായി നടത്തണം.

**16. സ്ഥായിയായ പുരോഗതി**

സേവനപ്രദാനത്തിലെ പുരോഗതി സുസ്ഥിരമാക്കി മാറ്റാൻ തക്ക തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. ഇതിന് പദ്ധതി ആസൂത്രണബഡ്ജറ്റിംഗ് പ്രക്രിയകളുമായി പ്രവർത്തനങ്ങളെ ബന്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

**17. ഉൾപ്പെടുത്തൽ**

അർഹരായ ഒരാൾപോലും സേവനശൃംഖലയിൽ നിന്നും വിട്ടുപോയിട്ടില്ലെന്ന് ഉറപ്പാക്കുക വഴി മാത്രമേ ദുർബലരുടേയും പിന്നാക്ക വിഭാഗങ്ങളുടേയും പുരോഗതി പൂർണ്ണമാകൂ.

**18. സമഗ്രസമീപനം**

സമൂഹത്തിലെ എല്ലാ ഘടകങ്ങളേയും സേവനത്തിന്റെ സർവ്വ മേഖലകളേയും ഒരുപോലെ കണക്കിലെടുത്ത് സമഗ്രത കൈവരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

## സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഇടപെടൽ സാദ്ധ്യതകൾ

1. കൈമാറിയ സ്ഥാപനങ്ങളിൽ നിരന്തരം സന്ദർശനം നടത്തി ഇടപെടൽ മേഖലകൾ മനസ്സിലാക്കുക.
2. ഓരോ വികസനമേഖലയിലേയും വിദഗ്ദ്ധരുടെ ലിസ്റ്റ് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുക.
3. നിർവഹണോദ്യോഗസ്ഥർകൂടി പങ്കെടുക്കുന്ന വിധത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംഗ് ക്രമപ്പെടുത്തുക.
4. ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗത്തിനും പ്രത്യേക മേഖലകളിൽ മേൽനോട്ടം വഹിക്കാൻ ചുമതലകൾ ഏൽപ്പിക്കുക.
5. സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
6. സേവന പ്രദാന പ്രക്രിയയിൽ നിലനിൽക്കുന്ന വിടവുകൾ മനസ്സിലാക്കുന്നതിനും പരിഹാരം ആരായുന്നതിനും പൊതുജനസമ്പർക്കപരിപാടികൾ ഗുണഭോക്തൃസംഗമങ്ങൾ സിറ്റിസൺ റിപ്പോർട്ട് കാർഡ് സർവ്വേകൾ തുടങ്ങിയവ നടത്തി സേവനം മെച്ചപ്പെടുത്താനുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കുക.

7. സന്നദ്ധ സംഘടനകൾ, സാമൂഹികപ്രവർത്തകർ, വിദഗ്ദ്ധർ എന്നവരുടെ സഹകരണത്തോടെ സമഗ്ര പൗരാവകാശരേഖ തയ്യാറാക്കുക. പഞ്ചായത്ത് തലത്തിൽ 'സേവനപ്രദാന' രൂപരേഖ തയ്യാറാക്കുക.

8. വ്യക്തിഗതഗ്രൂപ്പ് ഉപഭോക്താക്കളുമായി സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ ഇടപെട്ട് പദ്ധതിയുടെ ഗുണം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക. അതിനായി എക്സ്റ്റൻഷൻ സംവിധാനം ഉപയോഗിക്കുക.

# 4

# കാര്യക്ഷമമായ സ്ഥാപനതല മാനേജ്മെന്റ്

പഞ്ചായത്തുകളുടെ ചുമതലാ നിർവ്വഹണം നടക്കുന്നത് അതിന്റെ കൈമാറ്റം ചെയ്തുകിട്ടിയതടക്കമുള്ള സ്ഥാപനങ്ങളിലൂടെയാണ്. പ്രവർത്തനങ്ങളുടെ ആസൂത്രണം, കത്തിടപാടുകൾ, ജനങ്ങൾക്ക് ബന്ധപ്പെടാനുള്ള കേന്ദ്രം എന്നിങ്ങനെ ബഹുമുഖമായ ഉത്തരവാദിത്തങ്ങൾ ഓരോ സ്ഥാപനത്തിന്റേയും ഓഫീസുകളെ അടിസ്ഥാനമാക്കിയാണ് നിർവ്വഹിക്കപ്പെടുന്നത്. ചുമതലാ നിർവ്വഹണത്തിലും അതിന്റെ ഫലപ്രാപ്തിയിലും അതുകൊണ്ടുതന്നെ ഓരോ സ്ഥാപന തല സംവിധാനത്തിനും പ്രാധാന്യം ഉണ്ടാവുകയും സ്ഥാപന തല മാനേജ്മെന്റ് പ്രത്യേകം പരിഗണിക്കേണ്ട വിഷയമാവുകയും ചെയ്യുന്നു.

ജനപങ്കാളിത്തമുള്ളതും ചടുലവും പ്രതികരണാത്മകവുമായ ഒരു ഭരണസംവിധാനം അനുബന്ധ ഓഫീസുകളടക്കമുള്ള തദ്ദേശഭരണ സംവിധാനത്തിന്റെ വിവിധ ഓഫീസുകളിൽ ഉറപ്പുവരുത്തുക എന്നത് ജനപ്രതിനിധികളുടെ പൊതുവിലും, സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രത്യേകിച്ചുമുള്ള ഉത്തരവാദിത്തമാണ്. ഇതിന് സ്ഥാപനത്തിന്റേയും ബന്ധപ്പെട്ട ഓഫീസുകളുടെയും കാര്യശേഷി വളർത്തേണ്ടതുണ്ട്.

**പശ്ചാത്തലം**

പഞ്ചായത്തുകൾ അതിന്റെ ഓഫീസുകളിലൂടെ നിർവ്വഹിക്കുന്ന പ്രവർത്തന സേവനങ്ങളെ ഇങ്ങനെ പട്ടികപ്പെടുത്താം.

1. പൗരന്മാർക്ക് നേരിട്ട് നൽകുന്ന സേവനങ്ങൾ
2. ഭരണപരമായ പ്രവർത്തനങ്ങൾ
3. നിയന്ത്രണങ്ങൾ ഏർപ്പെടുത്തൽ (ഉദാ: ലൈസൻസ്, പെർമിറ്റ്)
4. മാനവ വികസനത്തിനായുള്ള ആസൂത്രണവും പ്രവർത്തനങ്ങളും
5. സാമ്പത്തിക വികസനത്തിനായുള്ള ആസൂത്രണവും പ്രവർത്തനങ്ങളും
6. സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ
7. സാമൂഹിക സുരക്ഷിതത്വ പ്രവർത്തനങ്ങൾ
8. സാമൂഹിക നീതി ഉറപ്പുവരുത്തൽ

സേവനങ്ങളുടെ എണ്ണവും വൈപുല്യവും കൂടുന്നതിനനുസരിച്ച് സ്ഥാപനത്തിന്റെ കാര്യശേഷിയും വർദ്ധിക്കേണ്ടതുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും കാര്യപ്രാപ്തി വർദ്ധിക്കുമ്പോഴാണ് സ്ഥാപനത്തിന്റെ ശേഷി വർദ്ധിക്കുക. ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർക്കൊപ്പം ബന്ധപ്പെടുത്താവുന്ന പ്രവർത്തകരെക്കൂടി ഈ പ്രവർത്തനങ്ങളിൽ കൂട്ടി യോജിപ്പിക്കേണ്ടതുണ്ട്. ഈ ഉത്തരവാദിത്തം ഫലപ്രദമായി നിർവ്വഹിക്കാനാവുക ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കാണ്. അതിൽതന്നെ സാമൂഹികക്ഷേമ സുരക്ഷിതത്വ പ്രവർത്തനങ്ങൾക്കായുള്ള സ്ഥാപനങ്ങളുടെ നേരിട്ടുള്ള മാനേജ്മെന്റും, ഈ മേഖലകളിൽ സ്വാധീനം ചെലുത്തുന്ന സ്ഥാപനങ്ങളുടെ പരോക്ഷമായ മാനേജ്മെന്റും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കാര്യക്ഷമമായി നിർവഹിക്കേണ്ടതുണ്ട്.

## സ്ഥാപനത്തിന്റെ കാര്യശേഷി വളർത്തൽ

സ്ഥാപനത്തിന്റെ കാര്യശേഷി വളർത്തുന്നതിൽ ഓഫീസ് മാനേജ്മെന്റിന് പരമപ്രധാനമായ സ്ഥാനമുണ്ട്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടികളുടേയും ലക്ഷ്യങ്ങളുടേയും കൈവരിച്ച നേട്ടങ്ങളുടേയും അടിസ്ഥാനത്തിലുള്ള വിശകലനവും ബോധ്യപ്പെടലുമാണ് അതിന് ആദ്യം വേണ്ടത്. അതിനനുസരിച്ചാവണം ഉത്തരവാദിത്തങ്ങൾ ഭാഗിക്കേണ്ടതും ഏറ്റെടുക്കേണ്ടതും മോണിട്ടറിംഗ് നടത്തേണ്ടതും. മൂർത്തവും അളക്കാൻ കഴിയുന്നതുമായ ലക്ഷ്യങ്ങളോടെയും നിർണയിക്ക

പ്പെട്ട നിർവ്വഹണ നേട്ടങ്ങളോടെയും ജോലി വിഭജിച്ചു നൽകുക എന്നതാണ് ഏറ്റവും പ്രധാനം.

ഒരു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവഹിക്കുന്നത് ഭരണസമിതി, സ്റ്റിയറിങ്ങ് കമ്മിറ്റി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, പ്രസിഡന്റ്, സെക്രട്ടറി, കൈമാറിക്കിട്ടിയ ഓഫീസിന്റെ മേധാവികൾ എന്നിവരാണ്. ഇവരിൽ നിക്ഷിപ്തമായ ചുമതലകളാണ് താഴേയ്ക്ക് വിഭജിച്ചു നൽകുന്നത്. ഓഫീസ് ഉത്തരവുവഴി ലഭിക്കുന്ന ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും പരിപൂർണ്ണമായി നിറവേറ്റാൻ അതു കൈകാര്യം ചെയ്യുന്നവർ ബാധ്യസ്ഥരാണ്. ഇത്തരത്തിലുള്ള ആരോഗ്യകരമായ പ്രവർത്തനത്തിന് പശ്ചാത്തലം സൃഷ്ടിക്കുന്നതിന് നേതൃത്വം വഹിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്.

ഓഫീസ് മാനേജ്മെന്റിന്റെ അനിവാര്യഘടകങ്ങളാണ് സുതാര്യതയും ഉത്തരവാദിത്തബോധവും. ഇവ ഒരേസമയം ലക്ഷ്യവും മാർഗ്ഗവുമായിരിക്കണം. മാനേജ്മെന്റ് തന്ത്രങ്ങൾ രൂപപ്പെടുത്തേണ്ടതും ഇവയുടെ അടിസ്ഥാനത്തിലായിരിക്കണം. .

സ്ഥാപന മാനേജ്മെന്റ് മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ലോകമെമ്പാടുമുള്ള സ്ഥാപനങ്ങൾ കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. മത്സരത്തെ അതിജീവിക്കുന്നതിനാണ് സ്വകാര്യ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിക്കുന്നതെങ്കിൽ മെച്ചപ്പെട്ട പരിപാടികൾക്കും സേവനങ്ങൾക്കുമായുള്ള ജനതയുടെ ആവശ്യമാണ് പൊതുസ്ഥാപനങ്ങളെ ഇതിനെക്കുറിച്ചാലോചിക്കാൻ പ്രേരിപ്പിക്കുന്നത്. ഒരു സ്ഥാപനത്തെ മൊത്തമായി കണ്ടുകൊണ്ട് സമ്പൂർണ ഗുണനിലവാരനിയന്ത്രണം ഉറപ്പുവരുത്തി ഉയർന്ന നിലവാരത്തിലുള്ള സേവനപ്രദാനവും മറ്റ് ചുമതലാനിർവ്വഹണവും സാദ്ധ്യമാക്കുക എന്നതാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ മുഖ്യ ഉത്തരവാദിത്തം.

### I. സമ്പൂർണ ഗുണനിലവാര നിയന്ത്രണം
(Total Quality Management-TQM)

പ്രാദേശിക ഭരണ സംവിധാനം രൂപീകരിക്കപ്പെട്ടതുതന്നെ ജനതയുടെ ആവശ്യങ്ങൾ അവരുടെ സാഹചര്യത്തിനനുസരിച്ച് ജനാധിപ

ത്യപരമായും നിയമാനുസൃതമായും സാധ്യമാക്കുന്നതിനുവേണ്ടിയാണ്. പരമ്പരാഗതവും കൈമാറി ലഭിച്ചതുമായ വിവിധ ചുമതലകൾ നിറവേറ്റപ്പെടണമെങ്കിൽ പഞ്ചായത്തുകളുടെ പ്രവർത്തനം മാറ്റത്തിനുവിധേയമാകണം. ആവശ്യങ്ങൾ കൃത്യമായി നിർണയിച്ചും നിർവ്വഹിച്ചും നടപടികൾ സ്വീകരിച്ചും മുന്നോട്ടുപോകുന്നതിനും ജനതയുടെ ആവശ്യങ്ങൾക്കനുരൂപമായി പ്രവർത്തനം രൂപപ്പെടുത്തുന്നതിനും കൃത്യവും ശാസ്ത്രീയവുമായ പ്രവർത്തന രൂപരേഖകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനായുള്ള ഒരു പ്രായോഗിക തന്ത്രമാണ് സമ്പൂർണ ഗുണിലവാര നിയന്ത്രണത്തിനായുള്ള പ്രവർത്തനം അഥവാ TQM.

ഒരു സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതിന് കുറഞ്ഞത് രണ്ട് വഴികളുണ്ട്. (ഒന്ന്) കൂടുതൽ നിക്ഷേപം നടത്തി സൗകര്യങ്ങളേർപ്പെടുത്തുക (രണ്ട്) നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് തന്നെ മെച്ചപ്പെടുത്തുക. നിലവിലുള്ള ഘടകങ്ങളെ ഉപയോഗിച്ചുകൊണ്ടുതന്നെ സേവനങ്ങളുടെ ഗുണനിലവാരം എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താമെന്നതാണ് TQM ലക്ഷ്യമിടുന്നത്. നിലവിലുള്ളതിൽ നിന്നും നിർണ്ണയിക്കപ്പെട്ട ലക്ഷ്യങ്ങളിലെത്തുന്നതിന് ചെയ്യേണ്ടവ, അഥവാ ഗുണമേന്മയുടെ വർദ്ധനയാണ് ഈ സമീപനത്തിന്റെ ലക്ഷ്യം. TQM എന്നത് ഒരു തുടർ പ്രകിയയാണ്. ഇതിന്റെ പ്രവർത്തനം പൂർണ്ണമായും ജനകേന്ദ്രീകൃതവും ഗുണമേന്മാ സംസ്കാരം സൃഷ്ടിക്കുന്നതുമാണ്. ഫയലിങ്ങ് സിസ്റ്റം ക്രമബദ്ധിതമാക്കുന്നതിനൊപ്പം യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ ജനങ്ങളുടെ സംതൃപ്തിയാണിതിന്റെ മുദ്രാവാക്യം. തെറ്റുകളും പോരായ്മകളും ഇല്ലാത്ത സേവനം, ജനതയുടെ ആവശ്യത്തിനനുസരിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് പരിശോധിച്ച് പ്രായോഗിക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്ന രീതിശാസ്ത്രമാണിത്. ഇത് ഒരു ഉൽപ്പന്നമല്ല; മറിച്ച്, സ്വീകരിക്കാവുന്ന നടപടികളാണ്. ഇത് സ്ഥാപനത്തെ കർമ്മനിരതവും കാര്യക്ഷമവും ഫലപ്രദവുമാക്കുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റി അടക്കമുള്ള ഭരണസംവിധാനങ്ങളുടെ ഫലപ്രദവും ശാസ്ത്രീ

യവുമായ ഇടപെടലിലൂടെ ജനതയ്ക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും സ്ഥാപനത്തിന്റെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

**അടിസ്ഥാന തത്വങ്ങൾ**

ഏതൊരു ദൗത്യത്തിനും ചില അടിസ്ഥാന പ്രമാണങ്ങളുണ്ടാവേണ്ടതുണ്ട് എന്നതുപോലെ TQM പ്രക്രിയ നടത്തികൊണ്ടുപോകുന്നതിനും ചില അടിസ്ഥാനതത്വങ്ങളെ ആസ്പദമാക്കേണ്ടതുണ്ട്. ഇത് യാഥാർത്ഥ്യമാക്കുന്നതിന് സഹായകവും പ്രേരണാത്മകവുമായ ഒരു അന്തരീക്ഷം പഞ്ചായത്തുകളിൽ ഉണ്ടാവേണ്ടതുമുണ്ട്.

സ്ഥാപനതല മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനായി സമ്പൂർണ ഗുണനിലവാര നിയന്ത്രണം സാദ്ധ്യമാക്കുന്നതിന് നാം പ്രധാനമായും അടിസ്ഥാനമാക്കേണ്ട തത്വങ്ങൾ ഇനിപ്പറയുന്നു.

1. മേൽതട്ട് പിന്തുണ (Top Management Support)
2. ഗുണനിലവാരത്തിനായുള്ള ദീർഘകാല തന്ത്രങ്ങളുടെ ആവിഷ്കാരം (Strategic Quality Planning)
3. ജനകേന്ദ്രീകൃതം (People Centeredness)
4. പരിശീലനവും അംഗീകാരവും (Training and Recognition)
5. കൂട്ടായ്മ (Team Work)
6. നിർവഹണ വിലയിരുത്തൽ (Performance Measurement)
7. ഗുണനിലവാരം ഉറപ്പുവരുത്തൽ (Quality Assurance)

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ ഏറ്റവും പ്രധാനവും ലളിതവും സർക്കാർ സംവിധാനത്തിനു ചേരുന്നതുമായ ഏഴ് തത്വങ്ങളാണ് ഇവിടെ വിശദീകരിക്കുന്നത്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതും ഏതു സാഹചര്യത്തിലും അനുയോജ്യവുമായ ഈ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറിയ പ്രവർത്തനങ്ങൾപോലും പ്രാദേശിക ഭരണകൂടങ്ങളുടെ സ്ഥാപനശേഷിയെ വർദ്ധിപ്പിക്കാനുതകുന്നതാണ്.

TQM തത്വങ്ങളിലൂടെ എങ്ങനെ സ്ഥാപനശേഷിയും അതുവഴി മെച്ചപ്പെട്ട സ്ഥാപന മാനേജ്മെന്റും സാധ്യമാക്കാമെന്നും ഓരോ തത്വവും എങ്ങനെ പ്രയോഗതലത്തിലെത്തിക്കാമെന്നും നമുക്ക് നോക്കാം.

**1. മേൽതട്ട് പിന്തുണ** (Top Management Support)

സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണസമിതി, അതിനു മുകളിലുള്ള സർക്കാർ സംവിധാനങ്ങൾ എന്നിവരുടെ പിന്തുണ ഉണ്ടെങ്കിൽ മാത്രമേ ഏതൊരു സ്ഥാപനവും കാര്യക്ഷമമാകുകയുള്ളു. ഒരു സ്ഥാപനത്തിന്റെ പ്രവർത്തനതലവും സ്ഥാനവും തന്നെ നിശ്ചയിക്കപ്പെടുന്നത് ഈ ഘടകത്തിന്റെ യാഥാർത്ഥ്യബോധത്തോടെയുള്ള ഇടപെടലിലൂടെയാണ്. തദ്ദേശഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മേൽതട്ട് എന്നത് പ്രധാനമായും ഭരണസമിതിയാണ്. ഭരണസമിതി പ്രവർത്തിക്കുന്നതാകട്ടെ അതിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റികളിലൂടെയാണ്. ഈ മേൽതട്ട് സംവിധാനത്തിന്റെ പ്രധാന ഉത്തരവാദിത്തങ്ങൾ ഇനിപ്പറയുന്നവയാണ്.

1. നയരൂപീകരണം
2. മെച്ചപ്പെട്ട സ്ഥാപന ഘടന സാധ്യമാക്കൽ
3. ജനപ്രതിനിധികളുടേയും ജീവനക്കാരുടെയും പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ
4. എല്ലാ തലത്തിലുമുള്ള ബോധവൽക്കരണം
5. മാറ്റത്തിനു സാഹചര്യമൊരുക്കൽ, പശ്ചാത്തലമൊരുക്കൽ

ഒരു സ്ഥാപനത്തിന്റെ അടയാളം അവിടത്തെ സേവനങ്ങളുടെ ഗുണമേന്മയാണ്. അകത്തുള്ളവർക്കും പുറത്തുള്ളവർക്കും അത് ഒരുപോലെ അനുഭവപ്പെടണം. അതിന് ശരിയായതുതന്നെ ആദ്യം ചെയ്യണം. അതിനനുസൃതമായിരിക്കണം നയവും സ്ഥാപന ഘടനയും. ജീവനക്കാരിൽ ആത്മവിശ്വാസം വർദ്ധിക്കുകയും സ്വന്തം കർത്തവ്യങ്ങളെക്കുറിച്ച് കൃത്യമായ ധാരണ ഉണ്ടായിരിക്കുകയും ചെയ്യേണ്ടതു

ണ്ട്. ഭരണസംവിധാനവും ജീവനക്കാരും ജനങ്ങളും ചേർന്ന് വിശ്വസ്തതയിലധിഷ്ഠിതവും സംതൃപ്തവുമായ ഒരു സേവന സംസ്കാരത്തിന് അനുഗുണമായ പശ്ചാത്തലം സൃഷ്ടിക്കണം.

**2. തന്ത്രപരമായ ആസൂത്രണം** (Strategic Quality Planning)

സേവനം ആവശ്യമുള്ളവർക്ക് എന്തൊക്കെ സേവനങ്ങൾ, എത്രത്തോളം, എപ്പോഴൊക്കെ, എങ്ങനെ നൽകുമെന്ന ചോദ്യങ്ങളുടെ ഉത്തരമാണ് ആസൂത്രണത്തിന്റെ കാതൽ. തന്ത്രപരമായ ആസൂത്രണത്തിന്റെ ഘടകങ്ങൾ ഇനിപ്പറയുന്നവയാണ്.

1. സാമൂഹികാന്തരീക്ഷ വിശകലനം
2. സ്ഥാപനാന്തരീക്ഷ വിശകലനം
3. സ്ഥാപന ലക്ഷ്യം രൂപപ്പെടുത്തൽ
4. പ്രവർത്തന പ്രക്രിയ നിശ്ചയിക്കൽ

പൊതു സമൂഹത്തിന്റെ താല്പര്യങ്ങൾ, സർക്കാർ നയങ്ങൾ, നിയമങ്ങൾ, സാങ്കേതികവിദ്യ, സാമൂഹിക സാമ്പത്തിക പശ്ചാത്തലം, വിഭവങ്ങളുടെ ലഭ്യത തുടങ്ങിയവ സ്ഥാപനത്തിനു പുറത്തുള്ള സാമൂഹിക ഘടകങ്ങളാണെങ്കിൽ സ്ഥാപനത്തിന്റേയും ഓഫീസിന്റേയും ശക്തി-ദൗർബല്യങ്ങളും ആസ്തികളും സൗകര്യങ്ങളും നിയമപിന്തുണയുമാണ് സ്ഥാപനത്തിന്റെ ഘടകങ്ങൾ. ഈ ഘടകങ്ങളെ ആസ്പദമാക്കി വ്യക്തതയും ലാളിത്യവും അതിജീവനശേഷിയുമുള്ള പ്രേരണാത്മകമായ (motivation) കാഴ്ചപ്പാട് രൂപപ്പെടുത്തണം. കാഴ്ചപ്പാടിനനുസൃതമായി പ്രാപ്തമാക്കേണ്ടുന്ന ലക്ഷ്യങ്ങൾ അളക്കാനാവുന്നതും വിശകലനക്ഷമവും സാധ്യമാവുന്നതും യാഥാർത്ഥ്യബോധത്തിലധിഷ്ഠിതവും സമയബന്ധിതവുമായിരിക്കണം. ഈ ലക്ഷ്യപ്രാപ്തിക്കായുള്ള പ്രവർത്തന പ്രക്രിയകൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയുമാണ് അടുത്ത നടപടി.

**3. ജനകേന്ദ്രീകൃതം** (People Centeredness)

ഗുണനിലവാരം ആത്യന്തികമായി നിർണ്ണയിക്കുന്നത് പൊതുജനമാണ്. അവരുടെ പ്രതീക്ഷകൾ സ്ഥാപനം തിരിച്ചറിഞ്ഞാലേ അതി

നനുസരിച്ച് സേവനത്തിന്റെ പ്രത്യേകതകളും പ്രക്രിയകളും രൂപപ്പെടുത്താനാകൂ. അതിന് ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

1. സേവനം നൽകേണ്ടതേതൊക്കെയെന്ന് കണ്ടെത്തുക
2. അവരുടെ യഥാർത്ഥ–അടിസ്ഥാന ആവശ്യങ്ങൾ തിരിച്ചറിയുക
3. പ്രവർത്തനങ്ങൾ സേവന ഉല്പന്ന രൂപത്തിലേക്ക് മാറ്റുക
4. പ്രവർത്തന പ്രക്രിയ രൂപപ്പെടുത്തുക
5. പ്രവർത്തന പ്രക്രിയ നടപ്പാക്കുക

ഇത്തരമൊരു സമീപനം രൂപപ്പെടുത്താൻ ജനകേന്ദ്രീകൃതമായ കാഴ്ചപ്പാട് വികസിപ്പിക്കണം. ഏറ്റവും ദുർബലന്റെ സ്ഥാനത്തു നിന്ന് കാര്യങ്ങളെ നോക്കിക്കാണണം.

### 4.1. **പരിശീലനം** (Training)

വളരെയേറെ ചർച്ച ചെയ്യപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ വിഷയമാണ് പരിശീലനത്തിന്റെ ആവശ്യകത. അറിവും പ്രാപ്തിയുമുള്ള ജീവനക്കാർ ഒരു മികച്ച സ്ഥാപനത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. അതിനുള്ള വഴിയാണ് പരിശീലനം. തങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും കൂടുതൽ കാര്യക്ഷമത ആവശ്യപ്പെടുന്നതുമായ അന്തരീക്ഷത്തിലായതിനാൽ, അവിടത്തെ ജീവനക്കാർ ഈ മാറ്റത്തെ നേരിടുന്നതിന് പ്രാപ്തരായിരിക്കണമെന്നതിനാൽ നിരന്തര പരിശീലനം അത്യാവശ്യമാകുന്നു.

### 4.2. **അംഗീകാരം** (Recognition)

നേട്ടങ്ങളെ കൈയെത്തിപ്പിടിക്കുന്നതിനുള്ള പ്രവർത്തനത്തിൽ ഏറ്റവും മികച്ച ഇന്ധനമാണ് അംഗീകാരം. അർഹതയ്ക്കനുസരിച്ച് അംഗീകാരം ലഭിക്കുന്ന ജീവനക്കാർ കൂടുതൽ കർമ്മോത്സുകരും, പ്രതിബദ്ധതയുള്ളവരുമായി മാറുന്നു. അത് വ്യക്തിയുടെ അഭിമാനവും പദവിയുടെ അന്തസ്സും സ്ഥാപനത്തിന്റെ ബഹുമാന്യതയും വർദ്ധിപ്പിക്കുന്നു. മാത്രമല്ല അംഗീകാരം നൽകുന്നതിന്റെ രീതി

ശാസ്ത്രം ജീവനക്കാരെ സ്വന്തം സ്വഭാവസവിശേഷതകളെ സ്ഥാപനത്തിനനുസരിച്ച രീതിയിൽ ക്രമപ്പെടുത്താൻ പ്രേരിപ്പിക്കുന്നു. അംഗീകാരം നൽകുക എന്നത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഇത് പല തരത്തിലാകാം.

1. അഭിനന്ദന കത്തുകൾ
2. സമ്മാനങ്ങൾ
3. പരിശീലനത്തിനയയ്ക്കുക
4. പ്രത്യേകാവകാശങ്ങളും അധികാരങ്ങളും നൽകുക
5. അവാർഡോ, മെഡലോ നൽകികൊണ്ട്
6. പ്രമോഷൻ നൽകുക
7. പ്രത്യേകം ലീവ് അനുവദിക്കുക
8. അനുമോദനം സംഘടിപ്പിക്കുക
9. സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുക
10. പത്രങ്ങളിലും മറ്റും വാർത്ത നൽകുക
11. മികച്ച പ്രവർത്തകനായി തിരഞ്ഞെടുക്കുക

**5. കൂട്ടായ്മ** (Team work)

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടേയും ജീവനക്കാരുടേയും പൊതുസമൂഹത്തിന്റേയും സംഘബോധവും പ്രവർത്തനവുമാണ് വികേന്ദ്രീകൃത ഭരണത്തിന്റെ ശക്തി. പൂർണ സഹകരണവും പ്രതിബദ്ധതയും ഉണ്ടെങ്കിലേ കൂട്ടായ്മ ഉണ്ടാകൂ. പ്രതിസന്ധികളെ അതിജീവിക്കാനും പ്രവർത്തന സംതൃപ്തി കൈവരിക്കാനും ഇത് വ്യക്തികളെ സഹായിക്കുന്നു. ബുദ്ധികേന്ദ്രങ്ങളും സന്നദ്ധതയും അനുപൂരകമായി ഒത്തുചേരുമ്പോൾ സേവനനിലവാരം മെച്ചപ്പെടുന്നു. വിനിമയം വർദ്ധിക്കുന്നു. ഒറ്റയ്ക്ക് പ്രാപ്തമാവാത്തത് കൂട്ടായ്മ സാധ്യമാക്കുന്നു. ഇതിന് ഇനിപ്പറയുന്ന ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

1. ബോധവത്ക്കരണം നടത്തുക
2. പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
3. കൂട്ടായ്മക്കായുള്ള വേദികൾ, ഘടനകൾ സാധ്യമാക്കുക
4. അർഹതക്ക് അംഗീകാരം നൽകുക
5. പരസ്പര സഹകരണ മനോഭാവം യാഥാർത്ഥ്യമാക്കുക
6. പൊതു ലക്ഷ്യങ്ങൾ നിശ്ചയിക്കുക

### 6. നിർവഹണ നിലവാരം വിലയിരുത്തൽ
(Performance measurement)

ഏതൊരു ദൗത്യത്തിന്റേയും പ്രധാന ഘടകമാണ് മോണിറ്ററിംഗ്. വരുംകാല ആസൂത്രണവും പ്രവർത്തനങ്ങളും കൂടുതൽ മികച്ചതാക്കാൻ നടന്ന കാര്യങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ അനിവാര്യമാണ്. തെറ്റുകളും കുറവുകളും തിരുത്തിക്കൊണ്ട് മാത്രമേ ഏതൊരു സ്ഥാപനത്തിനും മുന്നോട്ടുപോകാനാകൂ. ഫലവത്തായ വിലയിരുത്തലിന് കർമ്മബദ്ധമായ ശ്രമം ആവശ്യമാണ്. അതിന് ഇനിപ്പറയുന്നവ ചെയ്യണം.

1. സേവനങ്ങളുടെ ക്രമപ്പെടുത്തേണ്ടുന്ന പ്രത്യേകതകൾ എന്തൊക്കെയാണെന്ന് തിട്ടപ്പെടുത്തുക.
2. പ്രതീക്ഷിത ഗുണനിലവാരവും ലക്ഷ്യങ്ങളും നിർണ്ണയിക്കുക
3. വിലയിരുത്തൽ സംവിധാനങ്ങൾ/ഉപാധികൾ ഏർപ്പാടാക്കുക
4. വിലയിരുത്തൽ സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഘടന സുസ്ഥാപിതമാക്കുക

ഇതിലൂടെ ലഭിക്കുന്ന ഫലങ്ങൾ ഇനിപ്പറയുന്ന കാര്യങ്ങൾക്ക് സഹായകരമാവും.

1. നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിന്
2. നിലവിലെ പ്രവർത്തനങ്ങൾ ഏതളവുവരെ നന്നാക്കാനാവും എന്നറിയുന്നതിന്

3. പ്രശ്നബാധിത ഘടകങ്ങളേയും കാരണങ്ങളേയും തിരിച്ചറിയുന്നതിന്
4. നിലവാരമുയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്

### 7. **ഗുണനിലവാരം ഉറപ്പുവരുത്തൽ** (Quality Assurance)

സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക ഭരണസമിതിയുടെ ഉത്തരവാദിത്തമാണ്. മികച്ച സേവനം കിട്ടുമെന്ന വിശ്വാസം ജനങ്ങൾക്കുണ്ടാകുമ്പോഴാണ് സ്ഥാപനത്തിന്റെ വിശ്വാസ്യത ഉയരുന്നത്. അതിന് ആസൂത്രിതവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങളിലൂടെ പ്രശ്നങ്ങളേയും പ്രതിബന്ധങ്ങളേയും മറികടക്കേണ്ടതുണ്ട്. ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ അതിന് സഹായകമാവും.

1. ഗുണനിലവാരം പരിശോധിക്കുക
2. പ്രതീക്ഷിത ഫലത്തിന്റെ രൂപരേഖ തയ്യാറാക്കുക
3. ജീവനക്കാരുടെ കാര്യശേഷി വികസിപ്പിക്കുക
4. തിരുത്തൽ സാധ്യമാക്കുക

മികച്ച സേവനം നൽകൽ അനായാസമായ കാര്യമല്ല. അതിന് ഭരണസമിതിക്ക് ശക്തമായ ഇച്ഛാശക്തിയും സമൂഹത്തോട് പ്രതിബദ്ധതയും ഉണ്ടാവണം. അതിനുള്ള ഗൃഹപാഠം ചെയ്യേണ്ടത് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്.

## II. സ്ഥാപന മാനേജ്മെന്റ് കമ്മിറ്റി

ഒരു പ്രാദേശിക ഭരണ സ്ഥാപനത്തിന്റെ നേട്ടം പലപ്പോഴും കണക്കാക്കുന്നത് വികസന പദ്ധതികൾക്ക് എത്ര പണം കണ്ടെത്തി, എത്ര പണം നീക്കിവെച്ചു, അതിലെത്ര ചെലവഴിച്ചു എന്നിങ്ങനെയുള്ള അന്വേഷണങ്ങളിലൂടെയാണ്. ഇത് ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. എന്നാൽ സ്ഥാപന പ്രവർത്തനത്തിന്റെ ഗുണനിലവാരം അളക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഈ സമീപനം മതിയാവില്ല. യഥാർത്ഥ ഫലങ്ങളിലാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ചെയ്ത

പ്രവർത്തനങ്ങളുടെ വിലയിരുത്തലിലൂടെയും ചെയ്യേണ്ടവ പ്രായോഗികതയോടെ ആവിഷ്കരിച്ചും മാത്രമേ ഇത് സാധ്യമാക്കാനാവൂ. അതിനുള്ള ഏറ്റവും മികച്ച ഉപാധിയാണ് സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ.

പഞ്ചായത്തുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പ് ജനകീയമാക്കുന്നതിന് ജനകീയ മാനേജ്മെന്റ് സംവിധാനങ്ങൾ അനിവാര്യമാണ്. നിലവിലുള്ള പരിമിതികൾ മറികടക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള സ്ഥാപനങ്ങൾ പരിപാലിക്കുന്നതിനും ചെയർപേഴ്സണുൾപ്പെടെ, ജനപ്രതിനിധികൾ, ജീവനക്കാർ, രാഷ്ട്രീയ പ്രവർത്തകർ, വിദഗ്ദ്ധർ, സന്നദ്ധപ്രവർത്തകർ, ഗുണഭോക്തൃപ്രതിനിധികൾ എന്നിവർ അടങ്ങിയ 15 അംഗങ്ങളിൽ കൂടാത്ത സ്ഥാപന മാനേജ്മെന്റ് സമിതികൾ രൂപീകരിക്കേണ്ടതാണ്.

ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജനപിന്തുണ നേടുക, സേവന ഗുണമേന്മ ഉറപ്പാക്കുക, പ്രവർത്തനങ്ങൾ വിലയിരുത്തുക, നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി സ്ഥാപനതലത്തിൽ വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തത്തോടെ രൂപീകരിക്കുന്ന ജനകീയ സംവിധാനങ്ങളാണ് സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ. ഇവയുടെ ഭാഗമായി കാർഷിക വികസന സമിതി, പാടശേഖര സമിതി, ആശുപത്രി വികസന സമിതി, അദ്ധ്യാപക-രക്ഷാകർത്തൃ സമിതികൾ, സ്കൂൾ -അങ്കണവാടി മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവ ശക്തിപ്പെടുത്തണം. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഓരോ സ്ഥാപനത്തിലും പ്രവർത്തനതലത്തിൽ ബന്ധപ്പെടുത്താവുന്ന വിവിധ വിഭാഗം ജനങ്ങളുടെ പ്രാദേശിക കൂട്ടായ്മയായി ഈ കമ്മിറ്റികൾ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

**ചുമതലകളും നടപടിക്രമങ്ങളും**

സ്ഥാപനങ്ങളുടെ നടത്തിപ്പ്, പ്രവർത്തന വിലയിരുത്തൽ, സ്ഥാപന പ്രവർത്തനത്തിന്റെ സുതാര്യത ഉറപ്പാക്കൽ, തുടർ പ്രവർത്തന ആസൂത്രണം നടപ്പാക്കൽ എന്നിവയാണ് ഈ കമ്മിറ്റികളുടെ പ്രധാന ചുമ

തലകൾ. ലഭ്യമായ മനുഷ്യവിഭവശേഷി ഗുണമേന്മയുള്ള ജനസേവന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക, സ്ഥാപനങ്ങളിൽ നിന്നു നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക (Standardization), സ്ഥാപനവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുക, ഓരോ മാസത്തേയും പ്രവർത്തനങ്ങൾ വിലയിരുത്താൻ സഹായിക്കുക എന്നിവയാണ് ഈ കമ്മിറ്റികളുടെ അനുബന്ധ ചുമതലകൾ.

**സ്ഥാപന പ്രവർത്തന റിപ്പോർട്ടുകൾ**

പഞ്ചായത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ അതതു സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ തയ്യാറാക്കണം. റിപ്പോർട്ട് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കണം.

- സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ; അവയിൽ നേടാൻ കഴിഞ്ഞവ, കഴിയാതെപോയവ
- സ്ഥാപന പ്രവർത്തനങ്ങളിൽ മെച്ചപ്പെടുത്തൽ സാധ്യമാക്കുന്നതിനായി നടത്തിയ ഇടപെടലുകൾ, അവയുടെ ഫലം
- സ്ഥാപനത്തിന്റെ സേവന ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി നടത്തിയ ഇടപെടലുകൾ, അവയുടെ ഫലം
- സ്ഥാപനത്തെക്കുറിച്ച് മുൻ വർഷത്തിൽ വന്ന പരാതികൾ
- നടപടികൾ സ്വീകരിച്ചവ
- സ്ഥാപനം വഴി മുൻ വർഷത്തിൽ നടപ്പിലാക്കിയ പഞ്ചായത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ, അവയുടെ ലക്ഷ്യം, ഫലം
- സ്ഥാപന മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങളുടെ എണ്ണം, അംഗങ്ങളുടെ ഹാജർ
- 1 മാനേജ്മെന്റ് കമ്മിറ്റിയുടെ പിന്തുണ ലഭ്യമായ പ്രവർത്തനങ്ങൾ

- l സ്ഥാപനം പ്രവർത്തിക്കുന്ന മേഖലയുമായി ബന്ധപ്പെട്ട് മുൻ വർഷം ഗ്രാമസഭകൾ/വികസന സെമിനാറുകൾ കർമ്മസമിതി യോഗങ്ങൾ എന്നിവയിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ, അവയിൽ സ്ഥാപനത്തിന് ഏറ്റെടുക്കാൻ കഴിഞ്ഞ പ്രവർത്തന ങ്ങൾ.

l മുൻ പ്രവർത്തന വർഷത്തിൽ സ്ഥാപനവുമായി ബന്ധപ്പെട്ട് നടന്ന പ്രധാന സാമ്പത്തിക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

l സ്ഥാപനത്തിന്റെ ദീർഘകാല പരിപാടിയിൽ മുൻ വർഷത്തിൽ നേടാനായ ലക്ഷ്യം

l ജീവനക്കാരുടെ സേവനനിർവ്വഹണത്തെക്കുറിച്ചുള്ള മാനേജ്മെന്റ് കമ്മിറ്റിയുടെ വിലയിരുത്തൽ

l ഹാജർ ബോർഡ്, വാർത്താ ബോർഡ് എന്നിവയുടെ പരിപാലനം

l പരാതികൾ കൈകാര്യം ചെയ്യുന്ന രീതി/കൃത്യത

l സ്ഥാപനവുമായി ബന്ധപ്പെട്ടു നടത്തിയ ഗുണഭോക്തൃ തിരഞ്ഞെ ടുപ്പുകളിൽ അവലംബിച്ച രീതി

l കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നിർവ്വഹണത്തിന് പഞ്ചായത്തു മായി ബന്ധപ്പെട്ടു സ്വീകരിച്ച നടപടികൾ

l ഫീൽഡ് ജീവനക്കാരുടെ പെർഫോർമൻസ്

സ്ഥാപനതലത്തിൽ പൊതുവായി പരിശോധിക്കാവുന്ന ഇക്കാര്യ ങ്ങൾക്ക് പുറമെ, ഓരോ സ്ഥാപനത്തേയും സംബന്ധിച്ച മാനദണ്ഡ ങ്ങൾ തയ്യാറാക്കി അവയുടെ അടിസ്ഥാനത്തിൽ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കണം.

## III. പൗരാവകാശ രേഖ

പൗരാവകാശരേഖയിൽ അവശ്യം ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഓഫീസിനെ/ സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ

2. ലഭ്യമാക്കുന്ന സേവനങ്ങൾ
3. സേവനം ലഭ്യമാക്കുന്ന ഉദ്യോഗസ്ഥൻ
4. സേവനം ലഭ്യമാകാൻ അപേക്ഷിക്കേണ്ട വിധം
5. നിബന്ധനകൾ
6. സേവനം ലഭിക്കുന്നതിനാവശ്യമായ ഫീസ് നിരക്ക്
7. കാലയളവ്

പൗരാവകാശരേഖയിലൂടെ പൊതുജനങ്ങൾക്ക് ഉറപ്പുനൽകുന്ന സേവനത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ ഇനിപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്തി പരിഹരിക്കാനാകും.

1. പരാതി/നിർദ്ദേശപ്പെട്ടികൾ
2. സർവ്വേകൾ
3. ചോദ്യാവലികൾ
4. കൂടിക്കാഴ്ചകൾ
5. സിറ്റിസൺ റിപ്പോർട്ട് കാർഡ്

പരാതിപരിഹാര സംവിധാനങ്ങൾകൂടി പൗരാവകാശരേഖയിൽ ചേർക്കുന്നത് ജനസൗഹൃദ നടപടിയായിരിക്കും.

### IV. ജീവനക്കാരുടെ കൂട്ടായ്മകൾ (Quality Control Circle - QCC)

പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളിലൂടെ മാത്രം സേവന നിലവാരത്തെ ബാധിക്കുന്ന പ്രശ്നങ്ങളെ കണ്ടെത്താനാവില്ല. പ്രശ്നങ്ങളെ കണ്ടെത്തുന്നതിലും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിലും ജീവനക്കാർക്ക് വളരെയേറെ സംഭാവന ചെയ്യാൻ കഴിയും. അതിനുള്ള ഏറ്റവും നല്ല ഘടനയാണ് ജീവനക്കാരുടെ കൂട്ടായ്മ അഥവാ ക്വാളിറ്റി കൺട്രോൾ സർക്കിളുകൾ.

ഇത് ജീവനക്കാരുടെ ഔദ്യോഗിക സംഘം ചേരലാണ്. ജോലി സംബന്ധമായ പ്രശ്നങ്ങളെ തിരിച്ചറിയുന്നതിനും വിശകലനം ചെയ്യുന്നതിനും പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും ഈ

ഒത്തുചേരൽ സഹായിക്കും. പങ്കാളിത്ത സംവിധാനത്തിന്റെ മറ്റൊരു രൂപമാണിത്. ഇത് ഇനിപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ സാധ്യമാക്കാം.

1. സർക്കിളുകൾ സ്ഥാപിക്കൽ
2. പരിശീലനം നൽകൽ
3. അംഗീകാരം നൽകൽ

ഒരോ ഓഫീസിലേയും ജീവനക്കാരെ ജോലിയുടെ സ്വഭാവമനുസരിച്ച് സർക്കിളുകളായി തിരിക്കുക. അവരിൽ നിന്നും പ്രതീക്ഷിക്കുന്നതിനെപ്പറ്റി അവരോട് പറയുക. നിരന്തര കൂടിച്ചേരലുകളിലൂടെ അവർ പ്രശ്നങ്ങൾ കണ്ടെത്തട്ടെ. അവരുടെ തലത്തിൽ പരിഹരിക്കാവുന്നവ സ്വയം പരിഹരിക്കട്ടെ. മേൽതട്ട് പിന്തുണ വേണ്ടതിന് അത് നൽകുക. അങ്ങനെ തെറ്റുകളും കുറവുകളുമില്ലാത്ത സേവന നിലവാരം പ്രാപ്തമാക്കുക. ഇത്തരം സംവിധാനങ്ങൾ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായം ചെയ്യും. മാത്രമല്ല, ഇനിപ്പറയുന്ന നേട്ടങ്ങൾക്കും അതിടയാക്കും.

1. ഭരണസമിതിയും ജീവനക്കാരും തമ്മിൽ നല്ല ബന്ധം വളർത്തും
2. പരസ്പര സംതൃപ്തി വളർത്തും
3. പ്രവർത്തന സംതൃപ്തി കൈവരുത്തും
4. ജോലി ചെയ്യാനുള്ള പ്രേരണ (motivation) ഉണ്ടാക്കും
5. ആത്മവിശ്വാസം വർദ്ധിപ്പിക്കും
6. നേതൃത്വപാടവം വർദ്ധിപ്പിക്കും
7. സൃഷ്ടിപരത വർദ്ധിപ്പിക്കും
8. സ്ഥാപനത്തിന്റേയും നടപടികളുടേയും കാര്യക്ഷമത വർദ്ധിപ്പിക്കും
9. കൂട്ടായ്മ വർദ്ധിപ്പിക്കും
10. ഉടമസ്ഥതാ മനോഭാവം വളർത്തും
11. ഏറ്റവും മികച്ച വിഭവസ്രോതസ്സുകളായി ജീവനക്കാർ മാറും
12. ഉത്തരവാദിത്തബോധം വർദ്ധിക്കും
13. പ്രതിബദ്ധത വർദ്ധിക്കും
14. അംഗീകാരം ലഭിക്കും
15. മൂല്യബോധം വർദ്ധിക്കും

# 5

## ദാരിദ്ര്യനിർമാർജനം

സാമ്പത്തിക വികസനത്തിനും സാമൂഹികനീതിയ്ക്കും സഹായകമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക എന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. ദരിദ്രരെ കണ്ടെത്തുക, അവർക്കുവേണ്ടി സ്വയം തൊഴിൽ പരിപാടികൾ നടപ്പാക്കുക, പാവപ്പെട്ടവർക്ക് തുടർച്ചയായി മെച്ചം കിട്ടത്തക്കതരത്തിൽ സാമൂഹിക ആസ്തികൾ ഉണ്ടാക്കുക, സ്വയംതൊഴിലിനായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയെല്ലാം ദാരിദ്ര്യനിർമാർജനവുമായി ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകളായി പഞ്ചായത്തീരാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ദാരിദ്ര്യം എന്നത് ബഹുതല സ്പർശിയായ ഒരു ജീവിത അവസ്ഥയാണ്. വിവിധങ്ങളായ ഇല്ലായ്മകളുടെ കൂടിച്ചേരലാണ് ദാരിദ്ര്യം. സമൂഹത്തിലെ ഒരു വ്യക്തിക്കും ഇങ്ങനെ ഒരു അവസ്ഥ ഇല്ലാതാകുമ്പോഴാണ് ദാരിദ്ര്യം നിർമാർജനം ചെയ്യപ്പെടുന്നത്. ഈ ലക്ഷ്യം നേടുന്നതിന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ആത്മാർത്ഥമായി പരിശ്രമിച്ചാൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ കഴിയും.

### എന്താണ് ദാരിദ്ര്യം

ഇല്ലായ്മകളുടെ കൂടിച്ചേരലാണ് ദാരിദ്ര്യം എന്ന് സൂചിപ്പിച്ചുവല്ലോ. ഭക്ഷണം, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, ശുചിത്വ സൗകര്യങ്ങൾ, തൊഴിൽ, വരുമാനം, ആരോഗ്യം, സുരക്ഷിതത്വം, അവസരം

തുടങ്ങിയവയുടെ ഇല്ലായ്മകളിലൂടെയാണ് ദാരിദ്ര്യം പ്രകടമാകുന്നത്. ഇല്ലായ്മകളുടെ മാത്രമല്ല അവകാശ നിഷേധത്തിന്റെ കൂടി പ്രതിഭാസമാണ് ദാരിദ്ര്യം. ദരിദ്രകുടുംബങ്ങൾ ഭക്ഷണം വാങ്ങാൻ പണമില്ലാത്തവരാണ്. അല്ലെങ്കിൽ ഭക്ഷണത്തിനുവേണ്ടി പണം ചെലവഴിച്ചു കഴിഞ്ഞാൽ പിന്നെ കൈയ്യിൽ ബാക്കിയൊന്നും ഇല്ലാത്തവരാണ്. അങ്ങനെ വരുമ്പോൾ മറ്റ് അടിസ്ഥാനാവശ്യങ്ങളായ വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കുവേണ്ടി ചെലവഴിക്കാൻ അവർക്ക് വകയില്ലാതാകുന്നു. അതിന്റെ ഫലമായി വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വരുന്നു. അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കപ്പെടുന്നവർ സ്വാഭാവികമായും അടിസ്ഥാന സേവനങ്ങൾ ലഭ്യമാകാത്തവരും അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരും ആയിരിക്കും. ഇപ്രകാരമുള്ളവർ നിശ്ശബ്ദരും അധികാര ശൂന്യരുമായിരിക്കുമെന്നതിൽ സംശയമില്ല. അതുകൊണ്ടുതന്നെ ദാരിദ്ര്യത്തിന് സാമൂഹികവും സാമ്പത്തികവുമായ മാനങ്ങളുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ദാരിദ്ര്യം എന്നത്

1. അടിസ്ഥാന ആവശ്യങ്ങളുടെ അഭാവം
2. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
3. അടിസ്ഥാന സേവനങ്ങളുടെ അപ്രാപ്യത
4. അടിസ്ഥാന അവകാശങ്ങളുടെ നിഷേധം എന്നിവയാണ്.

**ദാരിദ്ര്യത്തിന്റെ വിവിധ മുഖങ്ങൾ**

ദാരിദ്ര്യം പ്രകടമാക്കപ്പെടുന്നത് ഇല്ലായ്മകളുടെ വ്യത്യസ്ത മുഖങ്ങളിലൂടെയാണ്. ചില ഉദാഹരണങ്ങൾ :

*ദാരിദ്ര്യവും വരുമാനവും* : ഒരു വ്യക്തിക്ക്/കുടുംബത്തിന് ലഭിക്കുന്ന വരുമാനം എത്ര എന്നതിനെ ആശ്രയിച്ചിരിക്കും കുടുംബത്തിന്റെ ദാരിദ്ര്യാവസ്ഥ. എന്നാൽ സമൂഹത്തിലുണ്ടാകുന്ന സാമ്പത്തിക വളർച്ച കൊണ്ടുമാത്രം ദാരിദ്ര്യം അവസാനിപ്പിക്കാനാവില്ല.

മറിച്ച് വരുമാനത്തിന്റെ പുനർവിതരണം ദരിദ്രർക്ക് അനുകൂലമാകണം.

*ദാരിദ്ര്യവും വിദ്യാഭ്യാസവും* : ദരിദ്രകുടുംബങ്ങൾ വിദ്യാഭ്യാസപരമായി പുറകിലായിരിക്കും. അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പാടുപെടുമ്പോൾ ഉയർന്ന വിദ്യാഭ്യാസം നേടാൻ സാധ്യത കുറയുന്നു. കുറഞ്ഞ വിദ്യാഭ്യാസ അവസ്ഥ അവരെ കൂടുതൽ ദാരിദ്ര്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

*ദാരിദ്ര്യവും പരിസ്ഥിതിയും* : പരിസ്ഥിതിയിലുണ്ടാകുന്ന പ്രശ്നങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് പാവപ്പെട്ടവരെയാണ്. അത് അവരുടെ തൊഴിലവസരങ്ങൾ കുറയ്ക്കുന്നതിനും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനും ഇടയാക്കുന്നു. നിത്യജീവിതാവശ്യങ്ങൾ (കുടിവെള്ളം ശേഖരിക്കൽ, വിറക് ശേഖരിക്കൽ മുതലായവ) നിറവേറ്റൽ ഏറെ ക്ലേശകരവുമാക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളെയാണ് ബാധിക്കുന്നത്.

*സ്ത്രീകളും ദാരിദ്ര്യവും* : കുടുംബത്തിലേയും സമൂഹത്തിലേയും ദാരിദ്ര്യം സ്ത്രീയും പുരുഷനും തുല്യമായല്ല അനുഭവിക്കുന്നത്. കുറഞ്ഞകൂലി, തൊഴിൽ നിഷേധം, തൊഴിൽ വിഭജനം തുടങ്ങി പലതരം വിവേചനങ്ങൾക്ക് സ്ത്രീകൾ ഇരകളാകുന്നു. ഒരു ദരിദ്ര സ്ത്രീ എപ്പോഴും പൊതുസമൂഹത്തിൽ അദൃശ്യയായിരിക്കും.

**ദാരിദ്ര്യം ഒരു സാമൂഹികപ്രശ്നം**

വ്യക്തികൾ ചേർന്ന് കുടുംബവും കുടുംബങ്ങൾ ചേർന്ന് സമൂഹവും സമൂഹങ്ങൾ ചേർന്ന് രാഷ്ട്രവും നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ രാഷ്ട്രത്തിന്റെ വികസനത്തിന് സമൂഹങ്ങൾക്കും സമൂഹത്തിന്റെ വികസനത്തിന് കുടുംബങ്ങൾക്കും കുടുംബത്തിന്റെ വികസനത്തിന് വ്യക്തികൾക്കും പങ്കുണ്ട്. ദരിദ്രകുടുംബങ്ങൾ ഉൽപാദനക്ഷമമല്ലാത്തതിനാൽ പുതുതായി സാമ്പത്തിക ആസ്തികൾ സൃഷ്ടിക്കുകയോ അധികവരുമാനം ഉണ്ടാക്കുകയോ ചെയ്യുന്നില്ല. ഇത്തരം കുടുംബങ്ങൾ ചേരുന്ന സമൂഹവും തീർച്ചയായും ദരിദ്രമാ

യിരിക്കും. ദരിദ്ര സമൂഹത്തിൽ തൊഴിലോ വരുമാനമോ വർദ്ധിക്കുകയില്ല. അത്തരം സമൂഹം വീണ്ടും സൃഷ്ടിക്കപ്പെടുന്നതും ദരിദ്രരെ തന്നെയായിരിക്കും. അതുകൊണ്ടുതന്നെ ദാരിദ്ര്യം എന്നത് വ്യക്തിയുടേയോ കുടുംബത്തിന്റെയോ മാത്രം പ്രശ്നമല്ല സമൂഹത്തിന്റെ കൂടി പ്രശ്നമാണ്.

### ദാരിദ്ര്യലഘൂകരണവും തദ്ദേശഭരണസ്ഥാപനങ്ങളും

മുകൾതട്ടിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പരിപാടികളിലൂടെ ദാരിദ്ര്യ ലഘൂകരണം സാധ്യമാകില്ല എന്ന് വ്യക്തമാക്കപ്പെട്ടതാണ്. കേന്ദ്രീകൃത പദ്ധതികളിലെ 'കിനിഞ്ഞിറങ്ങൽ സിദ്ധാന്ത' (Trickle down pholosphy) വും 'ദാരിദ്ര്യത്തെ നേരിട്ട് ആക്രമിക്കുക' (Direct attack on poverty) എന്ന നയവും ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ ഏറെയൊന്നും സഹായിച്ചിട്ടില്ല എന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ഓരോ വിഭാഗത്തിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിലൂടെ മാത്രമേ ദാരിദ്ര്യം ലഘൂകരിക്കാൻ കഴിയൂ. പ്രാദേശിക പ്രത്യേകതകൾക്കനുസൃതമായ രീതിയിൽ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ കഴിയുന്നത് പ്രാദേശിക ഭരണസ്ഥാപനങ്ങൾക്കാണ്. അതുകൊണ്ടുതന്നെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ഘട്ടം ഘട്ടമായി ദാരിദ്ര്യം ഇല്ലായ്മ ചെയ്യുംവിധം ഒരു ദാരിദ്ര്യനിർമാർജന ഉപപദ്ധതി തയ്യാറാക്കി നടപ്പാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. കുടുംബശ്രീ വികസിപ്പിച്ചെടുത്ത രീതിശാസ്ത്രം അനുസരിച്ച് കീഴ്ത്തട്ടിൽ നിന്ന് തയ്യാറാക്കുന്ന ഒരു പദ്ധതിയായിരിക്കണം ദാരിദ്ര്യനിർമാർജന ഉപപദ്ധതി എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

### കുടുംബശ്രീയും ദാരിദ്ര്യനിർമാർജനവും

സംസ്ഥാനത്തെ കേവല ദാരിദ്ര്യം 10 വർഷം കൊണ്ട് പൂർണമായി ഇല്ലായ്മ ചെയ്യുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റേയും നബാർഡിന്റേയും പങ്കാളിത്തത്തോടെ സംസ്ഥാന സർക്കാർ 1998 ൽ ആരംഭിച്ച ദാരിദ്ര്യനിർമാർജന ദൗത്യമാണ് കുടുംബശ്രീ. തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ദരിദ്ര കുടുംബങ്ങളിലെ സ്ത്രീകളെ അംഗങ്ങളാക്കി രൂപീകരിച്ചിട്ടുള്ള സാമൂഹികാധിഷ്ഠിത സംഘടനാ സംവി

ധാനങ്ങളിലൂടെയാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പാക്കപ്പെടുന്നത്. പ്രാദേശിക തലത്തിൽ അയൽക്കൂട്ടവും വാർഡ്തലത്തിൽ ഏരിയാ ഡവലപ്മെന്റ്, സൊസൈറ്റി (ADS) യും തദ്ദേശഭരണ സ്ഥാപനതലത്തിൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (CDS) യും ചേർന്നതാണ് കുടുംബശ്രീ സാമൂഹികാധിഷ്ഠിത സംഘടനാ സംവിധാനം. ദരിദ്രർക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനതലത്തിൽ പദ്ധതി രൂപീകരിക്കേണ്ടതും രൂപീകരിച്ച പദ്ധതി നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ടതും കുടുംബശ്രീ സംവിധാനമാണ്. ഓരോ കുടുംബത്തിന്റേയും ക്ലേശഘടകങ്ങൾ പരിശോധിച്ച് അയൽക്കൂട്ടതലത്തിൽ പദ്ധതി തയ്യാറാക്കി, അത് വാർഡ്തലത്തിലും തദ്ദേശഭരണസ്ഥാപനത്തിലും ക്രോഡീകരിച്ച് ദാരിദ്ര്യനിർമാർജന ഉപപദ്ധതിക്ക് രൂപം നൽകുക എന്നതാണ് കുടുംബശ്രീ വികസിപ്പിച്ചെടുത്തിട്ടുള്ള രീതിശാസ്ത്രം.

**ദാരിദ്ര്യനിർമാർജന ഉപപദ്ധതി**

പൊതു പദ്ധതിയുടെ അവിഭാജ്യഘടകമായി ഓരോ തദ്ദേശഭരണസ്ഥാപനവും ഒരു ദാരിദ്ര്യനിർമാർജന ഉപപദ്ധതി തയ്യാറാക്കണം. അതിന്റെ ഘട്ടങ്ങളും രീതിശാസ്ത്രവും ചുവടെ ചേർക്കുന്നു. (വിശദാംശങ്ങൾക്ക് പദ്ധതിരൂപീകരണ മാർഗ്ഗരഖയുടെ അനുബന്ധം 4 കാണുക.)

1. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം
2. വികസനാവസ്ഥ അപഗ്രഥനം ഇതിനാവശ്യമായ വർക്കിംഗ് ഗ്രൂപ്പ് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം
3. സി.ഡി.എസ്. സംവിധാനത്തിലൂടെ കീഴ്ത്തട്ടിൽ നിന്നുള്ള ആസൂത്രണം അയൽക്കൂട്ടതലത്തിൽ സൂക്ഷ്മ (Micro) പദ്ധതി, അയക്കൂട്ടതല പദ്ധതി നിർദ്ദേശങ്ങൾ എ.ഡി.എസ്. തലത്തിൽ സംയോജിപ്പിച്ച് വാർഡ്തല പദ്ധതി, വാർഡ്തല പദ്ധതി സി.ഡി.എസ്. തലത്തിൽ സംയോജിപ്പിച്ച് പഞ്ചായത്ത്തല പദ്ധതി ഇതാണ് രീതിശാസ്ത്രം.

4. വർക്കിംഗ് ഗ്രൂപ്പ്തലത്തിൽ പദ്ധതി ക്രോഡീകരണം  സി.ഡി.എസ്. തലത്തിൽ തയ്യാറാക്കുന്ന പദ്ധതി വർക്കിംഗ് ഗ്രൂപ്പ് അപഗ്രഥനം ചെയ്യണം.  ആവശ്യമെങ്കിൽ ഭേദഗതി വരുത്താവുന്നതുമാണ്.
5. സമന്വയ ശില്പശാല
6. കരട് ദാരിദ്ര്യനിർമാർജന ഉപപദ്ധതി തയ്യാറാക്കൽ  നിശ്ചയിക്കപ്പെട്ട 8 അദ്ധ്യായങ്ങളോടെ വർക്കിംഗ് ഗ്രൂപ്പ് ഉപപദ്ധതി തയ്യാറാക്കണം.

**അഗതികൾക്ക് ആശ്രയ പ്രോജക്ട്**

എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ദാരിദ്ര്യനിർമാർജന ഉപപദ്ധതിയിൽ അഗതികൾക്ക് വേണ്ടി ആശ്രയ എന്ന സ്പഷ്ടമായ ഒരു പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്.  ആശ്രയ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രം ചുവടെ ചേർക്കുന്നു.  (വിശദാംശങ്ങൾക്ക് പദ്ധതി രൂപീകരണ മാർഗ്ഗരേഖയുടെ അനുബന്ധം 5 കാണുക.)

1. അഗതികുടുംബങ്ങളെ കണ്ടെത്തൽ  അയൽക്കൂട്ടം ചെയ്യണം
2. കണ്ടെത്തിയ കുടുംബങ്ങൾ സന്ദർശിക്കൽ  അയൽക്കൂട്ട അംഗങ്ങളും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ചേർന്ന്
3. ഓരോ കുടുംബത്തിന്റേയും വിവരങ്ങൾ രേഖപ്പെടുത്തിയുള്ള രൂപരേഖ തയ്യാറാക്കൽ  സന്ദർശനത്തിന്റേയും പരിശോധനയുടേയും അടിസ്ഥാനത്തിൽ
4. മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തുന്ന അഗതികുടുംബങ്ങളുടെ പട്ടിക തയ്യാറാക്കൽ
5. അഗതികുടുംബങ്ങളുടെ പട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം നേടൽ
6. അഗതികുടുംബങ്ങൾക്കുവേണ്ടി പരിചരണ, സേവന പാക്കേജ് തയ്യാറാക്കൽ
7. ജില്ലാ ആസൂത്രണ സമിതി തലത്തിൽ പരിശോധന, അംഗീകാരം

8. സംസ്ഥാന ദാരിദ്ര്യനിർമാർജന മിഷനിൽ നിന്ന് അംഗീകാരം നേടൽ

## ദാരിദ്ര്യനിർമാർജനവും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും

ദാരിദ്ര്യനിർമാർജനം എന്നത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന വിഷയമാണ്. കേവല ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്നത് തങ്ങളുടെ മുഖ്യ ഉത്തരവാദിത്തമായി ഓരോ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഏറ്റെടുക്കണം. ദരിദ്രരില്ലാത്ത പഞ്ചായത്ത് എന്നതായിരിക്കണം ലക്ഷ്യം. ഈ ലക്ഷ്യം ഒരു നിശ്ചിത കാലയളവിനുള്ളിൽ കൈവരിക്കുന്നതിനുള്ള പ്രവരത്തന പരിപാടികൾക്ക് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപം നൽകണം. ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾ ഒരു പ്രത്യേക വിഷയമേഖലയിലെ പ്രവർത്തനമല്ല. പഞ്ചായത്തിന്റെ എല്ലാ വിഷയമേഖലയുടേയും പരിഗണനയിൽ ദാരിദ്ര്യനിർമാർജനം വരണം. ഇത് വരുത്തുന്നതിനും ഓരോ വിഷയമേഖലയിലും (ഉദാ: കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം) ദാരിദ്ര്യനിർമാർജനത്തിന് ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ആവശ്യമായ ശ്രമങ്ങൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തേണ്ടതാണ്.

ക്ലേശഘടകങ്ങൾ പരിശോധിച്ച് ഓരോ കുടുംബത്തിന്റേയും ഓരോ ഇല്ലായ്മയും മനസ്സിലാക്കി, ഘട്ടംഘട്ടമായി ഓരോ ഇല്ലായ്മയും ഇല്ലായ്മ ചെയ്ത് ഒരു നിശ്ചിത കാലയളവിനുള്ളിൽ ദരിദ്രരില്ലാത്ത, അഗതികളില്ലാത്ത പഞ്ചായത്താക്കി മാറ്റണം. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ദാരിദ്ര്യം എന്ന ശാപത്തെ ഇല്ലായ്മ ചെയ്യാനുള്ള അവസരമാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് കിട്ടിയിട്ടുള്ളത്. അത് ഒരു ദൗത്യ (mission) മായി കണക്കാക്കണം.

## ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ സാധ്യതകൾ

ദാരിദ്ര്യ നിർമാർജന പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് താഴെപ്പറയുന്ന ഇടപെടലുകൾ നടത്താനാകും.

1. പ്രാപ്തരായ ആളുകളെ കണ്ടെത്തി ദാരിദ്ര്യനിർമാർജന വർക്കിംഗ് ഗ്രൂപ്പ് പുന:സംഘടിപ്പിക്കുക, വർക്കിംഗ് ഗ്രൂപ്പിനെ സജീവമായി പ്രവർത്തിപ്പിക്കുക
2. കുടുംബശ്രീ സാമൂഹികാധിഷ്ഠിത സംഘടനാസംവിധാനങ്ങളെ ശക്തിപ്പെടുത്തുക, അവയുടെ പ്രവർത്തനം വിലയിരുത്തുക, അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുക
3. ലഭ്യമാക്കാൻ കഴിയുന്ന എല്ലാ പ്രാഥമിക-ദ്വിതീയ സ്ഥിതിവിവരകണക്കുകളും ശേഖരിച്ച് ദരിദ്രരുടേയും അഗതികളുടേയും യഥാർത്ഥ അവസ്ഥയും പ്രശ്നങ്ങളും മനസ്സിലാക്കുക
4. ദാരിദ്ര്യനിർമാർജന വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിക്കുക. കുറവുകളോ പോരായ്മകളോ ഉണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക
5. കുടുംബശ്രീ സാമൂഹികാധിഷ്ഠിത സംഘടനാ സംവിധാനം വഴി ദാരിദ്ര്യനിർമാർജന ഉപപദ്ധതി നിർദ്ദേശങ്ങൾ ശരിയായ രീതിയിൽ തയ്യാറാക്കുക
6. വർക്കിംഗ് ഗ്രൂപ്പുകളുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിച്ച് കൃത്യമായ ലക്ഷ്യബോധവും പ്രവർത്തന പരിപാടികളുമുള്ള ദാരിദ്ര്യ നിർമാർജന ഉപപദ്ധതി തയ്യാറാക്കുന്നതിനുവേണ്ട ഇടപെടലുകൾ നടത്തുക
7. അർഹരായ ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തി ആശ്രയ പ്രോജക്ട് തയ്യാറാക്കുന്നുവെന്നും, അതിലൂടെ നിശ്ചിത സമയപരിധിക്കകം അഗതിപുനരധിവാസം സാധ്യമാകുമെന്നും ഉറപ്പുവരുത്തുക
8. ദാരിദ്ര്യനിർമാർജനം, ആശ്രയ എന്നീ പദ്ധതികളുടെ രൂപീകരണത്തിലും നിർവഹണത്തിലും പങ്കാളികളാകേണ്ട മുഴുവൻ ഉദ്യോഗസ്ഥരേയും സംഘടിപ്പിക്കുക
9. ദാരിദ്ര്യനിർമാർജനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടേയും ആശ്രയ പ്രോജക്ടിന്റെയും നിർവഹണം നിരന്തരമായി വിലയിരുത്തുക, ശരിയായ രീതിയിൽ മോണിറ്ററിംഗ് നടക്കുന്നു എന്ന് ഉറപ്പുവരുത്തുക



10. ദാരിദ്ര്യനിർമാർജനത്തിനായി പ്രവർത്തിക്കേണ്ട വിവിധ സ്ഥാപ

6

## വിദ്യാഭ്യാസ വികസനം

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സജീവമായ ഇടപെടലും ശ്രദ്ധയും ആവശ്യമായ ഒരു വിഷയമാണ് വിദ്യാഭ്യാസം. പഞ്ചായത്തീരാജ് ആക്ട് അനുസരിച്ച് പ്രീ- പ്രൈമറി മുതൽ ഹയർസെക്കൻഡറി വരെയുള്ള സർക്കാർ സ്കൂളുകളുടേയും സർക്കാർ വ്യവസായ തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനങ്ങളുടേയും സർക്കാർ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളുടേയും നടത്തിപ്പ് ചുമതല ത്രിതല പഞ്ചായത്തുകൾക്കാണ്. കൂടാതെ സാക്ഷരതാ പരിപാടികൾ നടപ്പാക്കുന്നതിന്റേയും വിദ്യാഭ്യാസം സംബന്ധിച്ച കേന്ദ്രാവിഷ്കൃത- സംസ്ഥാനാവിഷ്കൃത പരിപാടികൾ ഏകോപിപ്പിക്കുന്നതിന്റേയും ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയുമാണ്. മേൽപ്പറഞ്ഞ ചുമതലകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ഫലപ്രദമായി നിറവേറ്റുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. വരുംതലമുറയെ ആത്മധൈര്യം ഉള്ളവരും ദിശാബോധമുള്ളവരും മൂല്യബോധമുള്ളവരും സംസ്ക്കാര സമ്പന്നരുമാക്കി വളർത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പിനോടൊപ്പം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ക്രിയാത്മകമായി ഇടപെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറെ ചെയ്യാൻ കഴിയും. ഫണ്ടിന്റേയോ

ഭൗതിക സൗകര്യങ്ങളുടെയോ അദ്ധ്യാപകരുടെയോ കുറവല്ല ഈ മേഖലയിൽ നിലനിൽക്കുന്ന മുഖ്യപ്രശ്നമെന്നും നടത്തിപ്പിലെ പോരായ്മകളും താളപ്പിഴകളുമാണെന്നും തിരിച്ചറിഞ്ഞ് പ്രാദേശികമായ ഇടപെടലിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഫലപ്രദമാക്കാൻ ഏറ്റവും കൂടുതൽ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

### വിദ്യാഭ്യാസ വികസനം

ഒരു പ്രദേശത്തെ വിദ്യാഭ്യാസ വികസനത്തിന് നിദാനമായി ഒട്ടേറെ ഘടകങ്ങൾ ഉണ്ടായിരിക്കും. വിദ്യാലയങ്ങൾ, വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ, പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ , അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പൊതുസമൂഹം, വിദ്യാലയങ്ങളിൽ നടക്കേണ്ടതായ വിവിധങ്ങളായ പ്രവർത്തനങ്ങൾ മുതലായവയെ എല്ലാം ആശ്രയിച്ചായിരിക്കും വിദ്യാഭ്യാസരംഗത്തെ പുരോഗതി. ഇപ്പറഞ്ഞവയിൽ ചില സംഗതികൾ വിദ്യാഭ്യാസ വകുപ്പിന്റെ മാത്രം ചുമതലയിൽ വരുന്നതാണ്. ഉദാ: സ്കൂളുകൾ സ്ഥാപിക്കൽ, പാഠ്യപദ്ധതി, പാഠപുസ്തകം, അദ്ധ്യാപക നിയമനം മുതലായവ. ചില കാര്യങ്ങൾ പഞ്ചായത്തുകളുടെ കൂടി വിഹിതം ഉപയോഗിച്ച് എസ്. എസ്. എ പ്രോജക്ടിന്റെ ഭാഗമായി നടത്തിവരുന്നവയാണ്. ഇവ പരിഗണിച്ച് വിടവുകൾ കണ്ടെത്തി വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനുള്ള ഇടപെടലുകളാണ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം നടത്തേണ്ടത്. ഇപ്രകാരം ചെയ്യുമ്പോൾ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ചെയ്യേണ്ട പ്രവർത്തനങ്ങളും ഫണ്ട് വിനിയോഗിക്കാതെ തന്നെ നിലവിലുള്ള സംവിധാനങ്ങളെയും പ്രവർത്തനങ്ങളെയും പ്രാദേശിക ഇടപെടൽ വഴി ഫലപ്രദവും കാര്യക്ഷമവുമാക്കി ചെയ്യാവുന്ന കാര്യങ്ങളും ഏതെല്ലാമെന്ന് വേർതിരിച്ചെടുക്കേണ്ടതുണ്ട്. വകുപ്പ് ചെയ്യുന്നതും ചെയ്യേണ്ടതും തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിച്ചിട്ടില്ലാത്തതുമായ കാര്യങ്ങൾക്ക് ഫണ്ട് വിനിയോഗിക്കാൻ പാടില്ല. ഉദാ: സ്കൂൾ ഉച്ചഭക്ഷണ പരിപാടിക്ക് ഭക്ഷ്യ വസ്തുക്കൾ നൽകുന്നതും അവ കൊണ്ടുപോയി പാചകം ചെയ്ത് നൽകുന്നതിനുള്ള ചെലവ് വഹിക്കുന്നതും സർക്കാർ ആണ്. ഈ ആവശ്യത്തിന്

തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് വിനിയോഗിക്കേണ്ടതില്ല. എന്നാൽ സർക്കാർ സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കാവുന്നതാണ്. അതുപോലെ സ്കൂൾ തലം തൊട്ട് സംസ്ഥാന തലം വരെ കലാ-കായിക-ശാസ്ത്ര മേളകൾ, സാഹിത്യോത്സവങ്ങൾ എന്നിവ വകുപ്പിന്റെ ചുമതലയിലും ഉത്തരവാദിത്തത്തിലും നടത്തുന്നതാണ്. ഇത്തരം പരിപാടികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് വിനിയോഗിക്കേണ്ടതില്ല.

**ഭൗതിക സൗകര്യങ്ങൾ**

മെച്ചപ്പെട്ട വിദ്യാഭ്യാസത്തിന് മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളും ആവശ്യമാണ്. കെട്ടിടം, ഫർണ്ണിച്ചർ, കളിസ്ഥലം, ലാബ്, ലൈബ്രറി, കക്കൂസ്, കുടിവെള്ളം മുതലായവ ഇതിൽപ്പെടുന്നു. സർക്കാർ വിദ്യാലയങ്ങളിൽ ഇത്തരം ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ടെങ്കിൽ അവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പരിഹരിച്ച് നൽകേണ്ടതാണ്.

**ഗുണനിലവാര വർദ്ധനവ്**

വിദ്യാലയത്തിൽ ചേരേണ്ട പ്രായത്തിലുള്ള മുഴുവൻ കുട്ടികളും വിദ്യാലയത്തിൽ ചേർന്നു എന്ന് ഉറപ്പാക്കുക, കൊഴിഞ്ഞുപോക്ക് തടയുക, ഓരോ ക്ലാസിലും ആർജിക്കേണ്ടതായ മിനിമം നിലവാരം ആർജിക്കുന്നുവെന്ന് ഉറപ്പാക്കുക, മെച്ചപ്പെട്ട രീതിയിൽ ക്ലാസ് റൂം പഠന പ്രവർത്തനങ്ങളും പഠനാനുബന്ധ പ്രവർത്തനങ്ങളും നടക്കുക, അദ്ധ്യാപകരുടെ ശേഷിയും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുക, സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കുക മുതലായവ വിദ്യാഭ്യാസ ഗുണനിലവാരത്തിന് അത്യന്താപേക്ഷിതമാണ്. വിദ്യാലയ പ്രവർത്തനങ്ങൾ സ്ഥിരമായി വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ യഥാസമയം നടത്തിയും എസ്. എസ്. എ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആവശ്യമായ പ്രവർത്തനങ്ങൾ/പരിപാടികൾ അതിൽ ഉൾപ്പെടുത്തിയും ഗുണനിലവാര വർദ്ധനവ് ഉറപ്പുവരുത്താൻ കഴിയും. ഉദാ: സ്കൂളിൽ നടക്കുന്ന പഠന

പ്രവർത്തനങ്ങൾ വഴി മുഴുവൻ കുട്ടികളേയും മിനിമം നിലവാരത്തിൽ എത്തിക്കാൻ കഴിയുന്നില്ല. രണ്ടു രീതിയിൽ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താവുന്നതാണ്.

1) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിപാടികൾ എസ്. എസ്. എ പ്രോജക്ടിൽ ഉൾപ്പെടുത്തുക.

2) റിട്ടയർ ചെയ്ത അദ്ധ്യാപകർ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ മുതലായവരെ പ്രാദേശികമായി സംഘടിപ്പിച്ച് പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സന്നദ്ധാടിസ്ഥാനത്തിൽ അധിക പഠനം ലഭ്യമാക്കുക.

എന്നാൽ പഠിപ്പിക്കാൻ സ്കൂളിൽ അദ്ധ്യാപകരുള്ളപ്പോൾ ട്യൂഷൻ നൽകാനായി മറ്റാളുകളെ പഞ്ചായത്ത് നിയമിച്ച് അവർക്ക് ഓണറേറിയം നൽകുക എന്നത് അനുവദനീയമല്ല.

**പാഠ്യേതര-പഠനാനുബന്ധ പ്രവർത്തനങ്ങൾ**

വിദ്യാർത്ഥികളുടെ സർവതോൻമുഖമായ വികസനം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണല്ലോ. അതിനാൽ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായോ അല്ലാതെയോ വിദ്യാർത്ഥികളുടെ നാനാവിധമായ കഴിവുകൾ വികസിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടക്കേണ്ടതുണ്ട്. കലാ- കായിക - ശാസ്ത്ര മേളകൾ, സാഹിത്യ - സാംസ്കാരിക പ്രവർത്തനങ്ങൾ, ദേശസ്നേഹം, പരിസ്ഥിതി അവബോധം, സാമൂഹിക ബോധം എന്നിവ വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, വിവിധ ആഘോഷങ്ങൾ, ദിനാചരണങ്ങൾ, ശുചിത്വം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ നേടേണ്ട പ്രായോഗിക പ്രവർത്തനങ്ങൾ മുതലായവയെല്ലാം ഇക്കൂട്ടത്തിൽപ്പെടുന്നവയാണ്. മൂന്ന് വിധത്തിൽ ഇത്തരം പ്രവർത്തനങ്ങളെ ഇന്നുള്ളതിൽ നിന്നും കൂടുതൽ ഫലപ്രദമാക്കാവുന്നതാണ്.

1) ജനപ്രതിനിധികളുടെ നേതൃത്വപരമായ പങ്കിലൂടെ പ്രാദേശിക സമൂഹത്തെ വിദ്യാലയവുമായി കൂടുതൽ ബന്ധപ്പെടുത്തുക. അതിലൂടെ രക്ഷിതാക്കൾ, പ്രാദേശിക സന്നദ്ധ പ്രവർത്തകർ, വിദഗ്ദ്ധർ, അനുഭവ സമ്പത്തുള്ളവർ എന്നിവരുടെ പ്രതിഫലേച്ഛ കൂടാതെയുള്ള സേവനം വിദ്യാലയങ്ങൾക്ക് ലഭ്യമാകും.

2) മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് ആവശ്യമായ പ്രത്യേക പരിപാടികൾ എസ്.എസ്.എ. പ്രോജക്ടിൽ ഉൾപ്പടുത്തുന്നതിന് പഞ്ചായത്തുകൾ മുൻകൈ എടുക്കുക.

3) തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥരുടേയും വൈദഗ്ദ്ധ്യവും സേവനവും ഫണ്ടും മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുക. (ഉദാ: സ്കൂൾ പച്ചക്കറി കൃഷി- കൃഷി ഭവൻ, ആരോഗ്യ - ശുചിത്വ ബോധവൽക്കരണം- പി.എച്ച്.സി/എൻ. ആർ.എച്ച്.എം)

### സഹായ സംവിധാനങ്ങൾ

പഞ്ചായത്ത് എഡ്യുക്കേഷൻ കമ്മറ്റി , വിദ്യാലയ വികസന സമിതി, പി. ടി. എ, എം. പി.ടി. എ എന്നീ ജനകീയ സംഘടനാ സംവിധാനങ്ങൾ ഔപചാരിക വിദ്യാഭ്യാസ പരിപാടിയുടെ തന്നെ ഭാഗമായി ഉള്ളവയാണ്. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ മേൽപ്പറഞ്ഞ ഓരോന്നിന്റേയും പ്രവർത്തനം എല്ലായിടത്തും ഒരു പോലെയല്ല. ഇത്തരം സഹായ സംവിധാനങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും വിദ്യാലയ പ്രവർത്തനങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് സജ്ജമാക്കുന്നതിനും വേണ്ട നിരന്തരം ഇടപെടൽ പഞ്ചായത്തുകൾക്ക് നടത്താവുന്നതാണ്. ഇത്തരം ജനകീയ സംഘടനാ സംവിധാനങ്ങളെ ഫലപ്രദമാക്കിയാൽ തന്നെ വിദ്യാഭ്യാസ വികസനം സുഗമമാകും.

## എസ്.എസ്.എ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വർഷവും എസ്. എസ്. എ പ്രോജക്ട് തയ്യാറാക്കുന്നുണ്ട്. പ്രോജക്ട് തയ്യാറാക്കുന്നതിന്റെ പൂർണ ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്തിനാണ്. ആവശ്യമായ സഹായം എസ്. എസ്. എ. നൽകും. ഇപ്രകാരം തയ്യാറാക്കുന്ന പ്രോജക്ടിന് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഒരു നിശ്ചിത തുക തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും നൽകണം. പഞ്ചായത്തിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾ പ്രതിഫലിക്കും വിധം പ്രോജക്ട് തയ്യാറാക്കാൻ വേണ്ട ഇടപെടലും പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്ത് നടത്തേണ്ടതാണ്. വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടോ അവയെല്ലാം ഈ പ്രോജക്ടിൽ ഉൾപ്പെടുത്തണം. എന്നാൽ എസ്.എസ്.എ മാർഗ്ഗനിർദ്ദേശങ്ങളിലും പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിലും പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ചുമതലകളിലും അടിസ്ഥാനത്തിലോ അനുവദനീയമല്ലാത്ത കാര്യങ്ങൾ ഉൾപ്പെടുത്താൻ കഴിയുകയില്ല. മൂന്ന് തരത്തിലുള്ള സഹായം എസ്. എസ്. എ മുഖേന ലഭിക്കുന്നതാണ്.

1. ഗുണനിലവാര വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ: അദ്ധ്യാപകർക്കാവശ്യമായ പരിശീലനങ്ങൾ, പ്രതിമാസ അദ്ധ്യാപക യോഗങ്ങൾ, പിന്നാക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, മാനസിക - ശാരീരിക വൈകല്യമുള്ളവർക്കുള്ള പ്രത്യേക അദ്ധ്യാപനം, അദ്ധ്യാപകരെ സഹായിക്കുന്നതിനുള്ള ഓൺ ദി സ്പോട്ട് സപ്പോർട്ട് പ്രോഗ്രാം, തൊഴിൽ വൈദഗ്ദ്ധ്യ പോഷണം, പ്രത്യേക വിഷയങ്ങളിൽ ക്യാമ്പുകൾ (ബാലികാ സമൃദ്ധി യോജന, മാനസിക - ശാരീരിക വൈകല്യമുള്ളവർക്ക് കലാ ക്യാമ്പ് മുതലായവ).

2. ഭൗതിക സൗകര്യ വർദ്ധനവിനുള്ള പ്രവർത്തനങ്ങൾ : അതാത് കാലത്ത് നിശ്ചയിക്കുന്ന പ്രകാരമുള്ള തുക.

3. അദ്ധ്യാപകർക്കും സ്കൂളുകൾക്കും ഗ്രാന്റ് : എട്ടാം ക്ലാസ് വരെയുള്ള ഓരോ അദ്ധ്യാപകനും പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് വസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിന് ഓരോ വർഷവും ടീച്ചേഴ്സ് ഗ്രാന്റും പ്രൈമറി തലം വരെയുള്ള ഗവൺമെന്റ്, എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുൾപ്പെടെ ഏത് വിദ്യാഭ്യാസ ആവശ്യത്തിനും ഉപയോഗിക്കുന്നതിനായി ഓരോ വർഷവും അനുവദിക്കുന്ന സ്കൂൾ ഗ്രാന്റ്.

**.പഞ്ചായത്ത് വിദ്യാഭ്യാസ പദ്ധതി**

ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷവും ഒരു പഞ്ചായത്ത് വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കണം. ഇത് തയ്യാറാക്കേണ്ടത് പഞ്ചായത്തിന്റെ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് ആണ്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ജോയിന്റ് കൺവീനറായി ബന്ധപ്പെട്ട പഞ്ചായത്തിന്റെ ചുമതലയുള്ള എസ്.എസ്.എ യുടെ റിസോഴ്സ് പേഴ്സണെ നിശ്ചയിക്കണം. പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഒരു സ്റ്റാറ്റസ് റിപ്പോർട്ട് ഈ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. ഈ സ്റ്റാറ്റസ് റിപ്പോർട്ടിൽ നിന്ന് പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ, പ്രശ്നങ്ങൾ, ആവശ്യങ്ങൾ, ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ, അവയുടെ സാധ്യതകൾ, മുൻഗണനകൾ എന്നിവ മനസ്സിലാക്കാൻ കഴിയണം. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളുള്ള ഒരു വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൽകണം.

1. പഠന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
2. പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ – ഉദാ: ക്ലാസ് റൂം, ലൈബ്രറി, കമ്പ്യൂട്ടർ റൂം മുതലായവ
3. അനുബന്ധ സൗകര്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ – ക്ലാസ് റൂം, കളിസ്ഥലം, ചുറ്റുമതിൽ, അടുക്കള മുതലായവ
4. ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ – കളിസ്ഥലം, ലാബ് മുതലായവ

5. സാക്ഷരതാ, തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

മേൽപ്പറഞ്ഞ അഞ്ച് ഘടകങ്ങളിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളെ താഴെപ്പറയുന്ന അഞ്ച് വിഭാഗങ്ങളായി തിരിക്കണം.

1. എസ്. എസ്. എ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ
2. പഞ്ചായത്തിന്റെ വികസന ഫണ്ട് /തനത് ഫണ്ട് വിനിയോഗിച്ച് ചെയ്യാൻ കഴിയുന്നവ
3. മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ചെയ്യാൻ കഴിയുന്നവ
4. മുകൾത്തട്ട് പഞ്ചായത്തുകളിലേക്ക് /സർക്കാരിലേക്ക് നിർദ്ദേശിക്കേണ്ടവ
5. പ്രാദേശിക സന്നദ്ധ പ്രവർത്തനത്തിലൂടെ /മറ്റ് സംവിധാനത്തിലൂടെ ചെയ്യേണ്ടവ (ഉദാ: എയ്ഡഡ് വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യ വർദ്ധനവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ പി. ടി. എ, മാനേജ്മെന്റ് എന്നിവയുടെ സഹായ സഹകരണത്തോടെ ചെയ്യാം. പിന്നാക്കം നിൽക്കുന്നവർക്കായുള്ള ട്യൂഷൻ പരിപാടി പ്രാദേശികമായി അദ്ധ്യാപകരേയും കോളേജ് വിദ്യാർത്ഥികളെയും മറ്റും സംഘടിപ്പിച്ച് സന്നദ്ധാടിസ്ഥാനത്തിൽ ചെയ്യാൻ കഴിയും. എസ്. എസ്. എ ഫണ്ടോ പഞ്ചായത്ത് ഫണ്ടോ വിനിയോഗിച്ച് നടത്താൻ അനുവാദമില്ലാത്ത ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ ആഘോഷങ്ങൾമുതലായവ പ്രാദേശിക വിഭവസമാഹരണത്തിലൂടെയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും നടത്തേണ്ടി വരും.

ഒന്നാം വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ എസ്.എസ്.എ പ്രോജക്ടിലും രണ്ടും മൂന്നും വിഭാഗങ്ങളിൽപ്പെടുന്നവ പഞ്ചായത്തിന്റെ പദ്ധതിയിലും ഉൾപ്പെടുത്തണം. നാലാം വിഭാഗത്തിൽപ്പെട്ടവ രേഖാമൂലം അതാത് തലങ്ങളിലേക്ക് നൽകുകയും അഞ്ചാം വിഭാഗത്തിൽപ്പെട്ടവ നടത്തുന്നതിന് വേണ്ട

തുടർപ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും വിദ്യാലയ തലത്തിലും രൂപപ്പെടുത്തുകയും വേണം.

**ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ സാധ്യതകൾ**

1. പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, മേൽനോട്ടം വഹിക്കുക, വി.ഇ.സി യെ ശക്തിപ്പെടുത്തുക
2. ഫലപ്രദമായ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നതിന് ശ്രദ്ധിക്കുക. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക
3. പഞ്ചായത്ത് വിദ്യാഭ്യാസ പദ്ധതി യഥാസമയം തയ്യാറാക്കുന്നതിനു വേണ്ട ഇടപെടൽ നടത്തുക, ഫലപ്രദമായ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നു എന്ന് ഉറപ്പാക്കുക
4. പഞ്ചായത്ത് വിദ്യാഭ്യാസ പദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരം എസ്.എസ്.എ പ്രോജക്ട് തയ്യാറാക്കുന്നു എന്ന് ഉറപ്പ് വരുത്തുക
5. വിദ്യാലയങ്ങളിലെ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ പ്രതി മാസം വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക
6. വിദ്യാഭ്യാസ രംഗത്തെ വിടവുകൾ കണ്ടെത്തി അവ നികത്താനാവശ്യമായ നടപടികൾ നിർദ്ദേശിക്കുക
7. വിദ്യാലയ വികസന സമിതി, പി.ടി.എ, എം.പി.ടി.എ. എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സജീവമാക്കുന്നതിനുള്ള ഇടപെടൽ നടത്തുകയും ചെയ്യുക
8. എസ്.എസ്.എ പ്രോജക്ടിന്റെയും പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ ഫലപ്രദവും സമയബന്ധിതവുമായ നിർവഹണം ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുക, അവയുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുക.

# 7

# ആരോഗ്യം

സാമ്പത്തികമായി പിന്നാക്കമായിട്ടും വികസന രാജ്യങ്ങളോട് കിടപിടിക്കുന്ന നേട്ടങ്ങൾ ആരോഗ്യ മേഖലയിൽ സൃഷ്ടിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ മരണനിരക്ക്, ശിശുമരണ നിരക്ക്, കൂടിയ ആയുർദൈർഘ്യം എന്നിങ്ങനെ പൊതുവെ അംഗീകരിക്കപ്പെടുന്ന ആരോഗ്യ സൂചികകൾ ഇതാണ് കാണിക്കുന്നത്. ആരോഗ്യ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ ഇടയാക്കിയ നിരവധി കാരണങ്ങൾ നമുക്ക് ചൂണ്ടിക്കാണിക്കാനാവും. ഉയർന്ന സാക്ഷരതാ നിലവാരം, രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ, ഭൂപരിഷ്കരണം, പൊതുവിതരണ സംവിധാനം എന്നിവ അവയിൽ ചിലതാണ്. എന്നാൽ ഇതോടൊപ്പം എടുത്തു പറയേണ്ട ഒന്നാണ് സാർവത്രികവും സൗജന്യവുമായ കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം. ഗ്രാമങ്ങളിലും നഗരങ്ങളിലും തുല്യമായി വീതിച്ചു കിടക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രികൾ മെഡിക്കൽ കോളേജുകൾ എന്നിവയടങ്ങുന്ന ഒരു ആരോഗ്യ രക്ഷാസംവിധാനം നമുക്കുണ്ട്. കൂടാതെ, ആയുർവേദം, ഹോമിയോപ്പതി, തുടങ്ങിയ വൈദ്യസമ്പ്രദായങ്ങളും സർക്കാർ സംവിധാനത്തിൽ ഇവിടെ പ്രവർത്തിച്ചു വരുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി മേൽപ്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങളുടെയെല്ലാം നടത്തിപ്പ് ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

ഗ്രാമപഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും അനിവാര്യ-പൊതുചുമതലകളിൽ ഏറെയും ആരോഗ്യവുമായി ബന്ധപ്പെട്ടതാണ്. ആരോഗ്യമെന്നാൽ ആശുപത്രിയും ചികിത്സയുമെന്നതിനേക്കാളേറെ രോഗപ്രതിരോധത്തിന് ഊന്നൽ നൽകുക എന്നതാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ പൊതു-ചുമതലകളിൽ വ്യക്തമാക്കുന്നത്. ആരോഗ്യമേഖലയിൽ നൽകപ്പെട്ട ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിനായി ഡിസ്പൻസറികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, മാതൃ-ശിശുക്ഷേമകേന്ദ്രങ്ങൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ, ജില്ലാ ആശുപത്രികൾ എന്നിവയുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഏല്പിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ മാത്രമല്ല അവയിലെ ഉദ്യോഗസ്ഥരെയും ബന്ധപ്പെട്ട തദ്ദേശഭരണങ്ങൾക്ക് കൈമാറിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതലയ്ക്കുപുറമെ രോഗവിമുക്തി, രോഗ പ്രതിരോധ നടപടികൾ, കുടുംബക്ഷേമപ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

### ആരോഗ്യം എന്നാൽ

ആരോഗ്യം എന്നാൽ രോഗമില്ലാത്ത അവസ്ഥ മാത്രമല്ല. 1948 ൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) നൽകിയിട്ടുള്ള നിർവ്വചനം അനുസരിച്ച് ആരോഗ്യം എന്നാൽ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ്. അതുകൊണ്ടു തന്നെ ആരോഗ്യമെന്നത് ഡോക്ടർമാരുടേയോ ആരോഗ്യപ്രവർത്തകരുടേയോ സാമൂഹ്യസേവകരുടേയോ മാത്രം പ്രശ്നമല്ല, സമൂഹത്തിന്റെ ആകെ പ്രശ്നമാണ്, സാമൂഹികനീതിയുടെ പ്രശ്നമാണ്.

ആരോഗ്യം സമം ആശുപത്രി, ഡോക്ടർ, മരുന്ന് എന്ന സമവാക്യം സാധാരണക്കാരിൽ പോലും രൂഢമൂലമായി വരികയാണ്. ഈ സമവാക്യം ശുദ്ധ അസംബന്ധമാണെന്ന്  തിരിച്ചറിയേണ്ടതുണ്ട്. ഈ സമവാക്യം മരുന്നുല്പാദകർക്കും ആശുപത്രി നടത്തിപ്പുകാർക്കും ഡോക്ടർമാർക്കും വമ്പിച്ച നേട്ടം ഉണ്ടാക്കിയേക്കും. എന്നാൽ മേൽപ്പ

റഞ്ഞവ ഇല്ലാതെതന്നെ ആരോഗ്യമുള്ള ഒരു അവസ്ഥ ഉണ്ടാകുന്നതാണ് യഥാർത്ഥ ആരോഗ്യം. അവിടെയാണ് രോഗപ്രതിരോധ പ്രവർത്തനങ്ങളുടേയും ആരോഗ്യമുള്ള അവസ്ഥയ്ക്ക് നിദാനമായ ശുദ്ധമായ കുടിവെള്ളം, പോഷണമുള്ള ഭക്ഷണം, പരിസരശുചിത്വം, സ്വസ്ഥമായ ജീവിത സാഹചര്യങ്ങൾ മുതലായവയുടേയും പ്രസക്തി.

### ആരോഗ്യരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. ആരോഗ്യമെന്നാൽ ആശുപത്രി, ഡോക്ടർ, മരുന്ന് എന്ന ധാരണ
2. അനാരോഗ്യകരമായ പ്രവണതകൾ - ഉന്മൂലനം ചെയ്ത രോഗങ്ങൾ തിരിച്ചു വരുന്നു. പകർച്ച വ്യാധികൾ വർദ്ധിക്കുന്നു, പുത്തൻ സാംക്രമിക രോഗങ്ങൾ കടന്നുവരുന്നു.
3. ജീവിത ശൈലീ രോഗങ്ങളുടെ വർദ്ധന
4. പൊതുജനാരോഗ്യ സംവിധാനങ്ങൾ ജനങ്ങളിൽ നിന്ന് അന്യവത്കരിച്ചുകൊണ്ടിരിക്കുന്നു
5. ആരോഗ്യ മേഖലയിലെ സ്വകാര്യവൽക്കരണം, വാണിജ്യവൽക്കരണം
6. ഔഷധങ്ങളുടെ അമിതമായ ഉപയോഗം
7. പൊതുജനാരോഗ്യ സംവിധാനങ്ങളുടെ വിശിഷ്യാ എക്സ്റ്റൻഷൻ സർവീസിന്റെ (ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം) കാര്യക്ഷമതയില്ലായ്മ
8. പരിസ്ഥിതി നാശം, മലിനീകരണം, ജല ദൗർലഭ്യം

### ജീവിത രീതിയും രോഗങ്ങളും

അനാരോഗ്യകരമായ ആഹാരക്രമം, വ്യായാമക്കുറവ്, ലഹരി വസ്തുക്കളുടെ ഉപയോഗം, മാനസിക പിരിമുറുക്കം എന്നിവയെല്ലാം രോഗാതുരത വർദ്ധിപ്പിക്കാൻ ഇടയാക്കുന്നു. മാതമല്ല ജീവിതശൈലിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൂലം വായുവിൽ കൂടിയും രക്തത്തിൽ കൂടിയും ലൈംഗിക ബന്ധം വഴിയും പകരുന്ന രോഗങ്ങളുടെ അളവ്

കൂടി വരുന്നു. ജലജന്യ-പ്രാണിജന്യ- ജന്തുജന്യ രോഗങ്ങളും ജീവിത ശൈലിയിലുണ്ടാകുന്ന മാറ്റങ്ങൾ മൂലം വർദ്ധിച്ചു വരുന്നു. താഴെ കൊടുത്ത പട്ടിക ജീവിതശൈലീ രോഗങ്ങളുടെ പ്രബലത വ്യക്തമാക്കുന്നു.

**ജീവിതശൈലീരോഗങ്ങളുടെ പ്രബലത**

| രോഗങ്ങൾ | ലക്ഷം പേരിൽ | |
|---|---|---|
| | ഇന്ത്യ | കേരളം |
| രക്താതിമർദ്ദം | 549 | 1433 |
| പ്രമേഹം | 221 | 980 |
| ഹൃദ്രോഗം | 385 | 914 |
| മാനസികാരോഗ്യം | 132 | 283 |
| കാൻസർ | 42 | 39 |

നിദാനം : വികസന റിപ്പോർട്ട് എൻ.സി.എ.ഇ.ആർ 2000

### ആരോഗ്യമുള്ള ഒരു സമൂഹം എങ്ങനെ സാധ്യമാകും

ശരിയായ ആരോഗ്യത്തിന് അനുപേക്ഷണീയമായ കുടിവെള്ളം, പരിസര ശുചിത്വം, രോഗാണു നിർമ്മാർജനം, രോഗപ്രതിരോധം, പോഷണമുള്ള ആഹാരം, സ്വസ്ഥമായ ജീവിത സാഹചര്യം എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നേതൃത്വപരമായ പങ്ക് ഓരോ തദ്ദേശഭരണ സ്ഥാപനവും നിർവ്വഹിക്കണം. അതല്ലാതെ, രോഗിയാകുമ്പോൾ വീട്ടിൽ കൊണ്ടുപോയി മരുന്ന് കൊടുക്കുക, ജില്ലാ ആശുപത്രിയിലും മെഡിക്കൽ കോളേജിലും ലഭ്യമാകുന്ന ആരോഗ്യ സേവനങ്ങളും മരുന്നുകളും പ്രാഥമിക കേന്ദ്രത്തിലും ലഭ്യമാക്കാൻ ശ്രമിക്കുക, പൊതുആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പകരം ഓരോ രോഗിക്കും ചികിത്സാ സഹായം നൽകുക തുടങ്ങിയവ നൽകപ്പെട്ട ചുമതലകളുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളല്ല, ശാസ്ത്രീയമായ കാഴ്ചപ്പാടുമല്ല.

## നിലവിലുള്ള സംവിധാനങ്ങൾ

ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ അതിബൃഹത്തായ ഒരു പൊതുജനാരോഗ്യ സംവിധാനം ഇവിടെ നിലവിലുണ്ട്. ഈ സംവിധാനത്തിലെ ആരോഗ്യ സ്ഥാപനങ്ങളെയും അതിലെ ഉദ്യോഗസ്ഥരും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടവ ഏറ്റവും താഴെ തലത്തിലുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ്. അവ നിറവേറ്റേണ്ട ധർമ്മങ്ങൾ/പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ഓരോ ഗ്രാമപഞ്ചായത്തും നഗരഭരണ സ്ഥാപനവും മനസ്സിലാക്കണം. ചികിത്സയെക്കാൾ പ്രാധാന്യം രോഗ പ്രതിരോധന പ്രവർത്തനങ്ങൾക്കാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നിശ്ചയിച്ചു നൽകിയിട്ടുള്ളത്. അതനുസരിച്ചാണ് അവിടെ ജീവനക്കാരേയും നിയമിച്ചിട്ടുള്ളത്. ചികിത്സയ്ക്കായി നിയോഗിക്കപ്പെട്ട ജീവനക്കാരേക്കാൾ കൂടുതൽ ഫീൽഡ് ജീവനക്കാർ പി.എച്ച്.സി യിലുണ്ട് (ഒരു വാർഡിന് ശരാശരി രണ്ടിൽ കൂടുതൽ ഫീൽഡ് സ്റ്റാഫുണ്ട്). ഈ ജീവനക്കാരുടെ നിയന്ത്രണവും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിനുതന്നെയാണ്. ഫീൽഡ് ജീവനക്കാരുടെ പ്രവർത്തനം ഫലപ്രദമാക്കിയാൽ തന്നെ ആരോഗ്യ രംഗത്തെ ഒട്ടുമിക്ക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. അതിനു പുറമെ ചികിത്സാ വിഭാഗത്തിലുള്ളവരുടെ പ്രവർത്തനങ്ങളും ഫലപ്രദമാക്കേണ്ടതുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കൊപ്പം സബ്സെന്ററുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തപ്പെടണം. കൂടാതെ സി.എച്ച്.സികൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ഓരോതലത്തിലുമുള്ള ആയുർവേദ-ഹോമിയോ ഡിസ്പൻസറികൾ/ആശുപത്രികൾ എന്നിവയുടെ പ്രവർത്തനങ്ങളും അതാത് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കണം.

**കേരളത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ**

| | |
|---|---|
| മെഡിക്കൽ കോളേജ് | 5 |
| മെന്റൽ ഹോസ്പിറ്റൽ | 3 |
| ജില്ലാ ആശുപത്രികൾ | 11 |
| ജനറൽ ആശുപത്രികൾ | 3 |
| താലൂക്ക് ആശുപത്രികൾ | 43 |
| സർക്കാർ ആശുപത്രികൾ | 85 |
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 105 |
| പി.എച്ച്.സി | 944 |
| ഡിസ്പൻസറികൾ | 239 |
| റൂറൽ ഡിസ്പൻസറികൾ | 310 |
| സബ്സെന്ററുകൾ | 5094 |
| ആയുർവേദ സ്ഥാപനങ്ങൾ | 792 |
| ഹോമിയോപ്പതി സ്ഥാപനങ്ങൾ | 555 |

**ദേശീയ - സംസ്ഥാന ആരോഗ്യ പരിപാടികൾ**


1. ആർ.സി.എച്ച് പ്രോഗ്രാം
    - അമ്മമാർക്കുള്ള സേവനങ്ങൾ
    - കുഞ്ഞുങ്ങൾക്കുള്ള സേവനങ്ങൾ
    - കൗമാരപ്രായക്കാർക്കുള്ള സേവനങ്ങൾ
    - ജനനേന്ദ്രീയ - ലൈംഗിക രോഗ നിയന്ത്രണം
2. കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി
3. ക്ഷയരോഗ നിയന്ത്രണം
4. അന്ധതാ നിവാരണം
5. വയറിളക്ക രോഗ നിയന്ത്രണം
6. മലേറിയ നിർമ്മാർജ്ജനം
7. മന്ത് രോഗ നിർമ്മാർജ്ജനം
8. വൈകല്യ നിർണ്ണയം. പുനരധിവാസം

## ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM)

നിലവിലുണ്ടായിരുന്ന പൊതുജനാരോഗ്യ സംവിധാനത്തിനു പുറമേ വിപുലമായൊരു ആരോഗ്യ സംവിധാനം കൂടി ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. താഴെ തലത്തിൽ നിന്ന് അതാത് തദ്ദേശഭരണ സ്ഥാപനം മുഖേനയാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ആവശ്യ മായ ഫണ്ട്, സ്ഥാപനങ്ങളുടെ വികസനം, മനുഷ്യശേഷി വികസനം എന്നിവ ഈ പരിപാടിയുടെ പ്രത്യേകതകളാണ്. വാർഡ് തലത്തിലു ള്ള ASHA വർക്കർ മുതൽ ജില്ലാ കോ-ഓർഡിനേറ്റർ വരെയുള്ളവർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കേ ണ്ടവരാണ്. അതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപന ങ്ങൾ കൈക്കൊള്ളേണ്ടതാണ്.

### ഗ്രാമപഞ്ചായത്ത് എന്ത് ചെയ്യണം?

ഓരോ ഗ്രാമപഞ്ചായത്തും ശരിയായ കാഴ്ചപ്പാടോടെ ഒരു സമഗ്ര ആരോഗ്യ പരിപാടിക്ക് രൂപം നൽകണം. പരിപാടിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.



വികസന റിപ്പോർട്ടിന്റേയും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലാകണം സമഗ്രപരിപാടിക്ക് രൂപം നൽകേണ്ടത്. സമഗ്രപരിപാടിയുടെ ഓരോ ഘടകവും സൂക്ഷ്മമായി വിലയിരുത്തി ഓരോ ഘടകത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയെന്ന് നിശ്ചയിക്കണം. അതിനു ശേഷം, ആരോഗ്യമേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത (ഉദാ.പാർപ്പിടം) പ്രവർത്തനങ്ങൾ/പരിപാടികൾ സംബന്ധിച്ച ആരോഗ്യവർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകുകയും അപ്രകാരമുള്ള പ്രവർത്തനങ്ങൾ/പരിപാടികൾ ഏറ്റെടുക്കാൻ ആ വർക്കിംഗ് ഗ്രൂപ്പുകളോട് നിർദ്ദേശിക്കുകയും വേണം (ഉദാ. ജല ജന്യരോഗങ്ങൾ ബാധിക്കുന്ന പ്രദേശങ്ങളിൽ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കുടിവെള്ള വർക്കിംഗ് ഗൂപ്പിനോട് നിർദ്ദേശിക്കണം). ആരോഗ്യമേഖലയുമായി നേരിട്ട് ബന്ധമുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ആരോഗ്യപദ്ധതിക്ക്, ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് രൂപം നൽകണം.

**പഞ്ചായത്ത് ആരോഗ്യപദ്ധതി**

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും സാധ്യതകളും പഞ്ചായത്തിന്റെ ചുമതലകളും പരിഗണിച്ച് താഴെ പറയുന്ന എട്ട് ഘടകങ്ങളുള്ള ഒരു പഞ്ചായത്ത് ആരോഗ്യപദ്ധതി തയ്യാറാക്കണം.

1. ബോധവൽക്കരണ പ്രവർത്തനങ്ങൾ
2. രോഗപ്രതിരോധ പ്രവർത്തനങ്ങൾ
3. രോഗചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
4. സേവന ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
5. പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
6. അനുബന്ധ സൗകര്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ

7. ഉപകരണങ്ങൾ, സാമഗ്രികൾ എന്നിവ വാങ്ങിക്കുന്നതിനുള്ള പരിപാടികൾ
8. പശ്ചാത്തല-അനുബന്ധ സൗകര്യങ്ങളുടേയും സാമഗ്രികളുടേയും മേന്മ വർദ്ധിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ

മേൽപറഞ്ഞ എട്ട് ഘടകങ്ങളിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളെ താഴെ പറയുന്ന എട്ട് വിഭാഗങ്ങളായി തിരിക്കണം

1. ആരോഗ്യസ്ഥാപനങ്ങളിലെ ചികിത്സാ വിഭാഗത്തിൽ നിലവിലുളളവരെ ഉപയോഗപ്പെടുത്തി ചെയ്യാവുന്നവ
2. ഫീൽഡ് സ്റ്റാഫിനെ ഉപയോഗപ്പെടുത്തി ചെയ്യാവുന്നവ
3. ദേശീയ-സംസ്ഥാന ആരോഗ്യ പരിപാടികളുടെ സാധ്യത ഉപയോഗപ്പെടുത്തി ചെയ്യാവുന്നവ
4. ദേശീയ ഗ്രാമീണ റൂറൽ മിഷൻ മുഖേന ചെയ്യാവുന്നവ
5. പഞ്ചായത്തിന്റെ വികസന ഫണ്ട്/തനത്ഫണ്ട് വിനിയോഗിച്ച് ചെയ്യാവുന്നവ
6. മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ച് ചെയ്യാവുന്നവ
7. മുകൾതട്ട് പഞ്ചായത്തുകളിലേക്ക് /സർക്കാരിലേക്ക് നിർദ്ദേശിക്കേണ്ടവ
8. പ്രാദേശിക സന്നദ്ധപ്രവർത്തകർ, സന്നദ്ധസംഘടനകൾ, സ്പോൺസർമാർ എന്നിവയിലൂടെ ചെയ്യാൻ കഴിയുന്നത് (ഉദാ: ബോധവത്കരണം, അശരണരായവർക്ക് മരുന്ന്, ഭക്ഷണം മുതലായവ).

മേൽപറഞ്ഞവയിൽ പഞ്ചായത്തിന്റെ വികസനഫണ്ട്, തനത്ഫണ്ട്, മെയ്ന്റനൻസ് ഫണ്ട് എന്നിവ വിനിയോഗിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകൾ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം.

**ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ സാധ്യതകൾ**

1. ഒരു ചികിത്സാകേന്ദ്രം എന്നത് മാറ്റി, സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിന്റെ കേന്ദ്രമാക്കി ആരോഗ്യ സ്ഥാപനങ്ങളെ മാറ്റി

യെടുക്കാനുള്ള ദിശാബോധവും കാഴ്ചപ്പാടും നൽകുക.

2. ആരോഗ്യ സ്ഥാപനങ്ങളുടെ ചുമതലകൾ മനസ്സിലാക്കി, അവ നിറ വേറ്റപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
3. ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും ഉദ്യോഗസ്ഥരുടെ കാര്യക്ഷമതയും നിരന്തരം വിലയിരുത്തുക, അവർക്ക് വേണ്ട പിന്തുണയും സഹായവും നൽകുക.
4. ആരോഗ്യ സ്ഥാപനങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളും ഹോസ്പി റ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കൊണ്ടു വരു ന്നതിന് സാഹചര്യം സൃഷ്ടിക്കുക.
5. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുക.
6. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഫലപ്രദമായ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുക. അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക.
7. സമഗ്രആരോഗ്യ പരിപാടിയും പഞ്ചായത്ത് ആരോഗ്യ പദ്ധതിയും തയ്യാറാക്കുന്നതിന് നേതൃത്വം നൽകുക.
8. എൻ.ആർ.എച്ച്.എം ഉൾപ്പെടെ എല്ലാ കേന്ദ്ര-സംസ്ഥാനാവിഷ്കൃത ആരോഗ്യ പരിപാടിയുമായി ബന്ധപ്പെട്ട് തങ്ങളുടെ പ്രദേശത്ത് നടക്കേണ്ട പ്രവർത്തനങ്ങൾ പഞ്ചായത്ത് വിദ്യാഭ്യാസ പദ്ധതിയു മായി സംയോജിപ്പിക്കുക, മേൽപ്പറഞ്ഞവയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും അവ നിരീക്ഷിച്ച് വിലയിരുത്തുകയും ചെയ്യുക.
9. ശരിയായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അവ യുടെ സമയബന്ധിതമായ നിർവഹണത്തിനും മോണിട്ടറിംഗിനും വേണ്ട നടപടികൾ സ്വീകരിക്കുക.
10. സന്നദ്ധ സംഘടനകൾ, സന്നദ്ധപ്രവർത്തകർ, സ്പോൺസർമാർ എന്നിവരെ പഞ്ചായത്തിന്റെ ആരോഗ്യപദ്ധതിയുമായി ബന്ധിപ്പി ക്കുന്നതിനും അവരെ സംഘടിപ്പിക്കുന്നതിനും നേതൃത്വം നൽകു ക.

# 8

# പട്ടികജാതി-പട്ടികവർഗ്ഗ വികസനം

കേരള പഞ്ചായത്തീരാജ് ആക്ടിന്റെ മൂന്ന്, നാല്, അഞ്ച് പട്ടികകൾ പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് പട്ടികജാതി-പട്ടികവർഗ വികസന മേഖലയുമായി ബന്ധപ്പെടുത്തി താഴെപ്പറയുന്ന ചുമതലകളാണ് നിശ്ചയിച്ചിട്ടുള്ളത്.

**ഗ്രാമപഞ്ചായത്തുകൾ**

1. പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി ഇവയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുക
2. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക
3. പട്ടികജാതി-പട്ടികവർഗ്ഗ ആവാസ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക
4. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുക
5. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക

**ബ്ലോക്ക് പഞ്ചായത്തുകൾ**

1. പ്രീമെട്രിക് ഹോസ്റ്റലുകൾ നടത്തുക
2. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വളർത്തുക

**ജില്ലാ പഞ്ചായത്തുകൾ**

1. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നടത്തിപ്പ്
2. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം

താഴെപ്പറയുന്ന സ്ഥാപനങ്ങളും ഉദ്യോഗസ്ഥരുമാണ് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്.

| | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|
| പട്ടികജാതി വികസന വകുപ്പ് | ബാലവാടികൾ, ബാലവാടി കം ഫീഡിംഗ് സെന്റർ, സീസണൽ കെയർ സെന്റർ, ഡോർമിറ്ററി | പ്രീമെട്രിക് ഹോസ്റ്റലുകൾ പട്ടികജാതി വികസന ഓഫീസർ | ജില്ലാ പട്ടികജാതി വികസന ഓഫീസറും സ്റ്റാഫും |
| പട്ടികവർഗ്ഗ വികസന വകുപ്പ് | ബാലവാടികൾ, മെഡിക്കൽ യൂണിറ്റ്, നഴ്സറി സ്കൂളുകൾ, മിഡ്വൈഫറി സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ഐ.ടി.ഡി.പി. പോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ |

പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ ത്രിതല പഞ്ചായത്തുകളെ ഏല്പിച്ചിട്ടുള്ള ചുമതലകളുടെ ഫലപ്രദവും കാര്യക്ഷമവുമായ നിർവഹണത്തിന്റെ മേൽനോട്ടവും ഈ മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കാൻ പഞ്ചായത്ത് കമ്മിറ്റികളെ സഹായിക്കലും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്.

**പ്രത്യേക ഘടക പദ്ധതി (SCP)**

ഓരോ തദ്ദേശഭരണസ്ഥാപനവും പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതിക്ക് രൂപം നൽകേണ്ടതുണ്ട്.

1. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ – ഉദാ: പാർപ്പിടം, ലാട്രിൻ, കുടിവെള്ളം, വൈദ്യുതി, റോഡ് മുതലായവ
2. സാമ്പത്തിക വികസനം – തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
3. ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തൽ – ഉദാ: വിദ്യാഭ്യാസം, ആരോഗ്യം, തുടർ വിദ്യാഭ്യാസം, കല, കായികക്ഷേമം, സംസ്കാരം, സാമൂഹ്യക്ഷേമം മുതലായവ.

മേൽപ്പറഞ്ഞ മൂന്ന് വിഭാഗങ്ങളിലേയും യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ഫലപ്രദവും പ്രായോഗികവുമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതായിരിക്കണം പ്രത്യേക ഘടക പദ്ധതി. തയ്യാറാക്കുന്ന പ്രത്യേക ഘടക പദ്ധതി ഇപ്രകാരമായിരിക്കുമെന്നും പദ്ധതി നടപ്പിലാക്കുന്നതിലൂടെ യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നും ഉറപ്പാക്കേണ്ടത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്.

### പട്ടികവർഗ്ഗ ഉപപദ്ധതി (TSP)

പട്ടികവർഗ്ഗക്കാർക്ക് മാത്രം പ്രയോജനം ലഭിക്കുന്നതിനായി പ്രത്യേകമായി തയ്യാറാക്കുന്ന പദ്ധതിയാണ് പട്ടികവഗ്ഗ ഉപപദ്ധതി. ഈ ഇനത്തിൽ ഫണ്ട് ലഭിക്കുന്ന എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കണം. സ.ഉ.(എം.എസ്.) നമ്പർ 128/2007/തസ്വഭവ തീയതി 14.5.07 ഉത്തരവിലെ അനുബന്ധം 6 ൽ പറഞ്ഞിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും നിർദ്ദേശിച്ചിട്ടുള്ള രീതിയിലും പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണ്. പട്ടികവർഗ്ഗക്കാരിലെ ഓരോ വിഭാഗത്തിന്റേയും സവിശേഷതകളും പരമ്പരാഗത ഗോത്രജീവിതരീതികളും മനസ്സിലാക്കിക്കൊണ്ടും അവർ നേരിടുന്ന ജീവിത വെല്ലുവിളികളെ നേരിടാൻ അവരെ പ്രാപ്തമാക്കുന്നതിന് സഹായകരമാകുന്നവിധത്തിലുമായിരിക്കണം പട്ടികവർഗ്ഗ ഉപപദ്ധതിക്ക് രൂപം നൽകേണ്ടത്. ഇതിനാവശ്യമായ അന്വേഷണ

ങ്ങളും ചർച്ചകളും സംഘടിപ്പിക്കണം. പൊതു വിഭാഗത്തിലുള്ള വർക്കുവേണ്ടി തയ്യാറാക്കുന്ന പരിപാടികളുടെ തനിയാവർത്തനങ്ങൾ ഈ വിഭാഗങ്ങൾക്ക് പലപ്പോഴും അനുയോജ്യമായിരിക്കില്ല എന്ന തിരിച്ചറിവോടെയായിരിക്കണം പരിപാടികൾക്ക് രൂപം നൽകേണ്ട ത്.

**പദ്ധതി നിർവഹണം**

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി തയ്യാറാക്കുന്ന പരിപാടികൾ അപാകതകളില്ലാതെ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിരന്തരമായ നിർവ്വഹണപുരോഗതി വിലയിരുത്തൽ നടത്തുന്നതിലൂടേയും മോണിറ്ററിംഗിലൂടെയും ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളുടേയോ ഫണ്ടിന്റേയോ കുറവായിരുന്നില്ല മുമ്പും പ്രധാന പ്രശ്നമെന്നും അവ നടപ്പാക്കുന്നതിലെ വീഴ്ചകളും കാര്യക്ഷമതയില്ലായ്മയുമായിരുന്നു പ്രധാന പ്രശ്നങ്ങളെന്നും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് തിരിച്ചറിവുണ്ടാകണം.

ഇതിനായി താഴെപ്പറയുന്ന നടപടികൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതാണ്.

1. സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക
2. കൈമാറ്റം ചെയ്യപ്പെട്ട പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുക
3. പഞ്ചായത്തിന് പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതമായി ലഭിക്കുന്ന ഫണ്ടുകൾ പൂർണ്ണമായും ഫലപ്രദമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
4. പട്ടികജാതി വികസനം/പട്ടികവർഗ്ഗ വികസനം എന്നീ വിഷയമേ

ഖലകളിൽ അനുയോജ്യരും സന്നദ്ധരുമായവരെ കണ്ടെത്തി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുക

5. വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ സമഗ്രമായും പൂർണ്ണ വിവരങ്ങ ളോടെയും തയ്യാറാക്കുന്നതിന് മേൽനോട്ടം വഹിക്കുക
6. ഗ്രാമസഭകളിൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പങ്കാ ളിത്തം വർദ്ധിച്ച തോതിൽ ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരി ക്കുക
7. പട്ടികവർഗ്ഗക്കാരുടെ ഊരുകൂട്ട യോഗങ്ങൾ യഥാസമയം വിളിച്ചു കൂട്ടുന്നതിനും ഊരുകൂട്ട യോഗങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗ സ്ഥരുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതിനും നടപടികൾ കൈക്കൊ ള്ളുക
8. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സ്ഥായിയായ വികസനത്തിന് ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന കാഴ്ചപ്പാട്, സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാ നത്തിൽ രൂപപ്പെടുത്തുക
9. സ്ഥിതിവിവരക്കണക്കുകൾ കാലികമായി പരിഷ്ക്കരിക്കുക
10. പ്രത്യേ ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി രൂപീകരണത്തിന് നിഷ്കർഷിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ കർക്കശമായി പാലിക്കു ന്നുവെന്ന് ഉറപ്പാക്കുക
11. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന കരടു പ്രോജക്ട് നിർദ്ദേശ ങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും തദ്ദേ ശഭരണസ്ഥാപനതലത്തിൽ രൂപപ്പെടുത്തിയിട്ടുള്ള വികസന കാഴ്ച പ്പാടിനും അനുസൃതമാണോ എന്ന് പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് ശുപാർശ ചെയ്യുക
12. പഞ്ചായത്ത് തലത്തിൽ നടക്കുന്ന പദ്ധതി രൂപീകരണ യോഗങ്ങ ളും വികസന സെമിനാറുകളും ഫലപ്രദമായി സംഘടിപ്പിക്കുക
13. പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തയ്യാറാക്ക പ്പെടുന്ന പ്രോജക്ടുകൾ സൂക്ഷ്മമായി പരിശോധിച്ച് ശുപാർശ ചെയ്യുക
14. പ്രോജക്ടുകളുടേയും രേഖകളുടേയും പരിശോധനാവേളകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും സന്നദ്ധപ്രവർത്തകരേയും അണി നിരത്തുക

15. പദ്ധതി നിർവഹണത്തിന് ചുക്കാൻ പിടിക്കുക. ജനപങ്കാളിത്തം ഉറപ്പാക്കുക
16. പദ്ധതി നിർവഹണ ഘട്ടങ്ങളിൽ തത്സമയ മോണിറ്ററിംഗിന് ഏർപ്പാടുകൾ ചെയ്യുക
17. സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുക
18. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളും ഓഫീസുകളും സന്ദർശിക്കുക
19. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പരാതികളും നിവേദനങ്ങളും സ്വീകരിക്കുകയും മേൽനടപടികൾ കൈക്കൊള്ളുകയും ചെയ്യുക
20. സ്ഥാപനങ്ങളുടെ/പദ്ധതികളുടെ നടത്തിപ്പിനായി അനുവദിച്ചുകിട്ടുന്ന പണം ചെലവഴിക്കുന്നതിനുള്ള അനുമതി യഥാസമയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.

കൂടാതെ, പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനങ്ങളുടെ സർവോന്മുഖമായ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നിലകൊള്ളുക, അവർ നേരിടുന്ന പ്രത്യേക പ്രശ്നങ്ങളും ആകസ്മിക സംഭവങ്ങളും കൈകാര്യം ചെയ്യുക, അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും പരിഹാരം ഉണ്ടാക്കുക, അതിക്രമങ്ങളും ചൂഷണങ്ങളും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ ഏറ്റെടുക്കുക, അവരുടെ പരാതികളും പ്രശ്നങ്ങളും അധികാരകേന്ദ്രങ്ങളിൽ എത്തിക്കുക എന്നീ ചുമതലകളും ക്ഷേകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

9

# ശിശു വികസനം, സാമൂഹികസുരക്ഷ

സാമൂഹികനീതിയിലധിഷ്ഠിതമായ സാമൂഹികവികസനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ശിശുക്കൾ, പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, വൃദ്ധർ എന്നിങ്ങനെ സാമൂഹിക സുരക്ഷാവലയത്തിൽ ഉൾപ്പെടുന്നവർക്കായുള്ള ക്ഷേമപദ്ധതികൾ അതുകൊണ്ടുതന്നെ ഏറെ പ്രാധാന്യമർഹിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങളും സാഹചര്യങ്ങളും നേരിട്ടറിയാവുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രശ്നപരിഹാരത്തിനുള്ള ഏകോപന പ്രവർത്തനങ്ങളും ഇടപെടൽ സാദ്ധ്യതകളും ഏറെയാണ്. ഇതിനായി കൈമാറി കിട്ടിയ സ്ഥാപനങ്ങളേയും പ്രവർത്തകരേയും സജ്ജരാക്കി ഫലപ്രദമായ നേതൃത്വം നൽകേണ്ട ചുമതല ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കാണ്.

### ശിശുവികസനം

കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ ഉണ്ടാവുക എന്നത് സാമൂഹികവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. കുട്ടികൾ രാജ്യത്തിന്റെ സമ്പത്തും നാളെയുടെ പ്രതീക്ഷയുമാണെന്നതുകൊണ്ടുതന്നെ ശിശുവികസന കാഴ്ചപ്പാടും പ്രായോഗിക പ്രവർത്തനങ്ങളും മുന്തിയ പരിഗണന അർഹിക്കുന്നു.

### ഭരണഘടനാ പരിരക്ഷ

ശിശുവികസനം സാദ്ധ്യമാക്കുന്നതിനാവശ്യമായ സുപ്രധാന മാർഗ നിർദ്ദേശങ്ങൾ ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. ഭരണഘടന യുടെ 15(3) വകുപ്പ് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക നിയമ പരിരക്ഷ ഉറപ്പാക്കുന്നു. ശൈശവത്തിലും യൗവനത്തിലും ചൂഷണങ്ങ ളിൽ നിന്ന് സംരക്ഷണം നൽകുന്നതിനും സ്വതന്ത്രവും അന്തസുറ്റതു മായ സാഹചര്യത്തിൽ ആരോഗ്യകരമായ വികസനം സാദ്ധ്യമാക്കുന്ന തിനുള്ള അവസരങ്ങളും സൗകര്യങ്ങളും ഭരണഘടന ഉറപ്പുനൽകുന്നു (39 എഫ്). പ്രസവാനുകൂല്യം ഉൾപ്പെടെ ഉറപ്പുനൽകുന്ന മെച്ചപ്പെട്ട തൊഴിൽ സാഹചര്യത്തിൽ കുട്ടികളുടെ വികസനവും ലക്ഷ്യമിടുന്നു (42 വകുപ്പ്). ഭരണഘടനയുടെ 45ാം വകുപ്പ് ആറുവയസ്സിനു താഴെയുള്ള കുട്ടികൾക്ക് ശൈശവകാല പരിപാലനവും വിദ്യാഭ്യാസവും വാഗ്ദാനം ചെയ്യുന്നു.

### ദേശീയ നയങ്ങൾ

കുട്ടികൾക്കായുള്ള 1974 ലെ ദേശീയ നയം, ജനനത്തിനു മുമ്പും പിമ്പും വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും മുഴുവൻ കുട്ടികൾക്കും സമഗ്രവികസനത്തിന് അനുയോജ്യമായ പരമാവധി സൗകര്യങ്ങൾ ഉറ പ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. 1993 ലെ ദേശീയ പോഷണ നയം ന്യൂന പോഷണം ഏറെ കണ്ടുവരുന്ന ആറു വയസ്സിനു താഴെയുള്ള കുട്ടിക ളുടെ പോഷണ ആവശ്യകതയ്ക്ക് മുന്തിയ പരിഗണന നൽകുന്നു. 2000 ത്തിലെ ദേശീയ ജനസംഖ്യാ നയത്തിലും കുട്ടികളുടെ ആരോഗ്യവും അതിജീവനവും ജനസംഖ്യാ നിയന്ത്രണത്തിനുള്ള സുപ്രധാന ഘടക മായി സ്വീകരിച്ചിട്ടുണ്ട്. 2001 ലെ ദേശീയ സ്ത്രീശാക്തീകരണ നയമാ കട്ടെ ശിശുസംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള സഹായ പരി പാടികൾ സ്ത്രീകളുടെ സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക മേഖലക ളിലെ വർദ്ധിച്ച പങ്കാളിത്തത്തിന് വഴിയൊരുക്കുന്നുവെന്ന് തിരിച്ചറിയു ന്നുണ്ട്. 2002 ലെ ദേശീയ ആരോഗ്യ നയത്തിലേയും സുപ്രധാന ടാർജറ്റ് ഗ്രൂപ്പ് ആറു വയസ്സിനു താഴെയുള്ള കുട്ടികൾ ആണ്.

### കുട്ടികളുടെ അവകാശ ഉടമ്പടി

1989 ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച കുട്ടികളുടെ അവകാശ ഉട മ്പടി, കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുള്ള മറ്റൊരു നാഴികകല്ലായിരുന്നു. ജീവിക്കാനും വികസനത്തിനും സംരക്ഷണ

ത്തിനും പങ്കാളിത്തത്തിനുമുള്ള അവകാശങ്ങൾ ഈ ഉടമ്പടി കുട്ടികൾക്ക് ഉറപ്പുനൽകുന്നു. 1992 ൽ കുട്ടികളുടെ അവകാശ ഉടമ്പടി ഇന്ത്യ അംഗീകരിച്ചതോടെ കുട്ടികളോടുള്ള രാജ്യത്തിന്റെ പ്രതിബന്ധത അരക്കിട്ടുറപ്പിച്ചു. ശിശുവികസന പദ്ധതികൾ കേവലം സേവനദായക പരിപാടികൾ എന്നതിലുപരി കുട്ടികളുടെ അവകാശമാണെന്നും അത് സംരക്ഷിക്കപ്പെടുന്നതിനുള്ള ചുമതല സമൂഹത്തിനും രാഷ്ട്രത്തിനും ഉണ്ടെന്നുമുള്ള സന്ദേശമാണ് ഇത് നൽകുന്നത്.

അവകാശ ഉടമ്പടിയിൽ ഒപ്പുവച്ച 1992 ൽ തന്നെ ഇന്ത്യാ ഗവൺമെന്റ് കുട്ടികൾക്കായൊരു ദേശീയ കർമ്മപദ്ധതിക്ക് രൂപം നൽകി. ദേശീയ കർമ്മപദ്ധതിക്കനുസൃതമായി കേരള സർക്കാർ 1995 ലും 2004 ലും കുട്ടികൾക്കായുള്ള സംസ്ഥാന കർമ്മപദ്ധതികൾക്കും രൂപം നൽകുകയുണ്ടായി. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുള്ള സുപ്രധാന പദ്ധതിയായി സംയോജിത ശിശുവികസന സേവന പദ്ധതിയെ (ICDS) കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

### ശിശുവികസനം പദ്ധതി നടത്തിപ്പ്

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഐ.സി.ഡി.എസ്. പദ്ധതിയിൻകീഴിലുള്ള അംഗൻവാടികൾ കേരള സർക്കാർ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. ഇന്ത്യൻ ഭരണഘടനയും ദേശീയ നയങ്ങളും കുട്ടികളുടെ അവകാശ ഉടമ്പടിയും ഉറപ്പുനൽകുന്ന പരിരക്ഷയും വികസനവും അവകാശങ്ങളും പ്രാദേശിക ഇടപെടലുകൾ വഴി ഉറപ്പാക്കുന്നതിന് പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുണ്ട്.

കുട്ടികളുടെ ആരോഗ്യം, പോഷണം, വിദ്യാഭ്യാസം, വൈകല്യങ്ങളും വികസന വ്യതിയാനങ്ങളും ചെറുപ്രായത്തിലേതന്നെ കണ്ടെത്തലും പരിഹാര പ്രവർത്തനങ്ങളും, മാതൃആരോഗ്യം, കൗമാരപ്രായക്കാരായവരുടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ വളർച്ചയും വികസനവും, പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികളുടെ സംരക്ഷണം, എച്ച്.ഐ.വി./എയ്ഡ്സ് രോഗനിയന്ത്രണം എന്നീ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്. അംഗൻവാടികളിലൂടെയുള്ള സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ, മാനേജ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ഫലപ്രദമായ സംയോജന പ്രവർത്തനങ്ങൾ, ഫലപ്രദമായ റിവ്യൂമോണിറ്ററിംഗ് പ്രവർത്തന

ങ്ങൾ എന്നിവയ്ക്ക് ആവശ്യമായ നേതൃത്വം നൽകേണ്ട ചുമതല ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കുണ്ട്.

ശിശുവികസന മേഖലയിലെ അവസ്ഥ തിരിച്ചറിഞ്ഞ് വ്യക്തമായ ഒരു കാഴ്ചപ്പാടും വികസന തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനും പ്രശ്ന പരിഹാരത്തിനനുയോജ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ, സ്റ്റേക്ക് ഹോൾഡർ ചർച്ച, സന്നദ്ധ സാമൂഹ്യ സംഘടനകൾ ഉൾപ്പെടെയുള്ള വിവിധ പങ്കാളികളുടെ പ്രവർത്തനങ്ങൾ എന്നിവ താഴെ തട്ടിൽ ഏകോപിപ്പിക്കുന്നതിനും കഴിയണം.

**സാമൂഹികസുരക്ഷ**

പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ വൃദ്ധർ, അരക്ഷിതർ എന്നിവർക്കായുള്ള ക്ഷേമപ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല യാണ്. ഇവർക്കായി വിവിധ ക്ഷേമപെൻഷനുകളും പദ്ധതികളും നടപ്പാക്കിവരുന്നു.

ഇത്തരത്തിലുള്ള സാമൂഹികസുരക്ഷാ വലയത്തിനുള്ളിലും ഉൾപ്പെടാത്ത ആരാലും ശ്രദ്ധിക്കപ്പെടാത്ത കഷ്ടത അനുഭവിക്കുകയും സാമൂഹികമായ ഒറ്റപ്പെടലിന് വിധേയരാകുന്ന ജനവിഭാഗങ്ങളെയും നമുക്ക് കണ്ടെത്താൻ കഴിയും. ഭിക്ഷാടകർ, ലൈംഗിക തൊഴിലാളികൾ, അവിവാഹിതരായ അമ്മമാർ, നിരാലംബരായ മനോരോഗികൾ, എയ്ഡ്സ് ബാധിതർ, ബാലവേലക്കാർ, നിത്യരോഗികൾ, ഊരു വിലക്കപ്പെട്ടവർ, ജയിൽ വിമുക്തർ, അതിക്രമങ്ങൾക്ക് വിധേയരായവർ, ഉപേക്ഷിക്കപ്പെടുന്ന നവജാതശിശുക്കൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർ, ദുരുപയോഗങ്ങൾക്ക് വിധേയരായവർ, വിവാഹപ്രായം കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ, അപടകരമായ തൊഴിലിൽ വ്യാപൃതരായവർ, സ്ഥിര ആവാസമില്ലാത്ത അന്യദേശ തൊഴിലാളികൾ, കൊടിയ ദാരിദ്ര്യം മൂലം വിദ്യാഭ്യാസം തുടരുവാൻ കഴിയാത്ത സമർത്ഥരായ കുട്ടികൾ, നിയന്ത്രണവിധേയരല്ലാത്ത കുട്ടികൾ, പ്രകൃതിദുരന്തം മൂലം ദുരിതമനുഭവിക്കുന്നവർ തുടങ്ങിയവർ ഈ ഗണത്തിൽപ്പെടുന്നു.

**സാമൂഹികക്ഷേമ പ്രവർത്തനം**

വ്യക്തിയോ, കുടുംബമോ, സമൂഹമോ അതിജീവനം, സംരക്ഷണം, സുരക്ഷ, മാനസിക വികാസം, പങ്കാളിത്തം എന്നീ അവകാശങ്ങൾ നേടു

ന്നതിൽ സാഹചര്യങ്ങളുടെ പ്രത്യേകതമൂലം പൊതു നിലവാരത്തിൽ നിന്നും ഏറെ പിന്നിലാവുകയും അതുവഴി ആരോഗ്യം, അറിവ്, ജീവൻ വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം എന്നിവ വ്യവസ്ഥാപിതമായി ആർജ്ജിക്കുന്നതിൽ അപ്രാപ്യരാവുകയും വഴി പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ശാരീരിക, സാമ്പത്തിക, സാമൂഹ്യ, മാനസിക അവസ്ഥകൾ മെച്ചപ്പെടുത്തി അവരെ പൊതുനിലവാരത്തിൽ എത്തിക്കുന്നതാണ് ക്ഷേമപ്രവർത്തനങ്ങൾ.

ചുരുക്കത്തിൽ പ്രത്യേക സാഹചര്യങ്ങളാൽ പൊതു നിലവാരത്തിൽ നിന്നും പിന്നാക്കം നിൽക്കുന്നവരെ ശരാശരി നിലവാരത്തിലേക്ക് ഉയർത്തി കൊണ്ടുവരുന്ന യത്നങ്ങളാണ് ക്ഷേമപ്രവർത്തനങ്ങൾ. ഇത്തരത്തിലുള്ള ജനവിഭാഗങ്ങൾക്കും നീതി ഉറപ്പാക്കുമ്പോൾ മാത്രമേ ഭരണഘടന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏല്പിച്ച 'സാമൂഹികനീതി' ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കാനാവൂ.

**വിവരശേഖരണം**

സാമൂഹികസുരക്ഷാവലയത്തിലുൾപ്പെടേണ്ടവരുടെ കൃത്യമായ വിവരശേഖരണമാണ് ഏറ്റവും സുപ്രധാനം. കുടുംബശ്രീ സർവ്വേ റിപ്പോർട്ട്, അംഗൻവാടി സർവ്വേ രജിസ്റ്റർ, ബി.പി.എൽ. സർവ്വേ ലിസ്റ്റ്, ക്ഷേമസ്ഥാപനങ്ങളിലെ ലിസ്റ്റ്, പഞ്ചായത്ത് പെൻഷൻ രജിസ്റ്റർ തുടങ്ങിയ രേഖകളിൽ നിന്നും ദ്വിതീയ വിവരശേഖരണം നടത്താം. കൂടാതെ സാമൂഹികസുരക്ഷാ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ വാർഡ്തലത്തിൽ ഗ്രാമസഭാ അയൽക്കൂട്ട യോഗങ്ങൾ വഴി വിവരശേഖരണം നടത്താനാവും. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ അരക്ഷിത വിഭാഗങ്ങളുടെ അവസ്ഥാ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നേതൃത്വം നൽകണം.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം സന്നദ്ധസാമൂഹിക സംഘടനകൾ നിലവിലുണ്ട്. ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ ഇവരുടെ സേവനവും പ്രയോജനപ്പെടുത്താൻ കഴിയും.

**പ്രശ്നപരിഹാര രീതി**

ഈ മേഖലയിലെ പല പ്രശ്നങ്ങളും ഒരു പ്രത്യേക മാർഗ്ഗം വഴി പരിഹരിക്കാനാവുന്നതല്ല. വ്യക്തിപരമായും കുടുംബപരമായും സ്ഥാപനത

ലത്തിലും സാമൂഹികപരമായും ചികിത്സാപരമായും പുനരധിവാസ രീതി ഉപയോഗിച്ചുള്ള പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

സാമൂഹികസുരക്ഷാ പെൻഷൻ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള പെൻഷൻ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഓരോ പെൻഷൻ പരിപാടിയിലും നിലവിലുള്ളവരുടെ എണ്ണം, പുതിയ അപേക്ഷകൾ, അർഹരായവർ, മരിച്ചുപോയവർ, ഒഴിവാക്കപ്പെടേണ്ടവർ, ആവശ്യമായ ഫണ്ട് തുടങ്ങിയവ പെൻഷൻ പ്ലാനിൽ ഉൾപ്പെടുത്തണം. ഇത്തരത്തിൽ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, അവിവാഹിതരായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ നടത്തിപ്പ് ഫലപ്രദമാക്കണം.

വ്യക്തിപരമായും കുടുംബപരമായും പരിഹരിക്കേണ്ട പ്രശ്നങ്ങൾക്ക് സാമ്പത്തിക സഹായം കൗൺസിലിംഗ് എന്നിവ ഉൾപ്പെടെയുള്ള പിന്തുണാസംവിധാനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും സ്പോൺസർമാരെ കണ്ടെത്തിയും മറ്റും പരിഹരിക്കാൻ കഴിയും.

സ്ത്രീധനം, മദ്യാസക്തി, മയക്കുമരുന്ന് ദുരുപയോഗം, അവിഹിത ബന്ധങ്ങൾ, എയ്ഡ്സ്, ബാലവേല, കുടുംബപ്രശ്നങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങിയ പ്രശ്നങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതാണ്. ഇതിലേക്കായി വിവിധ വകുപ്പുകൾ വഴിയുള്ള സേവനങ്ങളും സന്നദ്ധ സാമൂഹികസംഘടനകളുടെ പിന്തുണയും ഉപയോഗപ്പെടുത്താം.

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഫലപ്രദമായ ഇടപെടൽ പ്രവർത്തനങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പിനേയും വിവിധ സംവിധാനങ്ങളേയും സജ്ജമാക്കി ഫലപ്രദമായ മോണിട്ടറിംഗ് നടത്തി 'സമ്പൂർണ്ണ' സാമൂഹികസുരക്ഷയിലേക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ എത്തിക്കുന്നതിനുള്ള നേതൃത്വപരമായ പ്രവർത്തനമാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കുള്ളത്.

# 10

# ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും വനിതാക്ഷേമവും

## 1. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ

കേരളത്തിൽ അധികാരവികേന്ദ്രീകരണം, വികേന്ദ്രീകൃതാസൂത്രണം എന്നിവയുടെ ഫലമായി ഭരണത്തിലും ആസൂത്രണത്തിലും നിർവഹണത്തിലും വനിതകൾക്ക് പങ്കാളിത്തം ഉണ്ടായി എന്നത് ശ്രദ്ധേയമായ നേട്ടങ്ങളിൽ ഒന്നാണ്. എന്നിരുന്നാലും നാം ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തണമെങ്കിൽ ബോധപൂർവ്വമായ ചില പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടിയിരിക്കുന്നു. ഒരു തദ്ദേശ ഭരണസ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അവിടെ നടക്കുന്ന എല്ലാ പ്രവർത്തനത്തിലും ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടിലും വനിതകളുടെ പ്രാതിനിധ്യം താഴെ പറയുന്ന കാരണങ്ങളാൽ ഗണപരമായും ഗുണപരമായും അത്യന്താപേക്ഷിതമാണ്.

- പഞ്ചായത്തിൽ ബഹുഭൂരിഭാഗം വരുന്നത് സ്ത്രീകളാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാതെ, അവരെക്കൂടി വികസന പ്രവർത്തനത്തിന്റെ പങ്കാളികളാക്കാതെ വികസനം പൂർണ്ണമാകില്ല.

- പഞ്ചായത്തിന് പണം ലഭിക്കുന്നത് ആ പഞ്ചായത്തിലെ സ്ത്രീകളുടെ കൂടി എണ്ണം പരിഗണിച്ചിട്ടാണ്.
- അടിസ്ഥാനപരമായി സ്ത്രീകളുടെ പദവിയിലും അവസ്ഥയിലും ഉണ്ടാകുന്ന മാറ്റം കുടുംബത്തിന്റേയും സമൂഹത്തിന്റേയും അവസ്ഥയിലും പദവിയിലും മാറ്റം ഉണ്ടാക്കും.

വനിതാക്ഷേമം മുൻനിർത്തി അവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ നിർണായകമായ ചുമതല ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. താഴെ കൊടുത്തിട്ടുള്ള ചുമതലകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർവഹിക്കേണ്ടതാണ്.

- വനിതകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠിക്കുക, പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക, ശേഖരിച്ച സ്ഥിതിവിവരകണക്കുകളും കണ്ടെത്തിയ പരിഹാരനിർദ്ദേശങ്ങളും എല്ലാ വർക്കിംഗ് ഗ്രൂപ്പുകൾക്കും ലഭ്യമാക്കുക.
- വനിതാഘടക പദ്ധതിയിൽ മാറ്റിവക്കുന്ന തുക ഫലവത്തായി വിനിയോഗിക്കാൻ വേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തുക.
- ജാഗ്രതാസമിതി പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക. അതിന് ഉതകുന്ന തരത്തിൽ മോണിറ്ററിംഗ് ഫലപ്രദമാക്കുക.
- കുടുംബശ്രീ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ എത്തിക്കാൻ വേണ്ട നേതൃത്വം നൽകുക
- വനിതാരംഗത്തെ മൊത്തം പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, ജന്റർ ഓഡിറ്റിന് പഞ്ചായത്തിലെ എല്ലാ പ്രോജക്ടുകളും പ്രവർത്തനങ്ങളും വിധേയമാക്കിക്കുക. (സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി)

### ഇവയൊക്കെ എങ്ങിനെ ഫലപ്രദമായി നിർവഹിക്കാം?


ഇവയുടെയൊക്കെ പ്രവർത്തനം ഫലപ്രദമാക്കണമെങ്കിൽ ഒന്നാമതായി സ്ത്രീകളുടെ പ്രശ്നങ്ങൾ എന്താണെന്ന് തിരിച്ചറിയണം. അതിനായി അഞ്ച് വർഷത്തിൽ ഒരിക്കൽ സ്ത്രീപദവി പഠനം നടത്തണം. അതിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ചില മേഖ

ലകളിൽ പ്രത്യേക പഠനവും അനിവാര്യമായി വരും. ഇത്തരം പഠനങ്ങൾ കേവലം വിവരം ശേഖരിക്കൽ എന്നതിനപ്പുറം പഠന പ്രക്രിയയോടൊപ്പം ബോധവൽക്കരണം, പ്രശ്നങ്ങൾ തിരിച്ചറിയൽ പ്രക്രിയ എന്നിവ കൂടി ആകാൻ പ്രത്യേകം ശ്രദ്ധിക്കണം. കൂടാതെ തീരുമാനമെടുക്കേണ്ട ജനപ്രതിനിധികൾക്കും നിർവഹണം നടത്തേണ്ട ഉദ്യോഗസ്ഥർക്കും ഗുണഭോക്താക്കൾക്കും ഇതിൽ പങ്കാളിത്തം ഉണ്ടാവുകയും വേണം.

## 2. സ്ത്രീ പദവി പഠനം

1. സംഘടനാ സംവിധാനം

ഇത്തരത്തിൽ പങ്കാളിത്തം ഉണ്ടാവണമെങ്കിൽ അതിന് ഉതകുന്ന തരത്തിൽ പദവി പഠനത്തിന് പ്രത്യേക സംഘടനാസംവിധാനം ഉണ്ടാവണം.



### 2. പ്രക്രിയ

- സ്റ്റിയറിംഗ് കമ്മിറ്റിക്ക് ഒരുദിവസ പരിശീലനം
- സബ്കമ്മിറ്റി യോഗം
- റിസോഴ്സ് പേഴ്സൺസ് പരിശീലനം
- സബ്കമ്മിറ്റി, റിസോഴ്സ് പേഴ്സൺസ് സംയുക്ത യോഗം - രീതി ശാസ്ത്രം - പ്രവർത്തനകലണ്ടർ, ചർച്ച
- വിദഗ്ദ്ധ സമിതി, സഹായസമിതി യോഗം
- രീതി ശാസ്ത്രം, ചർച്ച, പ്രവർത്തന കലണ്ടർ, ചർച്ച
- പഞ്ചായത്ത്തല പരിശീലനം
- പഠനപരിപാടി ആരംഭിക്കൽ. അതിനായി പരിശീലനത്തിന് വന്നവരെ വ്യത്യസ്ഥ പഠന രീതികൾക്കായി ഗ്രൂപ്പുകളായി തിരിക്കൽ
- സർവ്വേയ്ക്ക് പോകുന്നവർക്ക് പ്രത്യേക പരിശീലനം
- പഠന റിപ്പോർട്ട് തയ്യാറാക്കൽ
- ഗ്രാമസഭയിൽ ചർച്ച
- വനിതാ വികസന സെമിനാർ
- പഠന റിപ്പോർട്ടിന് അന്തിമ രൂപം നൽകൽ

### 3. രീതിശാസ്ത്രം

- വിവിധ വിഭാഗം സ്ത്രീകളെ ഉൾപ്പെടുത്തി പ്രത്യേകം പ്രത്യേകം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ - കുറഞ്ഞത് 10 എണ്ണം
- അഭിമുഖം/സർവ്വേ - റാൻഡം സാംബ്ലിങ്ങിൽകൂടി തെരഞ്ഞെടുക്കപ്പെട്ട 250 വീടുകളിൽ
- ക്ലബ്ബ്, ഗ്രന്ഥശാല തുടങ്ങി സാമൂഹ്യധിഷ്ഠിത സംഘടനകളിലെ ജന്റർ അനാലിസിസ്
- പഞ്ചായത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ജന്റർ അനാലിസിസ്

- ദ്വിതീയ വിവരശേഖരണം
- ചരിത്രാന്വേഷണത്തിന്റെ ഭാഗമായി അഭിമുഖങ്ങൾ
- വനിതാഘടക പദ്ധതി വിശകലനം

## 4. പഠന റിപ്പോർട്ടും തുടർപ്രവർത്തനങ്ങളും

പഠനറിപ്പോർട്ട് പൂർത്തിയായി കഴിഞ്ഞാൽ ഇതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ വിശകലനം നടത്തി, പ്രശ്നങ്ങൾ പരിഹരിക്കാനും സ്ത്രീകളുടെ പദവി മെച്ചപ്പെടുത്താനും ഉതകുന്ന തരത്തിൽ ഓരോ വർക്കിങ്ങ് ഗ്രൂപ്പിനും എന്തൊക്കെ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്ത് പരിപാടികൾ തയ്യാറാക്കണം. കൂടാതെ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ പ്രത്യേകം തയ്യാറാക്കണം.

## 3. വനിതാഘടകപദ്ധതി – എന്ത്, എന്തിന്?

സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വ്യക്തിപരവുമായ പിന്നാക്കാവസ്ഥ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ അവരെ എത്തിക്കുക, കാര്യപ്രാപ്തി വർദ്ധിപ്പിക്കുക, ഒരു വ്യക്തി എന്ന നിലയിൽ ജീവിക്കാൻ ആവശ്യമായ സാഹചര്യം ഒരുക്കുക, അതിന് വേണ്ട പിൻതുണ നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് വനിതാ ഘടകപദ്ധതി തയ്യാറാക്കുന്നത്. ലഭിക്കുന്ന വികസന ഫണ്ടിന്റെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്കായി മാറ്റിവയ്ക്കണം. ഈ അർത്ഥത്തിൽ നമ്മുടെ പഞ്ചായത്തിലെ വനിതാഘടകപദ്ധതി വിജയിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണം. വിലയിരുത്തുന്നതിന് ചുവടെ കൊടുത്തിട്ടുള്ള രീതി അവലംബിക്കാം.

- പ്രോജക്ടിന്റെ പേര്
- വകയിരുത്തിയ തുക
- വിനിയോഗിച്ച തുക
- പ്രാധാന ലക്ഷ്യം
- പ്രധാന പ്രവർത്തനങ്ങൾ
- ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞോ

- ഇതിന്റെ ഗുണഭോക്താക്കൾ പൂർണ്ണമായും വനിതകൾ ആയിരുന്നോ
- ഇതിന്റെ ഗുണം വനിതകൾക്ക് മാത്രമാണോ ലഭിച്ചത്
- ഈ പ്രോജക്ടിന്റെ പ്രയോജനം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ
- ഉണ്ടെങ്കിൽ കാരണം
- ഇല്ലെങ്കിൽ കാരണം
- ഇത് കൊണ്ട് സ്ത്രീകളുടെ പദവിയിൽ എന്ത് മാറ്റമാണ് ഉണ്ടായത്

**എന്തൊക്കെ?**

സ്ത്രീകളുടെ നിർണായക ആവശ്യങ്ങൾ (Strategic Gender Needs) പൂർത്തീകരിക്കാൻ ഉതകുന്നതാവണം വനിതാഘടക പദ്ധതി. പ്രായോഗിക ആവശ്യങ്ങൾ (Practical Gender Needs) എല്ലാം പൊതു പദ്ധതിയിൽ ആണ് ഉൾപ്പെടുത്തേണ്ടത്.

**പ്രായോഗിക ആവശ്യവും നിർണായക ആവശ്യവും തമ്മിലുള്ള വ്യത്യാസം**

ഒരു ദീർഘകാലയളവിലെ ഇടപെടൽ കൊണ്ട് പരിഹരിക്കാവുന്നതും സ്ത്രീകളുടെ പിന്നാക്കാവസ്ഥയ്ക്ക് കാരണമായ ഘടകങ്ങളാൽ ഉണ്ടാകുന്നതുമായ ആവശ്യങ്ങളെ നിർണായക ആവശ്യങ്ങൾ എന്ന് പറയുന്നു. എന്നാൽ ചുരുങ്ങിയ കാലയളവിനുള്ളിൽ പരിഹരിക്കാൻ കഴിയുന്ന ആവശ്യങ്ങളെ പ്രായോഗിക ആവശ്യങ്ങൾ എന്ന് വീക്ഷിക്കുന്നു. ഉദാഹരണം താഴെ നൽകുന്നു.

| പ്രായോഗിക ആവശ്യം | തന്ത്രപരമായ ആവശ്യം |
|---|---|
| • പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം ലഭ്യമാക്കുക<br>• വിദ്യാലയങ്ങളിൽ ഗേൾഫ്രണ്ട്ലി ടോയ്‌ലറ്റുകൾ ഉണ്ടാക്കുക<br>• PHC കളിൽ സ്ത്രീകൾക്ക് സ്വകാര്യത ലഭ്യമാക്കുക | • സഞ്ചാരസ്വാതന്ത്ര്യം<br>• ഓരേ സ്ഥാനത്തിന് ഒരേ അംഗീകാരം<br>• തുല്യജോലിക്ക് തുല്യ വേതനം<br>• അഭിപ്രായ സ്വാതന്ത്ര്യം<br>• അഭിപ്രായം പറയാനുള്ള ശേഷി<br>• ആരാധനലായങ്ങളിൽ ഉള്ള വിവേചനം ഇല്ലാതാക്കുക |

| | |
|---|---|
| • കുടിവെള്ളം ലഭ്യമാക്കുക<br>• വീട് ഇല്ലാത്തവർക്ക് അത് ലഭ്യമാക്കുക<br>• പരിശീലനത്തിന് ആവശ്യമായ കെട്ടിടങ്ങൾ സ്ഥാപിക്കുക<br>• യോഗങ്ങൾ നടത്താൻ വേണ്ട കെട്ടിടങ്ങൾ കെട്ടുക<br>• ഊർജ്ജ സംരക്ഷണം<br>• ഓഫീസുകളിൽ ഇരിപ്പിടം സജ്ജീകരിക്കുക | • സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ ഇല്ലാതാക്കണം<br>• തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം<br>• സമ്പത്ത് ആർജ്ജിക്കുന്നതിനും വിനിയോഗത്തിനുമുള്ള സ്വാതന്ത്ര്യം<br>• ചില ജോലികൾ സ്ത്രീകൾക്ക് നിഷേധിക്കുന്ന അവസ്ഥ മാറുക<br>• സ്ത്രീ ആയതിനാൽ ഉണ്ടാകുന്ന രോഗങ്ങൾ കണ്ടെത്തി പരിഹരിക്കുക<br>• തൊഴിൽ ജന്യരോഗങ്ങൾ കണ്ടെത്തി പരിഹരിക്കുക<br>• വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ ഉതകുന്ന പരിശീലനങ്ങൾ നൽകുക<br>• തൊഴിൽ തേടാനും ചെയ്യാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക<br>• വിവിധ മാനേജ്മെന്റ് പരിശീലനങ്ങൾ നൽകുക<br>• നിയമബോധന പ്രവർത്തനങ്ങൾ നടത്തുക |

സ്ത്രീകളുടെ പിന്നാക്കാവസ്ഥയ്ക്ക് കാരണമായവ കണ്ടെത്തി അതിന് ശാശ്വതപരിഹാരം കാണാതെ സ്ത്രീകൾ ബന്ധപ്പെടുന്ന ഒരു സംരംഭവും വിജയിക്കുകയില്ല എന്നതിന് ഉത്തമ ഉദാഹരണമാണല്ലോ നമ്മുടെ പഞ്ചായത്തുകൾ കുറേക്കാലമായി ചെയ്ത് വരുന്ന തൊഴിൽ സംരംഭങ്ങൾ - ഇവ വിജയിക്കാതെ പോയതിന്റെ ഒരു പ്രധാന കാരണം ആ പ്രോജക്ട് വഴി അതിൽവരുന്ന സ്ത്രീകളുടെ നിർണായക ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നില്ല എന്നത് തന്നെ.

**ഇത് മാത്രം മതിയോ?**

ഒരു വനിതാ പ്രോജക്ട് വിഭാവനം ചെയ്യുമ്പോൾ നിർണായക ആവശ്യങ്ങൾ പരിഹരിക്കുന്നതോടൊപ്പം ആ പ്രോജക്ടിൽ വനിതകൾക്ക് എന്ത് മാത്രം സ്വീകാര്യതയും പ്രാപ്യത (Access)യും, നിയന്ത്രണാധികാരവും (Control) ഉണ്ട് എന്ന് കൂടി പരിശോധിക്കപ്പെടണം.

വിഭവങ്ങൾ ഉപയോഗിക്കാനുള്ള അവസരത്തെയാണ് പ്രാപ്യത എന്നു പറയുന്നത്. വിഭവം വിനിയോഗിക്കുന്നതിൽ തീരുമാനമെടുക്കാനുള്ള പൂർണ സ്വാതന്ത്ര്യത്തെയാണ് നിയന്ത്രണാധികാരം എന്ന് പറയുന്നത്.

### 4. തുടർപ്രവർത്തനങ്ങളുടെ പ്രസക്തി

പദവിപഠനത്തിന്റെ ഭാഗമായി കണ്ടെത്തുന്ന പ്രശ്നങ്ങളിൽ കൂടുതൽ വിശകലനത്തിനും കണ്ടെത്തലുകൾക്കും വിധേയമാക്കണം എന്ന് കരുതുന്ന വിഷയങ്ങൾ വീണ്ടും പഠനവിധേയമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. ഉദാഹരണമായി പ്രത്യേക രോഗങ്ങൾ, തൊഴിൽജന്യരോഗങ്ങൾ, വിധവകളുടെ പ്രശ്നങ്ങൾ, അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ, വൃദ്ധകളുടെ പ്രശ്നങ്ങൾ മുതലായവ കണ്ടെത്തുന്നതിന് പ്രത്യേക വിവരശേഖരണവും ചർച്ചകളും വേണ്ടിവരും. ഫീൽഡ്തല ഉദ്യോഗസ്ഥരായ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ, വി.ഇ.ഒ.മാർ, അംഗൻവാടി ടീച്ചർമാർ എന്നിവരുടെ സേവനം ഇക്കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

### 5. ലിംഗപദവി ആസൂത്രണം (Gender planning)

ഓരോ മേഖലയിലും പദ്ധതി ആസൂത്രണം നടത്തുമ്പോൾ പദവിപഠനത്തിന്റെ ഭാഗമായി കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന പ്രക്രിയയെ ലിംഗപദവി ആസൂത്രണം എന്ന് പറയാം. അതായത് സ്ത്രീകളുടേയും പുരുഷന്മാരുടേയും പദവി തിരിച്ചറിഞ്ഞ് അതിലെ പോരായ്മ പരിഹരിക്കാൻ ഉതകുന്ന തരത്തിൽ ആസൂത്രണം നടത്തുന്ന പ്രക്രിയ എന്നർത്ഥം. ഇത്തരത്തിൽ നോക്കുമ്പോൾ, പ്രധാനമായും ശ്രദ്ധിക്കേണ്ടത് പൊതുസമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യതയും തുല്യനീതിയും ഉണ്ടോ എന്നാണ്. തുല്യത എന്നാൽ സ്ത്രീക്കും പുരുഷനും തുല്യ അവസരം ലഭിക്കുന്നുണ്ടോ എന്നാണെങ്കിൽ തുല്യനീതി എന്നത്, ലഭിക്കുന്ന അവസരം ഫലപ്രദമായി അവർക്ക് ഉപയോഗിക്കാൻ കഴിയുന്നുണ്ടോ എന്നതാണ്.

### .6. ജെൻഡർ ഓഡിറ്റ്

പഞ്ചാത്ത് തയ്യാറാക്കുന്ന ഓരോ പ്രോജക്ടിലും സ്ത്രീക്കും പുരുഷനും എന്ത് മാത്രം സ്വീകാര്യതയും/പ്രാപ്യതയും നിയന്ത്രണാധികാരവും ഉണ്ട്, എന്ത് മാത്രം തുല്യതയും തുല്യനീതിയും ഉണ്ട് എന്ന് പരിശോധിക്കുന്ന പ്രക്രിയയാണ് ജൻഡർ ഓഡിറ്റ്. ഇത് സോഷ്യൽ ആഡിറ്റിന്റെ ഭാഗമായി നടക്കേണ്ട ഒരു പ്രക്രിയയാണ്.

### 7. ജാഗ്രതാസമിതിയും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും

ജാഗ്രതാസമിതിയുടെ റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി സ്വീകരിക്കുകയും ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

- തുടർ പ്രവർത്തനത്തിന് എന്ത് സഹായമാണ് വേണ്ടത് ?
- പ്രവർത്തനം മെച്ചപ്പെടുത്താൻ എന്ത് ചെയ്യണം ?
- പോരായ്മകൾ പരിഹരിക്കാൻ എന്ത് ചെയ്യണം ?

11

# ക്ഷേമപദ്ധതി ആസൂത്രണവും വിഭവസമാഹരണവും

ക്ഷേമപ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമായതുവഴി ക്ഷേമപ്രവർത്തന ഭരണത്തിൽ കാതലായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്നു.

ഒരു പ്രദേശത്ത് ജീവിക്കുന്ന എല്ലാവരുടേയും, പ്രത്യേകിച്ച് വിവിധ സാഹചര്യങ്ങളിൽ പൊതുനിലവാരത്തിൽ നിന്ന് പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിന് ആവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക എന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നു. ക്ഷേമവികസന പ്രവർത്തനങ്ങൾക്ക് കേരളം മാനവവികസന സൂചികയിൽ മാതൃകാപരമായ നേട്ടം കൈവരിക്കാൻ സഹായിച്ചു.

തൊഴിൽ, വിദ്യാഭ്യാസ, ആരോഗ്യമേഖലകളിൽ കേരളം അനേകം വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. മാനവ വികസനമേഖലകളിൽ സേവനങ്ങൾ നൽകാൻ ഉത്തരവാദിത്തവപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും സേവനക്ഷേമ പ്രവർത്തനങ്ങളുടേയും നടത്തിപ്പ് ചുമതല ഇന്ന് തദ്ദേശ സ്ഥാപനങ്ങൾക്കാണ്. അതുകൊണ്ടുതന്നെ ഈ രംഗങ്ങളിൽ ഉണ്ടായ നേട്ടം നിലനിർത്തികൊണ്ടുപോകുന്നതിനും നേരിടുന്ന വെല്ലുവിളികൾക്ക് പ്രാദേശികതലത്തിൽ

ഉത്തരം കണ്ടെത്തുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്. പ്രാദേശിക ഭരണതലത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ക്ഷേമപദ്ധതി (Welfare Plan) എന്ന ആശയം മുന്നിൽ കണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ക്ഷേമപദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്താവുന്ന ഉപപദ്ധതികൾ ചുവടെ ചേർക്കുന്നു.

- വിദ്യാഭ്യാസ പദ്ധതി
- ആരോഗ്യ പദ്ധതി
- സാമൂഹിക സുരക്ഷാ പദ്ധതി
- ദാരിദ്ര്യലഘൂകരണ പദ്ധതി
- പട്ടികജാതി വികസന പദ്ധതി
- പട്ടികവർഗ്ഗ വികസന പദ്ധതി
- വനിതാ ശിശു വികസന പദ്ധതി
- മറ്റ് ദുർബല വിഭാഗങ്ങളുടെ ക്ഷേമപദ്ധതി
- കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായുള്ള മെയിന്റനൻസ് പദ്ധതി

ക്ഷേമപദ്ധതിയുടെ ആവിഷ്ക്കാരത്തിനും കാര്യക്ഷമമായ നടത്തിപ്പിനും താഴെ പറയുന്ന പ്രവർത്തന രീതി ഉപയോഗിക്കാവുന്നതാണ്.

**1. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലവത്തായ രൂപീകരണം**

വിശാലമായ ചർച്ചകളുടേയും കൂടിയാലോചനകളുടേയും അടിസ്ഥാനത്തിലാവണം ഓരോ വർഷവും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്. വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പിന്തുണ നൽകാൻ കഴിവുള്ള വിദഗ്ദ്ധരുടെ ഒരു പ്രാദേശിക കൂട്ടായ്മയായി വർക്കിംഗ് ഗ്രൂപ്പ് മാറേണ്ടതുണ്ട്.

## 2. ബഹുമുഖ കൂടിയാലോചനകൾ

സ്റ്റേക്ക്ഹോൾഡർമാരുമായുള്ള ഫലവത്തായ കൂടിയാലോചനകൾ പ്രാദേശിക വികസന കൂട്ടായ്മകൾക്ക് രൂപം നൽകും. വികസനത്തിനുവേണ്ടിയുള്ള കൂട്ടായ്മകൾക്ക് രൂപം നൽകുക എന്നത് സഹസ്രാബ്ദ വികസന ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തുകയും അതിനുവേണ്ടിയുള്ള പ്രവർത്തന രൂപരേഖ അന്തർദേശീയ സമൂഹം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. രാജ്യപുരോഗതിക്കായി അന്തർദേശീയ തലത്തിൽ സഹകരണവും കൂട്ടായ്മയും വേണം എന്നതുപോലെ പ്രാദേശിക വികസനത്തിനും പ്രാദേശിക തലത്തിൽ കൂട്ടായ്മകൾ അനിവാര്യമാണ്. അതിനായി പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലെ നിലവിലുള്ള സംവിധാനങ്ങളായ ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് , സ്റ്റേക്ക് ഹോൾഡർ ചർച്ച, അയൽക്കൂട്ടങ്ങൾ എന്നിവ ചലനാത്മകമാകേണ്ടിയിരിക്കുന്നു.

എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും വീട് എന്ന വികസന ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലക്ഷ്യം കൈവരിക്കുന്നതിന് സ്റ്റേക്ക്ഹോൾഡർ മാരുമായി ബഹുമുഖ കൂടിയാലോചനകൾ നടത്തിയേ തീരൂ. പ്രാദേശിക നിക്ഷേപകരുടെ സംഘം (Local Investers Unit) പോലെയുള്ള രീതികൾ നിക്ഷേപ ഏകോപനത്തിന് സഹായകമാകും. ഈ ബഹുമുഖ നിക്ഷേപകരെ ഒന്നിച്ച് അണിനിരത്താനുള്ള മാനേജ്മെന്റ് വൈദഗ്ദ്ധ്യം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ ആർജിക്കേണ്ടിയിരിക്കുന്നു.

## 3. സന്നദ്ധ സിവിൽ സംഘടനകളുമായുള്ള ബന്ധം

പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഒരു ജനകീയ ഭരണസംവിധാനം ഇല്ലാതെയിരുന്ന അവസരത്തിൽ ആ ഇടം പ്രയോജനപ്പെടുത്തിയത് പ്രാദേശിക സന്നദ്ധ സംഘടനകളാണ്. ആ തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ സന്നദ്ധസംഘടനകൾക്ക് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയും. അതുൾക്കൊണ്ട് പ്രാദേശിക വികസനത്തിൽ പ്രത്യേകിച്ച് ക്ഷേമപ്ര

വർത്തന നിർവ്വഹണത്തിൽ സിവിൽ സമൂഹത്തിന്റെ പങ്ക് അംഗീകരിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തയ്യാറാകേണ്ടിയിരിക്കുന്നു.

### 4. വിഭവസമാഹരണം

മെച്ചപ്പെട്ട ക്ഷേമപ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവസമാഹരണ രീതികൾ അനിവാര്യമാണ്. ഒരു പ്രദേശത്ത് ലഭ്യമായ എല്ലാ വിഭവങ്ങളേയും സാമൂഹിക പിൻബലത്തോടുകൂടി ഏകീകരിക്കേണ്ടതായിട്ടുണ്ട്. തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ (സുസ്ഥിര വികസനം) ധന ഏകീകരണ മാർഗ്ഗങ്ങളും ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റേയും തൃശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെയും അധിക വിഭവസമാഹരണ മാർഗ്ഗങ്ങളും അനുകരണീയ മാതൃകകളാണ്.

### 5. ദുരിതാശ്വാസനിധി

ക്ഷേമപ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് ദുരിതം അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ വികസനത്തിന്, സ്ഥിരം സംവിധാനമെന്ന നിലയിൽ പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. സന്നദ്ധ സംഘടനകൾ, വ്യാപാരികൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, സദ്പ്രവൃത്തികളിൽ താല്പര്യമുള്ള വ്യക്തികൾ എന്നിവരിൽ നിന്ന് ഇതിനായി ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

### ബജറ്റ് തത്ത്വങ്ങൾ

പഞ്ചായത്തിന്റെ ബജറ്റ് സംബന്ധിച്ച നടപടിക്രമങ്ങൾ കേരള പഞ്ചായത്തീ രാജ് നിയമത്തിന്റെ 214-ാം വകുപ്പിലാണ് നിർദ്ദേശിച്ചിട്ടുള്ളത്.

അതുപ്രകാരം ബജറ്റ് സംബന്ധിച്ച നടപടികൾ താഴെ പറയുന്ന രീതിയിലാണ്.

- സെക്രട്ടറി, ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർ തയ്യാറാക്കി ലഭ്യമാക്കുന്ന ബജറ്റ് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ച് വികസനകാര്യ ക്ഷേമകാര്യ സ്റ്റാൻഡിംഗ്

കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ഡിസംബർ മാസത്തിനുള്ളിൽ തയ്യാറാക്കണം.

- ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ജനുവരി 15നകം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകണം.

കേരള പഞ്ചായത്തീ രാജ് നിർദ്ദേശിച്ചിട്ടുള്ളതും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമായതുമായ സുപ്രധാന ബജറ്റ് തത്ത്വങ്ങൾ താഴെ ചേർക്കുന്നു. ബജറ്റ് തയ്യാറാക്കുന്നത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയാണെങ്കിലും മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുമ്പോൾ യാഥാർത്ഥ്യബോധം കാണിക്കേണ്ടതുണ്ട്.

- മിച്ചം കാണിക്കുന്നതായിരിക്കണം ബജറ്റ്. പഞ്ചായത്തിന്റെ/നഗരസഭയുടെ പ്രതീക്ഷിത റവന്യൂ വരുമാനത്തിന്റെ അഞ്ചുശതമാനത്തിൽ കുറവായിരിക്കരുത് ഈ മിച്ചം. (ഋണശീർഷ കണക്ക്, സർക്കാർ ഗ്രാന്റുകൾ, വായ്പകൾ എന്നിവ റവന്യൂ വരുമാനമായി കണക്കാക്കാൻ പാടില്ല).
- ബജറ്റിൽ നിർദ്ദേശിക്കാത്ത ഒരിനത്തിനുവേണ്ടിയും ചെലവ് ചെയ്യരുത്.
- ഏതെങ്കിലും ഇനത്തിന് ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ കൂടുതൽ ചെലവ് ചെയ്യരുത്.
- പാസ്സാക്കിയ ബജറ്റിൽനിന്ന് വ്യത്യസ്തമായ രീതിയിൽ ചെലവു ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നുവെങ്കിൽ അപ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുകയും പഞ്ചായത്ത് അംഗീകരിക്കുകയും വേണം.
- ഒഴിവാക്കാനാകാത്ത അടിയന്തിര സാഹചര്യത്തിൽ (ഉദാ:- പ്രകൃതി ക്ഷോഭം) ബജറ്റിൽ ഉൾപ്പെടുത്താത്ത തുക ചെലവ് ചെയ്യാം. അടുത്ത യോഗത്തിൽ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് ചെലവ് ക്രമീകരിക്കണം.
- കൊടുത്തു തീർക്കേണ്ട എല്ലാ തുകകളും ബജറ്റിൽ വകയിരുത്തണം.
- ബജറ്റ് പാസ്സാക്കിതിരുന്നാൽ ഏപ്രിൽ ഒന്നുമുതൽ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് ഒരു തുകയും ചെലവ് ചെയ്യാൻ പാടില്ല.

## ബജറ്റ് നിയന്ത്രണം

ബജറ്റിൽ പ്രതീക്ഷിച്ച ഓരോ വരവും പൂർണ്ണമായി സമാഹരിക്കണം. ബജറ്റിൽ ഉൾപ്പെടുത്തിയ തുകകളിൽ ചെലവ് നിയന്ത്രിച്ചു നിർത്തുന്നതിനെയാണ് ബജറ്റ് നിയന്ത്രണം എന്ന് ഉദ്ദേശിക്കുന്നത്.

വർഷം ആരംഭിക്കുന്നതിന് മുമ്പ് പദ്ധതി രൂപീകരണം സാധ്യമാകാതെയും അതുകാരണം ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ആവശ്യമായ രീതിയിൽ പദ്ധതിച്ചെലവ് വകയിരുത്താൻ കഴിയാതെയും വരുന്ന സാഹചര്യം കഴിഞ്ഞ വർഷങ്ങളിലെല്ലാം നേരിടേണ്ടി വന്നതാണ്. ചെലവ് ചെയ്യുന്ന ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും ചെലവിനാവശ്യമായ പണം ഉണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ചെലവ് ചെയ്യുന്നതാണ് ബജറ്റ് നിയന്ത്രണം. ഇപ്രകാരമുള്ള നിയന്ത്രണം ഉറപ്പുവരുത്തണമെങ്കിൽ വാർഷിക പദ്ധതി അംഗീകാരം ലഭിച്ച ഉടനെ സപ്ലിമെന്ററി അല്ലെങ്കിൽ പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന പദ്ധതിച്ചെലവുകൾ ബജറ്റിൽ ഉൾപ്പെടുത്തണം. അതായത്, പദ്ധതിച്ചെലവുകൾ നിർവഹിക്കാൻ ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനം പാസ്സാക്കിയ ബജറ്റിൽ തുക ഉണ്ടായിരിക്കുകയും വേണം എന്നർത്ഥം.

പഞ്ചായത്തിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള സുപ്രധാന രേഖയാണ് ബജറ്റ്. ആ രീതിയിൽ ബജറ്റിനെ കണക്കാക്കി, ബജറ്റിൽ നിർദ്ദേശിച്ച തുകകളിൽ ചെലവ് നിയന്ത്രിച്ച് നിർത്തേണ്ടതാണ്.

## ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1 പഞ്ചായത്തിന്റെ സുപ്രധാന രേഖയാണ് ബജറ്റ്. ഈ ബോധ്യത്തോടെ വേണം ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കാൻ. ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനു മുമ്പായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ലഭ്യമാക്കാൻ കഴിയുന്ന എല്ലാ വിഭവസ്രോതസ്സുകളും കണക്കിലെടുത്ത് ക്ഷേമപദ്ധതിക്ക് രൂപം നൽകുകയും അതിൽ വിഭവ വകയിരുത്തലുകളെ സംബന്ധിച്ചും വിഭവ സ്രോതസ്സുകളെ സംബന്ധിച്ചും വ്യക്തമാക്കപ്പെടുകയും വേണം. (ക്ഷേമ

പദ്ധതി ആസൂത്രണ രൂപരേഖ തയ്യാറാക്കുന്നതിനുള്ള മാതൃകാ ഫോറം ചുവടെ കൊടുത്തിട്ടുണ്ട്.)

- ഡിസംബർ 31-ന് മുമ്പുതന്നെ സെക്രട്ടറിയുമായും ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ബജറ്റ് ചർച്ചകൾ ഔപചാരികമായിത്തന്നെ നടത്തണം. ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ തന്നെ എഴുതി സമർപ്പിക്കണം.
- സാമ്പത്തിക സ്രോതസ്സുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കണ്ടെത്തുമെന്ന ധാരണയോടെ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുന്നത് കൂട്ടുത്തരവാദിത്വത്തിന് യോജിക്കുന്നതല്ല. അതുകൊണ്ട്തന്നെ ക്രേന്ദ-സംസ്ഥാന സ്രോതസ്സുകളും പ്രാദേശിക വിഭവസമാഹരണവും ഉൾപ്പെടെയുള്ള ധനാഗമ മാർഗ്ഗങ്ങൾകൂടി സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശിക്കേണ്ടതുണ്ട്.

**വിഭവ സ്രോതസ്സുകൾ**

താഴെ പറയുന്ന വിഭവസ്രോതസ്സുകൾ പരിഗണിക്കാവുന്നതാണ്.

- വികസന ഫണ്ട്
- മെയിന്റനൻസ് ഫണ്ട്
- തനത് ഫണ്ട്
- കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം
- സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം
- വായ്പകൾ
- ഗുണഭോക്തൃവിഹിതം
- സന്നദ്ധസേവനം/സംഭാവന
- മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം
- സദ്പ്രവൃത്തികളിൽ താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള സഹായം
- സന്നദ്ധ സംഘടനകളിൽ നിന്നുമുള്ള സഹായം

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

| വികസന മേഖല | ഇടപെടൽ സാദ്ധ്യതകൾ | മെച്ചപ്പെടുത്തേണ്ടതായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (ഉപമേഖലാതലത്തിൽ) | ആവശ്യമായ തുക | സഹകരിക്കാവുന്ന സംഘടനകൾ/സ്ഥാപനങ്ങൾ - പ്രവർത്തനങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | സന്നദ്ധ സംഘടന | പ്രവർത്തനം | ക്ലബ്ബ് | പ്രവർത്തനം | സ്വകാര്യ ആശുപത്രി | പ്രവർത്തനം | മറ്റു സംഘടനകൾ | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |